2016 മെയ് 10 വാല്യം 09 ലക്കം 09

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# ഐ. പി. സി. തിരഞ്ഞെടുപ്പ് മാമാങ്കം കഴിഞ്ഞു വോട്ടെണ്ണൽ മെയ് 10ന്

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ അടുത്ത മൂന്ന് വർഷത്തേയ്ക്കുള്ള ഭരണകർത്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയ സമാപിച്ചു. ചരിത്രത്തിൽ ആദ്യമായി മണ്ഡലം തിരിച്ചുള്ള തിരഞ്ഞെടുപ്പിനാണ് ഐ. പി. സി. സാക്ഷ്യം വഹിച്ചത്. പാസ്റ്റർ ഫിലിപ്പ് പി. തോമസും പാസ്റ്റർ എം. പി. ജോർജ്ജുകുട്ടിയും നയിക്കുന്ന പാനലും പാസ്റ്റർ കെ. സി. തോമസും പാസ്റ്റർ ഷിബു നെടുവേലിയും നയിക്കുന്ന പാനലും തമ്മിലായിരുന്നു പ്രധാന മത്സരം. ഇരുപാനലിലും ഉൾപ്പെടാതെ നിന്നവരും ഉണ്ട്.

ഏപ്രിൽ 30ന് കുമ്പനാട് ഹെബ്രോൻ ചാപ്പലിൽ രാവിലെ 9ന് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് റിപ്പോർട്ടും സണ്ണി മുളമൂട്ടിൽ കണക്കും അവതരിപ്പിച്ചു. 10ന് പത്തനംതിട്ട മണ്ഡലം തിരഞ്ഞെടുപ്പ് ആരംഭിച്ചു. 3ന് തിരഞ്ഞെടുപ്പ് സമാപിച്ചു. മെയ് 2ന് കൊല്ലം മണ്ഡലം തിരഞ്ഞെടുപ്പ് കൊട്ടാരക്കര ബേർശേബ ഹാളിൽ 10 മുതൽ 3 വരെ നടന്നു. മെയ് 3-ന് കോട്ടയം മണ്ഡലം തിരഞ്ഞെടുപ്പ് മാങ്ങാനം തിയോളജിക്കൽ സെമിനാരിയിൽ നടന്നു. 4-ന് തിരുവനന്തപുരം മണ്ഡലം തിരഞ്ഞെടുപ്പ് വെള്ളയമ്പലം പഞ്ചായത്ത് ഹാളിലും, ആലപ്പുഴ മണ്ഡലം തിരഞ്ഞെടുപ്പ് മാവേലിക്കര ഐ. ഇ. എം ആഡിറ്റോറിയത്തിൽ നടന്നു. 5-ന് ഇടുക്കി മണ്ഡലം തിരഞ്ഞെടുപ്പ് കട്ടപ്പന ടൗൺഹാളിലും എറണാകുളം മണ്ഡലം തിരഞ്ഞെടുപ്പ് കീഴില്ലം പെനിയേൽ സെമിനാരിയിലും നടന്നു. 6-ന് മലപ്പുറം മണ്ഡലം തിരഞ്ഞെടുപ്പ് പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജിലും വടക്കേ മലബാർ (കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) മണ്ഡലം തിരഞ്ഞെടുപ്പ് കോഴിക്കോട് പുതിയറ ചർച്ച് ഓഫ് ഗോഡ് ഹാളിലും നടന്നു. 7-ന് തൃശൂർ മണ്ഡലം തിരഞ്ഞെടുപ്പ് തൃശൂർ നെല്ലിക്കുന്ന് ഐ.പി.സി ഹാളിലും പാലക്കാട് ടൗൺ ഹാളിലും നടന്നു.

വോട്ടെണ്ണൽ മെയ് 10-ന് കുമ്പനാട് ഹെബ്രോൻ പുരത്ത് നടക്കും. ശരാശരി 86% വോട്ട് പോൾ ചെയ്തു. ബ്രദർ ജോൺ തോമസ്(ഇലക്ഷൻ കൺവീനർ), പ്രൊഫ. എം. മാത്യു എബ്രഹാം, സഹോദരന്മാരായ റ്റി. സി. മാത്യു, വി.എം. പീറ്റർ എന്നിവർ റിട്ടേണിംഗ് ഓഫീസർമാരായും പ്രവർത്തിച്ചു.

പാസ്റ്റർ കെ. സി. തോമസ് (പ്രസിഡന്റ്), പാസ്റ്റർ രാജു പൂവക്കാല (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഷിബു നെടുവേലിൽ (സെക്രട്ടറി), ബ്രദർ മോനി കരിക്കം (ജോയിന്റ് സെക്രട്ടറി), ജോയി താനവേലിൽ (ട്രഷറാർ) എന്നിവരുടെ പാനൽ ഔദ്യോഗിക ടീം എന്ന പേരിൽ ക്രമീകൃതമായ പ്രവർത്തനം കാഴ്ചവെച്ചു. കേരളത്തിൽ വോട്ടുള്ള മിക്ക സഭകളിലും ഈ ടീമിന് അവരുടെ സാന്നിധ്യം അറിയിക്കുവാൻ കഴിഞ്ഞു.

പാസ്റ്റർ ഫിലിപ്പ് പി. തോമസ് (പ്രസിഡന്റ്), പാസ്റ്റർ എബ്രഹാം ജോർജ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ എം. പി ജോർജ്കുട്ടി (സെക്രട്ടറി), പാസ്റ്റർ സാം ദാനിയേൽ (ജോയിന്റ് സെക്രട്ടറി), എൽ. കെ. റോയി (ജോയിന്റ് സെക്രട്ടറി). ബ്രദർ സണ്ണി മുളമൂട്ടിൽ (ട്രഷറാർ) എന്നിവരുടെ പാനലും ശക്തമായ പ്രവർത്തനങ്ങളാണ് നടത്തിയത്. വോട്ടെണ്ണൽ തുടങ്ങുമ്പോൾ ഇരുപാനലും വിജയം അവകാശപ്പെടുന്നു. ഈ പത്രം നിങ്ങളുടെ കൈകളിൽ എത്തുമ്പോഴെക്കും അന്തിമ തീരുമാനം ഉണ്ടായിരിക്കും

ഇതിനിടയിൽ തെരഞ്ഞെടുപ്പ് ഫലം തടയണമെന്ന് ആവശ്യമുന്നയിച്ച് ചിലർ കോടതിയെ സമീപിച്ചതായും അറിയുന്നു.

# ഐ.പി.സി യു.എ.ഇ റീജിയന് പുതിയ ഭാരവാഹികൾ

## പാസ്റ്റർ ഗർസിം പി. ജോൺ (പ്രസിഡന്റ്)


പാസ്റ്റർ ഗർസിം പി. ജോൺ


പാസ്റ്റർ ഷിബു വർഗീസ്


ബ്രദർ വർഗീസ് ജേക്കബ്

**ഷാർജ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ യു.എ.ഇ റീജിയന്റെ ജനറൽ ബോഡി വരുന്ന മൂന്നുവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തു. പാസ്റ്റർ ജി ഗീവർഗ്ഗീസ് (രക്ഷാധികാരി), പാസ്റ്റർ ഗർസിം പി. ജോൺ (പ്രസിഡന്റ്), പാസ്റ്റർ രാജൻ ഏബ്രഹാം (വൈസ്പ്രസിഡന്റ്), പാസ്റ്റർഷിബു വർഗീസ് (സെക്രട്ടറി), പാസ്റ്റർ ഷൈനോജ് നൈനാൻ (ജോ. സെക്രട്ടറി), ബ്രദർ വർഗീസ് ജേക്കബ് (ട്രഷറാർ), ബ്രദർ റെനു അലക്സ് (ജോ. ട്രഷറാർ), ബ്രദർ നൂൺ കുരുവിള (ജനറൽ കൗൺസിൽ മെമ്പർ), ബ്രദർ വിനോദ് ഏബ്രഹാം (ഓഡിറ്റർ). ഐ.പി.സി ഷാർജാ വർഷിപ്പ് സെന്ററിൽ വെച്ചായിരുന്നു തെരഞ്ഞെടുപ്പ് നടന്നത്.

09

# പി.സി.നാക്ക് ആരാധന നയിക്കാൻ ഹിൽസോംഗ്



**ഡാളസ്:** ഡാളസ് പട്ടണത്തിൽ ജൂലൈ ആദ്യം നടക്കുന്ന 34-ാമത് നോർത്തമേരിക്കൻ മലയാളി കോൺഫറൻസിൽ സംഗീതമാലപിക്കുവാൻ ഹിൽസോംഗ് എത്തുന്നു. ആരാധന സംഗീതത്തിലെ ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ബാന്റാണ് ഹിൽസോംഗ്. ഇതാദ്യമായാണ് ഒരു മലയാളി വേദിയിൽ ഹിൽസോംഗ് എത്തുന്നത്. ഹിൽസോങ്ങിന്റെ സാന്നിധ്യം പിസിനാക്ക് കോൺഫറൻസിനെ വ്യത്യസ്തമാക്കി മാറ്റുമെന്ന് ഉറപ്പായിക്കഴിഞ്ഞു. 'എ നൈറ്റ് ഓഫ് വർഷിപ്പ് വിത്ത് ഹിൽ സോംഗ്' എന്ന പേരിൽ പ്രത്യേക പ്രോഗ്രാമായി ക്രമീകരിച്ചിട്ടുള്ളതായി നാഷണൽ സെക്രട്ടറി ടിജു തോമസും കൺവീനർ റവ. ഷാജി കെ. ദാനിയേലും പറഞ്ഞു.

# പി.സി.എൻ.എ.കെ നാഷണൽ ക്വയർ രൂപീകരിക്കുന്നു

## ജോൺസ് പി. മാത്യൂസ്, നാഷണൽ പബ്ലിസിറ്റി കോർഡിനേറ്റർ

**ഡാളസ്:** ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിൽ വെച്ച് നടക്കുന്ന മലയാളി പെന്തക്കോസ്തൽ കോൺഫറൻസിൽ ആരാധന ഗാനങ്ങൾ ആലപിക്കുന്നതിനായി അമേരിക്കയിലെ എല്ലാ സ്റ്റേറ്റിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന ഗായകരെ ഉൾക്കൊള്ളിച്ചു കൊണ്ട് പിസിനാക്ക് നാഷണൽ ക്വയർ രൂപികരിക്കുന്നതിനുള്ള ദൗത്യത്തിന് തുടക്കം കുറിച്ചതായി നാഷണൽ കൺവീനർ പാസ്റ്റർ ഷാജി കെ.ഡാനിയേൽ, നാഷണൽ സെക്രട്ടറി ബ്രദർ റ്റിജു തോമസ് എന്നിവർ അറിയിച്ചു. കൂടാതെ ലോക്കൽ ടീമിന്റെ ചുമതലയിൽ ഡാളസ് പട്ടണത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഗായകസംഘം ഇവരോടൊപ്പം അണിനിരക്കും. കഴിവുള്ള ഗയകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ സ്റ്റേറ്റിൽ നിന്നുമുള്ള യുവജനങ്ങൾക്ക് തുല്യ പ്രാധാന്യം നൽകി രൂപീകരിക്കുന്ന പിസിനാക്ക് ക്വയർ എന്ന ഈ മെഗാ സംഗീത ഗ്രൂപ്പ് കോൺഫറൻസിന്റെ ചരിത്രത്തിൽ ആദ്യത്തേതാണ്. തീം സോങ്ങ് ഉൾപ്പെടെ കോൺഫറൻസിനു വേണ്ടി ചിട്ടപ്പെടുത്തിയ പുതിയ ഗാനങ്ങൾക്ക് പ്രാമുഖ്യം നൽകി വേദിയിൽ ആലപിക്കും. കൂടുതൽ വിവരങ്ങൾക്ക്: 215-380-3013, 972-481-8924

## സാക്ഷി



പെരുമ്പാവൂരിൽ പെൺകുട്ടിയെ പീഡിപ്പിച്ച് ദാരുണമായി കൊല ചെയ്തു - വാർത്ത

*സാംസ്കാരിക കേരളം ലജ്ജിച്ചു തലതാഴ്ത്തട്ടെ.*

# ഐ.പി.സി. ഫാമിലി കോൺഫറൻസ് ജൂലൈ 28 മുതൽ സൗത്ത് ഫ്ളോറിഡായിൽ


റവ. ജോൺ തോമസ്


ബ്രദർ ജോസ് സാമുവേൽ


ബ്രദർ സാം വർഗ്ഗീസ്


ബ്രദർ സാം മാത്യു

**ഫ്ളോറിഡ:** ജൂലൈ 28-31 വരെ ഫോർട്ട് ലോർഡെയിൽ മാരിയോട്ട് കോറൽ സ്പ്രിംഗ്സ് കൺവൻഷൻ സെന്ററിൽ നടക്കുന്ന 14-ാമത് ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി സെക്രട്ടറി ജോസ് സാമുവേൽ അറിയിച്ചു.

പ്രശസ്തരായ ദൈവദാസന്മാരും ഗായകരും കോൺഫറൻസിൽ ശുശ്രൂഷിക്കും. കോൺഫറൻസ് ഹാളിനടുത്ത് തന്നെ താമസ സൗകര്യവും ഭക്ഷണവും ക്രമീകരിച്ചിരിക്കുന്നു. ഇതിനോടകം തന്നെ അമേരിക്കയുടെ വിവിധ പട്ടണങ്ങളിൽ പ്രമോഷണൽ മീറ്റിംഗ് നടന്നു കഴിഞ്ഞു.

സാമ്പത്തിക സഹായങ്ങളും പരസ്യങ്ങളും നൽകുകയും രജിസ്ട്രേഷൻ എടുക്കുകയും ചെയ്ത ശുശ്രൂഷകന്മാർ, വിശ്വാസികൾ എന്നിവരോട് നന്ദി അറിയിക്കുന്നതോടൊപ്പം തന്നെ ഇനിയും പരസ്യങ്ങൾ നൽകുവാനും റജിസ്ട്രേഷൻ എടുക്കുവാനും താൽപര്യമുള്ളവർ എത്രയും വേഗം എടുക്കണമെന്ന് നാഷണൽ ട്രഷറർ സാം വർഗ്ഗീസ് അറിയിച്ചു.

റവ. ജോൺ തോമസ്, ബ്രദർ ജോസ് സാമുവേൽ, ബ്രദർ സാം വർഗ്ഗീസ്, ബ്രദർ സാം മാത്യു എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടക്കുന്നു.

കൂടുതൽവിവരങ്ങൾക്കും ഓൺ ലൈൻ രജിസ്ട്രേഷനും: www.ipcfamilyconference.org

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# കാന്തൻ വരാറായി



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ട് ധാരാളം വാക്യശകലങ്ങൾ വിശുദ്ധ തിരുവെഴുത്തിലുണ്ടല്ലോ. സാധാരണയായി നാം ന്യായവിധിയുമായി ബന്ധപ്പെട്ട് കേൾക്കുന്ന വാക്യമാണല്ലോ തീച്ചൂളപോലെ കത്തുന്ന ഒരു ദിവസം വരുന്നു എന്നത്. ഇന്ന് ഭാരതമെമ്പാടും അത്യുഷ്ണത്താൽ വലയുകയാണ്. കേരളജനതയും അത്യുഷ്ണത്തിന്റെ പിടിയിലാണല്ലോ. ഒരിറ്റ് ദാഹജലത്തിനുവേണ്ടി അലയുന്ന ജനതയുടെ കഥ മഹാരാഷ്ട്രയിൽ നിന്ന് ദിനംതോറും നാം കേട്ടുകൊണ്ടിരിക്കുകയാണ്. മഹാരാഷ്ട്രയിലെ ഗ്രാമങ്ങളിൽ നിന്നും ദാഹജലം കിട്ടാതെ പലായനം ചെയ്യുന്ന ആയിരങ്ങളുടെ കരളലിയിക്കുന്ന കഥയും നമുക്ക് നിറകണ്ണുകളോടെ മാത്രമേ വായിക്കുവാൻ കഴിയൂ.

തെക്ക് മുതൽ വടക്ക് വരെയും കിഴക്ക് മുതൽ പടിഞ്ഞാറ് വരെയും നദികളാൽ സമ്പന്നമാണ് എന്ന ഗർവ്വോടെ തലയുയർത്തി നിന്നിരുന്ന കേരളത്തിൽ ഇന്ന് കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ നെട്ടോട്ടം ഓടുകയാണ്. കുന്നുകൾ ഇടിച്ചുനിരത്തിയും വനം വെട്ടിതെളിച്ചും പാടങ്ങൾ മണ്ണിട്ട് ഉയർത്തിയും പ്രകൃതിയോട് പാതകം ചെയ്തവർ തിരിച്ചടി നേരിടുകയാണ്. മണൽ ഊറ്റി നദിയുടെ അസ്ഥിവാരം തോണ്ടിയവർ ഒരു നാടിനെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിട്ടു. ജലസമൃദ്ധിയാൽ സമ്പന്നമായിരുന്ന മഹാരാഷ്ട്രയുടെ ഗ്രാമങ്ങൾ ഇന്ന് മരുഭൂമി സമാനമായി മാറിക്കഴിഞ്ഞു. ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥയ്ക്കപ്പുറം എല്ലാം പിടിച്ചടക്കുവാനും വെട്ടിപ്പിടിക്കുവാനുമുള്ള ത്വര മനുഷ്യനെ ആപത്തിലേക്ക് നയിച്ചിരിക്കുന്നു.

മനുഷ്യ വർഗ്ഗത്തിന്റെ മാത്രമല്ല പ്രകൃതിയുടെ നിലനിൽപ്പ് തന്നെ താളം തെറ്റുകയാണ്. ക്രമം തെറ്റുന്ന കാലാവസ്ഥയും കാലം തെറ്റി പെയ്യുന്ന മഴയും മഞ്ഞുമൊക്കെ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഭ്രംശം വരുത്തികഴിഞ്ഞു. അത്യുഷ്ണവും അതിശൈത്യവും ഇന്ന് സർവ്വസാധാരണമായി കഴിഞ്ഞു. തമിഴ്നാട്ടിലെ വരണ്ട കാലാവസ്ഥയും ഉഷ്ണകാറ്റും കടന്നുകയറാതെ അതിരിൽ കോട്ട കെട്ടി കാത്തിരുന്ന മലകളെ ഇടിച്ചുനിരത്തി കൊട്ടാരം പണിതവർ അറിയാതെ അവിടുത്തെ കാലാവസ്ഥയും കേരളത്തിലേക്ക് കടക്കുവാൻ കാരണക്കാരായി. പ്രകൃതിയും മാറ്റത്തിന് വിധേയമായി കഴിഞ്ഞു. ഒരു കാലത്ത് വൃക്ഷലതാദികളാൽ സമൃദ്ധവും ജലസമ്പത്തിനാൽ നിറഞ്ഞ് കവിഞ്ഞിരുന്ന നദികളും ഫലഭൂയിഷ്ടമാക്കിയിരുന്ന ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ പല രാജ്യങ്ങളും ഇന്ന് മരുഭൂമിയായി മാറിക്കഴിഞ്ഞു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യന്റെ ആർത്തിയുടെ പരിണിതഫലം പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യൻ വിതച്ചത് കൊയ്യുമ്പോൾ വിശുദ്ധ തിരുവെഴുത്ത് പറയുന്ന കാര്യങ്ങളുടെ നിവർത്തി കൂടിയാണ് ഇന്ന് സംഭവിക്കുന്നത്. മത്തായി 24, ലൂക്കോസ് 21 അദ്ധ്യായങ്ങളിൽ കർത്താവായ യേശുക്രിസ്തു തന്നെ തന്റെ മടങ്ങിവരവിന്റെ ലക്ഷണങ്ങളെക്കുറിച്ചുള്ള സൂചന നൽകിയിട്ടുണ്ടല്ലോ. പ്രകൃതിയിൽ, ലോകജാതികളിൽ, ലോകരാഷ്ട്രങ്ങളിൽ, കുടുംബങ്ങളിൽ, സഭയിൽ, വ്യക്തികളിൽ എല്ലാം തന്റെ വരവുമായി ബന്ധപ്പെട്ട അടയാളങ്ങൾ ഇന്ന് വ്യക്തമായി കാണുവാൻ കഴിയും. മനുഷ്യൻ സ്വസ്നേഹികളും ഉഗ്രന്മാരും വമ്പ് പറയുന്നവരുമായി മാറിക്കഴിഞ്ഞു. ഇണങ്ങാത്തവരും വാത്സല്യമില്ലാത്തവരുമായ ഒരു തലമുറ ഇവിടെ അരങ്ങുവാഴുന്നു.

യേശുക്രിസ്തുവിന്റെ സ്വന്ത രക്തത്താൽ വീണ്ടെടുപ്പ് പ്രാപിച്ചു എന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽ പോലും അധികാര കസേരയ്ക്കുവേണ്ടിയുള്ള വടംവലികളാണ്. ഭിന്നതയും പരസ്പര പോരാട്ടവും വിശ്വാസികളുടെ ഇടയിൽ സർവ്വസാധാരണമായി കഴിഞ്ഞു. താഴ്മ ധരിക്കുവാനും മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാനും മാതൃക കാട്ടുകയും കല്പിക്കുകയും ചെയ്ത യേശുവിന്റെ അനുയായികൾ ഇന്ന് അഹങ്കാരികളും ശുശ്രൂഷ അനുഭവിക്കുവാൻ മാത്രം ആഗ്രഹിക്കുന്നവരായി മാറികഴിഞ്ഞു. പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു എന്ന് അഭിമാനിക്കുന്ന പെന്തെക്കോസ്തരുടെ ഇടയിൽ നടക്കുന്ന അത്ര അനാത്മീയത മറ്റ് സമുദായക്കാരുടെ ഇടയിൽപോലും ഇല്ലായെന്നതാണ് യാഥാർത്ഥ്യം. മദ്യപാനവും വെറിക്കൂത്തുകളും ഗുണ്ടായിസവും മാഫിയ ബന്ധങ്ങളും പോലീസ് കേസുകളുമൊക്കെ വിശ്വാസികളുടെയും ശുശ്രൂഷകരുടെയും ഇടയിൽ സർവ്വസാധാരണമായ കാര്യമായി. ഒരു കാലത്ത് ആഴമായ പാപബോധവും മാനസാന്തരവും പെന്തെക്കോസ്തുകാരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നെങ്കിൽ ഇന്ന് കല്ലായ ഹൃദയവുമായി അവർ തങ്ങളുടെ ചെയ്തികളിൽ രസിച്ച് മുന്നേറുകയാണ്.

പ്രകൃതിയും ദൈവത്തിന്റെ മറ്റ് സൃഷ്ടികളുമെല്ലാം വചനം പറയും പോലെ കർത്താവിന്റെ വരവിനായി ഒരുങ്ങികഴിഞ്ഞു. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം ഇനി എന്ന് ഒരുങ്ങും. “കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനെന്റെ പുൽതൊട്ടിയും അറിയുന്നു എന്നാൽ എന്റെ ജനം എന്നെ അറിയുന്നില്ല” (യെശയ്യാവ് 1: 3).

**യുവജന പംക്തി**

# തുച്ഛീകരിക്കപ്പെടാത്ത യൗവനം



**ബിനു ജോസഫ്**
**വടശ്ശേരിക്കര**

വിശുദ്ധ പൗലോസ് തിമൊഥൊസിനെ ഓർപ്പിക്കുന്നു: “ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്; വാക്കിലും പ്രവർത്തിയിലും നടപ്പിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃക ആയിരിക്കുക”(1തിമൊ:4:12).

മഹാനായ ശലോമോൻ ഓർപ്പിക്കുന്നു; “നിന്റെ യൗവനശക്തി അന്യർക്കും നിന്റെ ആണ്ടുകൾ ക്രൂരനും കൊടുക്കരുത്”(സദൃ:5:9). യുവത്വത്തെ പറ്റി ബൈബിളിൽ പല പ്രതിപാദ്യങ്ങൾ ഉണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ട രണ്ട് വാക്യങ്ങളാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. ആദ്യ വാക്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ നമ്മെ ഓർപ്പിക്കുമ്പോൾ പ്രധാനപ്പെട്ട ചില അരുതുകൾ ശലോമോൻ നമുക്ക് നൽകുന്നു.

**ആരാണ് ഈ അന്യർ**

ഇംഗ്ലീഷിൽ പറഞ്ഞിരിക്കുന്നത് “Lest thou give thine honour unto others, and thy years unto the cruel" നിന്റെ മാനം മറ്റുള്ളവർക്ക് ഇട്ടു കൊടുക്കരുത്

യൗവനകാലത്തിലെ ആരോഗ്യവും, മാനവും, ബലവും, അച്ചന്മാർക്ക് നൽകരുത് എന്ന് ചുരുക്കം. പലരും ദൈവം നൽകിയ ആരോഗ്യം, അവസരം, ബഹുമാനം ഇവയെ വിലകുറഞ്ഞ പലതിനുമായി നഷ്ടപ്പെടുത്തി കളയുന്നവരാണ്. നമ്മുടെ ആരോഗ്യം അഭിമാനവും ദുർവിനിയോഗപ്പെടുത്തുന്നവർ അന്യരാണ്. നമ്മുടെ ശക്തി, മാനം, ആരോഗ്യം ഇവ പ്രയോജനപ്പെടുത്തേണ്ടത്;

1. നമ്മുടെ വീടുകളിൽ(Our Home)
2. നമ്മുടെ സമൂഹത്തിൽ(Our Society)
3. ദൈവരാജ്യ കെട്ടുപണിക്കായി(for the kingdom of god)

ഇന്ന് പലരുടെയും ആരോഗ്യം രാഷ്ട്രീയ പാർട്ടികളും പ്രത്യയശാസ്ത്രങ്ങൾക്കും വേണ്ടി ചിലവിടുകയാണ് ആത്മീകർ എന്ന് അഭിമാനിക്കുന്ന പലരും രാഷ്ട്രീയത്തിനും ഗുണ്ടായിസത്തിനും ഇറങ്ങിതിരിക്കുന്ന കാഴ്ച ദുഃഖകരമാണ്.

**വീടുകളിൽ**

നിങ്ങളുടെ മാന്യത നിലനിർത്തേണ്ട ആദ്യ സ്ഥലം നിങ്ങളുടെ വീടുകളാണ്. മാതാപിതാക്കളെ ബഹുമാനിക്കുവാനും ആദരിക്കുവാനുമുള്ള മനസ്സാണ് പ്രധാനം. വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്ന പലർക്കുപം ‘വിവരം’ എന്ന് മൂന്നക്ഷരം ഇല്ലെന്നതാണ് വാസ്തവം. വീടുകളിൽ മാതാപിതാക്കളെ അപമാനിക്കുന്നവരും കൂടുതലാണ്. (സദൃ:5 അദ്ധ്യായം ശ്രദ്ധയോടെ പഠിക്കേണ്ട ഒന്നാണ്).

ഭാരതീയ കാഴ്ചയിൽ മാതാപിതാക്കൾ കാണപ്പെട്ട ദൈവങ്ങളാണ്. യുവതലമുറ മാതാപിതാക്കൾക്ക് അനുഗ്രഹവുമുള്ളവരായി വളരണം.

**സമൂഹത്തിന്റെ വെളിച്ചം**

നന്മകൾ കൊണ്ട് സമൂഹത്തെ അലങ്കരിക്കുവാൻ യുവജനങ്ങൾ ശ്രദ്ധിക്കണം. ഭൂമിയുടെ വെളിച്ചമായും ഉപ്പായും തീരേണ്ടവരാണ് യുവജനങ്ങൾ. സമൂഹം തിന്മയിലേക്ക് നയിക്കപ്പെടുമ്പോൾ നോക്കി നെടുവീർപ്പിടാതെ ഒരു പുത്തൻ സമൂഹത്തെ വാർത്തെടുക്കുവാൻ നാം ഉത്സാഹിക്കണം. ക്രിസ്തുവിന്റെ വക്താക്കളായി നിൽക്കാൻ കഴിഞ്ഞാൽ എവിടെയും നാം ദൈവത്താൽ ഉയർത്തപ്പെടും.

ഒരു സമൂഹത്തിന്റെ മുഴുവൻ പണിക്കായി ഇറങ്ങിയവനാണ് നെഹമ്യാവും. സ്വന്തരാജ്യം, സംസ്ഥാനം, ചുറ്റുപ്പാടുകൾ ഇവയെപ്പറ്റിയുള്ള ഒരു ഉത്തരവാദിത്വം നാം പ്രാപിക്കണം. സമൂഹത്തിന്റെ സംരക്ഷകരാണ് നാം. “തോട്ടം കാക്കാവുവേലച്ചെയ്യാനുമായി ആദിമമനുഷ്യരായ ആദം ഹവ്വമാരെ ഏദനിൽ ആക്കിയപ്പോലെ നാം നമ്മുടെ സമൂഹത്തിന്റെ സംരക്ഷകരാണ്. തിന്മയ്ക്കെതിരെ – അസന്മാർഗികതയ്ക്ക് എതിരെ നാം യുദ്ധം പ്രഖ്യാപിക്കണം. അതിന്റെ തുടക്കം നന്നിൽ തന്നെയാണ്. നാം നന്നാകുകയാണ് സമൂഹം നന്നാക്കാനുള്ള ആദ്യത്തെപടി.

“ലോകം മുഴുവൻ നന്നാക്കാൻ ഞാൻ ഇറങ്ങി തിരിച്ചു... അപ്പോഴാണ് ബോധ്യപ്പെട്ടത് ലോകം മുഴുവൻ നന്നാക്കുവാൻ എനിക്ക് കഴിയില്ല, അപ്പോൾ പിന്നെ എന്റെ സമൂഹം നന്നാക്കാൻ ശ്രമം നടത്തി, ഞാൻ പരാജയപ്പെട്ടു. എങ്കിൽ എന്റെ വീടു നന്നാക്കാൻ പരിശ്രമം നടത്തി. പരാജയം തന്നെയായിരുന്നു ലഭിച്ചത്. പിന്നീടാണ് ഞാൻ ബോധവാനായത് എന്നെ തന്നെ നന്നാക്കാൻ ഉള്ള ശ്രമം ഞാൻ തുടങ്ങി... അപ്പോൾ വീടും സമൂഹവും നന്നാകുന്നത് ഞാൻ കണ്ടു തുടങ്ങി” എന്നത് ഒരു ചിന്തകന്റെ വരികളാണ്. “നാം നന്നായാൽ സമൂഹം നന്നാകും എന്നത് മറക്കരുത്”.

**ദൈവരാജ്യ കെട്ടുപണിക്കായി**

നമ്മുടെ പ്രധാന ദൗത്യം ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുകയാണ്. നമ്മുടെ കഴിവുകളും താലന്തും ദൈവരാജ്യകെട്ടുപണിക്കായി വിനിയോഗിക്കാൻ നമുക്ക് ഉത്സാഹിക്കാം. ചേരിതിരിഞ്ഞ് മത്സരങ്ങളും പിറുപിറുപ്പും, നേതൃത്വത്തിനായുള്ള മത്സരങ്ങളും എല്ലാം അരങ്ങേറുമ്പോൾ, എല്ലാവരും... ബഹുഭൂരിപക്ഷത്തോട് ചേർന്നപ്പോൾ ‘യോശുവ’ എന്ന ചെറുപ്പക്കാരൻ ദൈവത്തോടും ചേർന്ന് മടക്കുവാനും നേതൃത്വത്തിലുള്ളവർക്ക് വിധേയപ്പെടുവാനും തീരുമാനിച്ചു. അനന്തരഫലമോ ദൈവം യോശുവായെ മാന്യനായി ഉയർത്തി’(യോശുവ4:14).

യുവജനശക്തി സൃഷ്ടാവിനായി സമർപിക്കുവാൻ കഴിയുമെങ്കിൽ വിജയം ആരംഭിക്കുകയാണ്. ഒഴിക്കിനെതിരെ നീന്തുന്നവർക്കാണ് എപ്പോഴും വിജയം.... നമ്മുടെ ശക്തി, ആണ്ടുകൾ ഇവ അന്യന്മാർക്ക് പങ്കിടരുത്.

എനിക്കും പറയാനുണ്ട്

# മലയാളി ലജ്ജിച്ച് തലതാഴ്ത്തട്ടെ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ഇൻഡ്യയിലെ മറ്റ് സ്റ്റേറ്റുകളിൽ നടക്കുന്ന അതിക്രൂരമായ കൊലപാതകങ്ങളെക്കുറിച്ചുള്ള വാർത്ത നാം ഞെട്ടലോടെ വായിച്ചിട്ടുള്ളവരാണ്. ഡൽഹിയിൽ ഓടുന്ന ബസിൽ ഒരു പെൺകുട്ടി ക്രൂരമായ ബലാൽസംഗത്തിന് ഇരയാകുകയും അതിദാരുണമായി കൊലചെയ്യപ്പെടുകയും ചെയ്തപ്പോൾ നമ്മുടെ സാംസ്കാരിക നായകരും ഫെമിനിസ്റ്റുകളും ഫെയ്സ്ബുക്ക്/വാട്ട്സ് ആപ്പ് തൊഴിലാളികളും ഒഴുക്കിയ കണ്ണീരിന് അറുതിയില്ലായിരുന്നു. ഇവിടുത്തെ ദൃശ്യ മാധ്യമങ്ങൾ എത്രയോ രാത്രികൾ ഈ വിഷയത്തിൽ വിദഗ്ധരുടെ ചർച്ചകൾ സംഘടിപ്പിച്ച് കാഴ്ചക്കാരുടെ ദുർബല ഹൃദയങ്ങളെ കീഴ്പ്പെടുത്തി. രാഷ്ട്രീയക്കാർ ഇതിന്റെ പേരിൽ എന്തൊക്കെ വാചക കസർത്തുകൾ നടത്തി. എന്നാൽ ഇതെല്ലാം മുതലക്കണ്ണീരും പുറംപൂച്ചുകളും മാത്രമായിരുന്നെന്ന് ഇന്ന് തെളിഞ്ഞിരിക്കുന്നു.

സാക്ഷര കേരളം ലജ്ജിച്ച് തലതാഴ്ത്തത്തക്ക സംഭവം നമ്മുടെ കൊച്ചുകേരളത്തിൽ സംഭവിച്ചിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടും ആവേശപൂർവ്വം മുമ്പ് പ്രതികരിച്ചവരും മാധ്യമങ്ങളുമെല്ലാം പുലർത്തുന്ന നിസംഗത നമ്മുടെ തനിനിറം വെളിവാക്കുന്നു. കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പുകാരിയെന്ന് വിശേഷിക്കപ്പെടുന്ന സരിതയുടെ അടിവസ്ത്രത്തെക്കുറിച്ചുവരെ ചർച്ച നടത്തുന്ന ചാനലുകൾക്ക് പെരുമ്പാവൂരിൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട് മൃഗീയമായി കൊലചെയ്യപ്പെട്ട കൊച്ചുസഹോദരി ജിഷയുടെ മരണത്തെക്കുറിച്ച് വാർത്തകൊടുക്കുവാൻ സമയം ഇല്ലായിരുന്നു. തെരഞ്ഞെടുപ്പ് ചൂടിൽ മുഴുകിയിരിക്കുന്ന രാഷ്ട്രീയക്കാരും ബോധപൂർവ്വം ഈ സഹോദരിയെ മറന്നു. സർക്കാരിനെതിരെ ഉപയോഗിക്കുവാൻ കിട്ടിയ വടിയാണെന്ന് തിരിച്ചറിഞ്ഞ് പ്രതിപക്ഷം ഇപ്പോൾ ഈ വിഷയം ആളിക്കത്തിക്കുന്നു. എന്നാൽ ഇതിലൊന്നും ലവലേശം ആത്മാർത്ഥതയില്ല എന്നതാണ് വാസ്തവം. സോഷ്യൽ മീഡിയ പ്രതികരിക്കുവാൻ തുടങ്ങിയപ്പോൾ മാത്രമാണ് പോലീസിന്റെ നിസംഗതയും മാറിത്തുടങ്ങിയത്.

കുറുപ്പംപടി വട്ടോളിപ്പടി കനാൽബണ്ടിനോട് ചേർന്നുള്ള പുറമ്പോക്കിലെ രണ്ട് സെന്റ് ഭൂമിയിലുള്ള ഒറ്റമുറി വീട്ടിലായിരുന്നു ജിഷയും മാതാവും കഴിഞ്ഞിരുന്നത്. നിയമപഠനം പൂർത്തീകരിച്ച് പരാജയപ്പെട്ട ചില വിഷയങ്ങൾ എഴുതിയെടുക്കുവാനുള്ള തയ്യാറെടുപ്പിലായിരുന്നത്രേ ഈ കൊച്ചുസഹോദരി. മാനസിക അസ്വസ്ഥകളുള്ള മാതാവ് ചില വീടുകളിൽ ജോലി ചെയ്താണ് കുടുംബം പുലർത്തിയിരുന്നത്.

മനുഷ്യനായി പിറന്ന ഒരു വ്യക്തിക്കും ചെയ്യുവാൻ കഴിയാത്ത മൃഗീയതയാണ് ജിഷയുടെ ശരീരത്തിൽ നരാധമന്മാർ ചെയ്തുകൂട്ടിയത്. ക്രൂരമായ ബലാൽസംഗം നടത്തിയവർ അതി ഭീകരമായ നിലയിൽ ജിഷയെ ഉപദ്രവിച്ചു. തലയ്ക്കും മുഖത്തും അടിയേറ്റത് കൂടാതെ ജനനേന്ദ്രിയത്തിൽ ഇരുമ്പ് കുത്തികയറ്റിയതുനിമിത്തം വൻകുടൽ പുറത്തുവന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. മാറിടത്തിലും കഴുത്തിലും ആഴത്തിലുള്ള മുറിവുകളും ഉണ്ടായിരുന്നത്രേ. അടിയേറ്റ് മൂക്ക് തെറിച്ചുപോയി എന്ന് ചില റിപ്പോർട്ടുകളിൽ കാണുന്നു. കൊലപാതകി ആരായിരുന്നാലും അവർ ന്യായമായ ശിക്ഷ അനുഭവിക്കണം. പണവും സ്വാധീനവും ഇല്ലാത്തവരെ സംരക്ഷിക്കുവാൻ ആളുണ്ടാകുകയില്ല എന്ന അവസ്ഥ നമ്മുടെ സാക്ഷര കേരളത്തിന് അപമാനമാണ്. ഇതിനുമുമ്പും ഈ സഹോദരിയും മാതാവും ചില വ്യക്തികളിൽ നിന്ന് ഉപദ്രവം ഏൽക്കേണ്ടി വന്നിട്ടുണ്ട് എന്ന വാർത്ത പുറത്തുവന്നിരിക്കുന്നു. ആക്രമണം ഉണ്ടായപ്പോൾ പോലീസിൽ പരാതി നൽകിയിരുന്നെന്നും എന്നാൽ യാതൊരു നടപടിയും ഉണ്ടായില്ലെന്നും ജിഷയുടെ ബന്ധു മാധ്യമങ്ങളോട് വെളിപ്പെടുത്തിയിട്ടുണ്ട്. അന്ന് ഈ ദരിദ്രരുടെ നിലവിളി കാണുവാൻ കഴിയാതിരുന്ന പോലീസിന്റെ വീഴ്ചയാകാം ഈ അതിദാരുണ സംഭവത്തിലേക്ക് കൊലയാളിയെ നയിക്കുവാൻ പ്രേരിപ്പിച്ചത്. മനുഷ്യൻ മൃഗമായാൽ ഇതിനപ്പുറവും സംഭവിക്കാം.

ഭാരതത്തിൽ പലകാര്യങ്ങളിലും അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ചിരുന്ന കേരളം ഇപ്പോൾ തലതാഴ്ത്തിനിൽക്കുകയാണ്. സരിതമാർ വാഴ്ത്തിപുകഴ്ത്തപ്പെടുന്ന ഈ നാട്ടിൽ നമ്മുടെ മാന്യതയുടെ കുപ്പായം വെറും പുറംചട്ട മാത്രമാണ്. ആട്ടിൻതോലണിഞ്ഞ ചെന്നായ് എന്ന യാഥാർത്ഥ്യം ഇപ്പോൾ വെളിവാക്കപ്പെട്ടിരിക്കുന്നു. നമ്മളൊഴുക്കിയ കണ്ണുനീരെല്ലാം വ്യാജമായിരുന്നു. മറ്റ് സ്റ്റേറ്റുകളിലും രാജ്യങ്ങളിലും നടക്കുന്ന സംഭവങ്ങളുടെ പേരിൽ ഇവിടെ ഹർത്താൽ സംഘടിപ്പിക്കുന്ന വ്യാജ ആദർശവാദികളാണ് നമ്മൾ. സദാംഹുസൈനുവേണ്ടി നമ്മൾ ഹർത്താൽ നടത്തി കേമന്മാരായി. നമ്മുടെ കണ്ണിൻമുമ്പിൽ, കൈയെത്തും ദൂരത്ത് ജിഷമാർ പിടഞ്ഞുമരിക്കുമ്പോഴും നമ്മൾ ഡൽഹിയിലേക്ക് നോക്കി വിലപിക്കുന്നവരാണ്. ഗോവിന്ദചാമിമാർ തിന്നുകൊഴുത്ത് തടിച്ച് വീർത്ത് കഴിയാൻ സൗകര്യമൊരുക്കുന്ന നിയമവ്യവസ്ഥകളുള്ള ഈ നാട്ടിൽ ഇനിയും ജിഷയും സൗമ്യയും ഒക്കെ ഉണ്ടായിക്കൊണ്ടേയിരിക്കും. അപ്പോഴും നമ്മൾ നിസംഗരായി ആഗോളതാപനത്തെക്കുറിച്ചും അണുബോംബിന്റെ വ്യാപനത്തെക്കുറിച്ചും റഷ്യയിലെയും യൂറോപ്പിലെയും മഞ്ഞുരുകുന്നതിനെക്കുറിച്ചുമൊക്കെ വിലപിച്ചുകൊണ്ടേയിരിക്കും. ആദർശത്തിന്റെയും മാന്യതയുടെയും ബുദ്ധിജീവിയുടെയും ഒക്കെ കുപ്പായമിട്ട് മലയാളികൾ പ്രതികരിച്ചുകൊണ്ടിരിക്കും. അന്താരാഷ്ട്ര തലത്തിൽ കണ്ണുകൾ പായിക്കുന്ന മലയാളിക്ക് അയൽവക്കത്തെ കണ്ണീർ കാണുവാൻ സമയമില്ല. അന്താരാഷ്ട്രതലത്തിലെ കാര്യമില്ലാത്ത വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയും കേൾക്കുകയും ചെയ്യുന്ന മലയാളിക്ക് അയൽവക്കത്തു നിന്നും ഉയരുന്ന നിലവിളി കേൾക്കുവാനോ അവർക്കായി സംസാരിക്കുവാനോ സമയം എവിടെ.

ജിഷയും സൗമ്യയുമൊക്കെ ക്ഷമിക്കുക. നിങ്ങൾക്കായി ഒരിറ്റുകണ്ണീർ ഒഴുക്കുവാൻ മാത്രമേ സാധിക്കുന്നുള്ളൂ. നിസംഗരായ മലയാളികൾക്ക് ഒരു കാര്യം മറക്കാതിരിക്കുക. പെരുമ്പാവൂർ നിങ്ങളുടെ വീട്ടിൽ നിന്ന് അകലെയല്ല. ഗോവിന്ദ ചാമിമാരുടെ കഴുകൻ കണ്ണുകളുടെ വലയത്തിൽ തന്നെയാണ് നമ്മുടെ തലമുറ.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

**അദ്ധ്യായം – 4 –തുടർച്ച–**

**ദുരുപദേശങ്ങൾക്കു എതിരെ നൽകുന്ന മുന്നറിയിപ്പ്**



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

പൗലോസ് ശ്ലീഹാ ചില വർഷങ്ങൾ എഫെസൊസ് പട്ടണത്തിൽ പാർത്തു സുവിശേഷ വേല ചെയ്ത ഭക്തനാണ്. പുരാതനകാലത്ത് ഏഴ് അദ്ഭുതങ്ങളിൽ ഒന്നായിരുന്നു എഫെസൊസ് പട്ടണത്തിലെ അർത്തെമിസ് ദേവിയുടെ ക്ഷേത്രം, കൂടാതെ മന്ത്രവാദം, ക്ഷുദ്രപ്രയോഗം, വിവിധ തരത്തിലുള്ള പാരമ്പര്യങ്ങൾ, കിഴവികഥകൾ എന്നുവേണ്ടാ എല്ലാവിധത്തിലുള്ള ആചാരങ്ങളും അന്ധവിശ്വാസങ്ങളുടെ കേളീരംഗമായിരുന്നു ഈ പട്ടണം, ഏഷ്യയുടെ ദീപം എന്നാണ് ഈ പട്ടണത്തെ അന്നുള്ളവർ വിശേഷിപ്പിച്ചിരുന്നത്. അവിടെയുള്ള ദൈവമക്കളോടു പൗലോസ് യാത്ര ചോദിക്കുമ്പോൾ അവർ നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പൗലോസ് നൽകിയ ഉപദേശം താൻ അവിടെ നിന്നു പോയതിനുശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ അവരുടെ ഇടയിൽ കടക്കും എന്നും വിശ്വാസികളെ വഴിതെറ്റിക്കും എന്നും മുന്നവെ പറഞ്ഞു, അ.പ്രവ.20:29. വർഷങ്ങൾക്കുശേഷം തിമൊഥെയൊസ് അവിടെ ശുശ്രൂഷിക്കുമ്പോൾ ഇത് സംഭവിച്ചുതുടങ്ങി, യോഹന്നാൻ അപ്പോസ്തലൻ വെളിപ്പാട് പുസ്തകത്തിൽ എഫെസൊസ് സഭയ്ക്കു ദൂത് നൽകുമ്പോൾ അത് വ്യക്തമാക്കുകയും ചെയ്യുന്നുണ്ട് (വെളി. 2:1-7). എഫെസൊസ് സഭയിൽ ജ്ഞാനമതത്തിന്റെയും മറ്റു മതങ്ങളുടെയും കടന്നുകയറ്റവും കടന്നാക്രമണവും ഉണ്ടാകുകയും അവിടെയുള്ള ദൈവമക്കളെ വഴിതെറ്റിക്കുകയും വഴിയാധാരമാക്കുകയും ചെയ്യുവാൻ ഈ ദുരുപദേശക്കാർ ശ്രമിക്കുകയായിരുന്നു. പുതിയ നിയമ ലേഖനങ്ങളിൽ എല്ലാം എഴുത്തുകാരും ഒരുപോലെ സമ്മതിക്കുന്ന ഒരു വിഷയമാണ് ഭാവികാലത്ത് ദുരുപദേശക്കാരും ദുരുപദേശങ്ങളും വിശ്വാസത്യാഗവും അവിടെയവിടെ സംഭവിക്കും എന്നുള്ളത്. വിശ്വാസത്യാഗം അഥവാ അപ്പൊസ്റ്റസി ക്രൈസ്തവ സഭയുടെ പ്രാരംഭകാലത്ത് പലരും വിശ്വാസം ത്യജിക്കുകയും പഴയ വിശ്വാസത്തിലേക്കും മാർഗ്ഗങ്ങളിലേക്കും മടങ്ങിപോയതായി പൗലോസിന്റെയും മറ്റു ലേഖനങ്ങളിലും സഭാചരിത്രത്തിലും വായിക്കുന്നുണ്ട്.



**ദുരുപദേശം അഥവാ കൾട്ട് എന്നാൽ എന്ത്?**

ദുരുപദേശത്തിന് ആംഗലേയ ഭാഷയിൽ നൽകിയിരിക്കുന്ന പദം കൾട്ട് എന്നാണ്, ഇതിന്റെ അർത്ഥം ക്രൈസ്തവ സഭകളിൽ ഉപദേശങ്ങളിൽ നിന്ന് അല്ലെങ്കിൽ യഥാർത്ഥ പഠിപ്പിക്കലുകളിൽ നിന്നും വിപരീതമായ പഠിപ്പിക്കുകയും പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് ദുരുപദേശം. ഇവരുടെ ലക്ഷണങ്ങൾ പ്രധാനമായും

1) തിരുവചനത്തിനു പുതിയ വ്യാഖ്യാനങ്ങൾ നൽകുക
2) പുതിയ വെളിപ്പാട്
3) പുതിയൊരു ക്രിസ്തുവിനെ അവതരിപ്പിക്കുക
4) വിശ്വാസ പ്രമാണങ്ങൾ (അടിസ്ഥാന) തെറ്റിദ്ധരിപ്പിക്കുക, നിരസിക്കുക
5)പുതിയ ദൈവത്തെ അവതരിപ്പിക്കുക
6) മുഖംമൂടി അണിയുന്നവർ
7) കാലത്തിനനുസരിച്ച് ദൈവശാസ്ത്രം മാറ്റുക
8) ശക്തമായ ഭരണനേതൃത്വം
9) കള്ളപ്രവചനം
10) പ്രവർത്തിയാലുള്ള രക്ഷ എന്നിവയാണ്

(കടപ്പാട്: കേരള ക്രൈസ്തവനിഘണ്ടു, ചീഫ് എഡിറ്റർ, സുരേഷ് റ്റി. ജേക്കബ് പത്തനാപുരം, പേജ് 53, സ്പിരിചൽ ഇന്ത്യാ പ്രസിദ്ധീകരണം, 2000).

എഫെസൊസ് അഭിമുഖീകരിച്ച ദുരുപദേശം ജ്ഞാനമതത്തിന്റെ ഉപദേശമായിരുന്നു, ആകർഷണീയമായും യുക്തിപരമായും അവതരിപ്പിക്കുകയും വസ്തുമയമായതെല്ലാം തിന്മയാണ് എന്നും പഠിപ്പിക്കുകയും അതുകൊണ്ട് ശരീരത്തെയും അതിന്റെ ആവശ്യങ്ങളെയും ദണ്ഡിപ്പിച്ച് നശിപ്പിക്കുവാനുള്ള പ്രവണത ഒരുവശത്ത്, ശരീരത്തിന്റെ ഏത് ആവശ്യങ്ങളെയും യഥേഷ്ടം നിറവേറ്റാനുള്ള വെമ്പൽ മറുവശത്ത്, ഈ വിധത്തിലുള്ള വൈരുദ്ധ്യങ്ങളുടെ പഠിപ്പിക്കലായിരുന്നു ജ്ഞാനമതത്തിന്റേത്. ശരീരം തിന്മയായതുകൊണ്ട് ശരീരപോഷണത്തിനുതകുന്ന ഭക്ഷണം വർജ്ജിക്കണം, വിവാഹം വിലക്കപ്പെട്ടതാണ് തുടങ്ങിയ തെറ്റായ ഉപദേശങ്ങളും പഠിപ്പിക്കലുകളും എഫെസൊസിലെ വിശ്വാസികളെയും അലട്ടി തുടങ്ങി. അപ്പോൾ ഈ വക ദുരുപദേശങ്ങൾക്ക് എതിരെ ശക്തമായ നിലയിൽ നിൽക്കുവാനും പത്ഥ്യോപദേശം മുറുകെ പിടിക്കുവാനും ഉത്സാഹിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുകയാണ് ഇതിലൂടെ ലേഖകൻ ചെയ്യുന്നത്.

വ്യാജാത്മാക്കളുടെയും ഭൂതങ്ങളുടെയും ഉപദേശങ്ങളെ ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ....... ഇവിടെ വ്യാജാത്മാക്കൾ എന്നുള്ളതിനെ ഇന്നത്തെ വ്യത്യസ്തമായ പഠിപ്പിക്കലുകൾ സമൃദ്ധിയുടെ സുവിശേഷം ഹൈപ്പർ ഗ്രേസ്, അൾട്രാ കാൽവനിസം, ആത്മ വിവശത, അഗ്നി അഭിഷേകം, ഊതിവീഴ്ത്തൽ, ശാപം മുറിക്കൽ, ന്യൂജനറേഷൻ ദൈവശാസ്ത്രം ഇവയെല്ലാം വ്യാജാത്മാക്കളിലൂടെ വ്യാപരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ്. ഇന്നത്തെ ക്രൈസ്തവർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ദുരുപദേശമാണ്. ഇത്തരക്കാർ സങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടെ നടത്തുന്ന ശുശ്രൂഷയിൽ ആളുകളെ ആകർഷിക്കുവാൻ വേണ്ടി പ്രത്യേക ഗാനങ്ങളും സംഗീതങ്ങളും സൃഷ്ടിച്ചു കേൾവിക്കാരെ ഇക്കിളിപ്പെടുത്തുന്ന വിധത്തിൽ ശുശ്രൂഷ ചെയ്യാറുണ്ട്. ഇവരുടെ ശുശ്രൂഷകൾ ആരെയും ആകർഷിക്കും. കൊട്ടാരക്കരയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മാറാനാഥാ വോയ്സ് എന്ന ക്രൈസ്തവ മാസികയിൽ സമീപകാലത്ത് വന്നതായ പല വാർത്തകളുടെ ഒരു ലഘുവിവരണം കൊടുത്തിരിക്കുന്നു, അത് 'വൈകൃതങ്ങൾക്കും ആത്മീയമാനം......?' എന്ന തലക്കെട്ടിലാണ്, പ്രസ്തുത റിപ്പോർട്ടിൽ ചില ചിത്രങ്ങളുടെ സഹായത്തോടുകൂടെ ആഫ്രിക്കയിലും അമേരിക്കയിലും മറ്റും നടക്കുന്നതായ വിചിത്രമായ ശുശ്രൂഷകൾ വളരെ

05

## ചോദ്യോത്തരവേദി

# ദൈവവചനം ആത്മാവിനെയും പ്രാണനേയും തുളയ്ക്കുന്നതോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

*ചോദ്യം:* ഞങ്ങൾ തലമുറകളായി രാവിലെയും വൈകുന്നേരവും കുടുംബാംഗങ്ങളെല്ലാവരുംകൂടി മുട്ടിന്മേൽ നിന്ന് പാട്ടുപാടി, വേദപുസ്തകം വായിച്ച് പ്രാർത്ഥിച്ച് ദൈവത്തെ ആരാധിക്കുന്നവരാണ്. കഴിഞ്ഞ ദിവസത്തെ വേദപുസ്തക വായന എബ്രായർ 4:12 ആയിരുന്നു. അതിപ്രകാരമാണ്: 'ദൈവത്തിന്റെ വചനം ജീവനും ചൈതന്യമുള്ളതും ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയേറിയതും ആകുന്നു; അത് പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർപെടുത്തുന്നതുവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ആഗ്രഹങ്ങളെയും വിവേചിക്കുന്നതും ആകുന്നു". എന്നാൽ എന്റെ ചിന്തകളെയോ ഉൾക്കാഴ്ചകളെയോ ഒന്നും വചനം സ്പർശിക്കുന്നില്ല. എന്തായിരിക്കും കാരണം? എന്റെ ചിന്തകളെ വചനം സ്പർശിക്കാൻ എന്തു ചെയ്യണം?

**– ജുബിൻ ജോസഫ്, കറുകച്ചാൽ**

*ഉത്തരം:* ഉത്തരം വളരെ ലളിതമാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടവനല്ല. അഥവാ രക്ഷിക്കപ്പെട്ടവനാണെങ്കിൽ നിങ്ങൾ വെറും ജഡികനാണ്. വേദപുസ്തകത്തിലെ വചനങ്ങൾ ഭോഷത്വം ആയി തോന്നുന്നുണ്ടെങ്കിൽ നിങ്ങളെ പ്രാകൃത മനുഷ്യന്റെ ഗണത്തിൽപ്പെടുത്താം (1 കൊരി.2:14). വചനത്തിലുള്ള കർത്താവിനോ, കർത്താവിന്റെ വചനത്തിനോ നിങ്ങളുടെ ജീവിതത്തിൽ ഒരുസ്ഥാനവും ഇല്ല. പാരമ്പര്യമായി നിങ്ങളെല്ലാം രാവിലെ എഴുന്നേറ്റ് പല്ലുതേക്കുന്നുണ്ടല്ലോ. അതുപോലെ പ്രാർത്ഥനയും പാട്ടും ഒരു കർമ്മാനുഷ്ഠാനമായി നിങ്ങളെ പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. ഒരു ശീലം പരിശീലിച്ച് കഴിഞ്ഞാൽ അത് ചെയ്തില്ലെങ്കിൽ ഒരു സുഖവും കിട്ടില്ല. അതുകൊണ്ടാണ് പ്രാർത്ഥനയും പാട്ടും മുടക്കം കൂടാതെ നടത്തുന്നത്. വചനം സ്പർശിക്കുന്നില്ല എന്ന് ഏറ്റുപറയുന്നതുതന്നെ ഒരു മാനസാന്തരമാണ്. അതുകൊണ്ട് കർത്താവിനെ അറിയുന്നവരുമായി ബന്ധപ്പെട്ട് അവരുടെ അനുഭവങ്ങൾ കേട്ട്, വേദപുസ്തകത്തിലെ കർത്താവിനെ അറിഞ്ഞവരുടെ ജയപരാജയങ്ങൾ വായിച്ച്, കർത്താവുമായി ബന്ധം ഉണ്ടാക്കാൻ ശ്രമിക്കുക. ശ്രമിച്ചാൽ വിജയിക്കും, തീർച്ച. കർത്താവിന്റെ വചനം ക്രിയ ചെയ്ത ചില ഉദാഹരണങ്ങൾ താങ്കളുടെ പ്രോത്സാഹനത്തിനായി കുറിക്കുന്നു.

കടകളിൽ കയറിയാൽ തനിക്കിഷ്ടപ്പെട്ടതെല്ലാം വാങ്ങിച്ചുകൂട്ടണമെന്ന് ആഗ്രഹിക്കുകയും അങ്ങനെ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന സമ്പന്നയായ ഒരു സ്ത്രീ കർത്താവിനെ അറിയാനിടയായി. കർത്താവിന്റെ വചനം വായിച്ചുകൊണ്ടിരുന്നപ്പോൾ താൻ ക്രമീകരിക്കപ്പെടേണ്ട ഭാഗങ്ങൾ അവരുടെ മനസ്സിനെ ഉലച്ചു. അവരത് അനുസരിക്കാൻ തയ്യാറായപ്പോൾ കൂടുതൽ സന്തോഷവതിയായി. അവരുടെ മനസ്സിനെ ഉലച്ച വചനം താഴെ ക്കുറിക്കുന്നു: "സകല അമിതമായ ആഗ്രഹത്തിനുമെതിരെ ജാഗ്രതയുള്ളവരായിരിക്കുവിൻ; ഒരുവന്റെ ധനസമൃദ്ധിയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്" (ലൂക്കോസ് 12:15). "പുഴുവും തുരുമ്പും നശിപ്പിക്കുകയും കള്ളന്മാർ കയറി മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്....നിന്റെ നിക്ഷേപം എവിടെയായിരിക്കുന്നുവോ അവിടെയായിരിക്കും നിന്റെ ഹൃദയം" (മത്തായി 6:19-21).

മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് ചെവി കൊടുക്കാതെ സ്വന്തം അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കയും പെട്ടെന്ന് ദേഷ്യപ്പെടുകയും ചെയ്തിരുന്ന ഒരു വിശ്വാസി, ദൈവവചനത്തിന് സ്വന്തം ജീവിതത്തിൽ പ്രാധാന്യം കൂടുതലായപ്പോൾ, യാക്കോബിന്റെ ലേഖനം വായിച്ചുകൊണ്ടിരുന്നപ്പോൾ മനസ്സ് ഒരു വചനത്തിൽകൂടി തന്റെ സ്വഭാവവൈകല്യം വെളിപ്പെടുത്തി: "എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഇതു മനസ്സിലാക്കുവീൻ; **ഏതു മനുഷ്യനും കേൾക്കുവാൻ വേഗതയും സംസാരിക്കുവാൻ സാവധാനതയും കോപിക്കുവാൻ സാവധാനതയും ഉള്ളവൻ ആയിരിക്കട്ടെ.** മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതി പ്രാവർത്തികമാക്കുന്നില്ല' (യാക്കോബ് 1:19,20). ദൈവത്തിന്റെ ഇഷ്ടം തന്റെ ഇപ്പോഴത്തെ ജീവിതരീതിയുമായി പൊരുത്തപ്പെടുന്നില്ലെന്ന് മനസ്സിലായി. ഇത്രയും നാൾ അനുവർത്തിച്ചുകൊണ്ടിരുന്ന സ്വഭാവരീതി പെട്ടെന്ന് മാറ്റുവാൻ ആഗ്രഹിച്ചുവെങ്കിലും സാധിച്ചില്ല. അതിനദ്ദേഹം ചെയ്തത് ഇപ്രകാരമാണ്: തന്റെ കാറിലും ഓഫീസിലും വീട്ടിലും തനിക്കു കാണത്തക്കരീതിയിൽ **'മുഴുവൻ കേൾക്കുക' (യാക്കോബ് 1:19) എന്നെഴുതി ഒട്ടിച്ചുവച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ, ഈ വചനം അദ്ദേഹത്തിൽ ജീവിക്കുവാൻ തുടങ്ങി.** മറ്റുള്ളവർ പറയുന്നതു മുഴുവനും ശ്രദ്ധിച്ച് കേൾക്കുവാനുള്ള ക്ഷമയും കൃപയും ലഭിച്ചു. ഈ ഒരു വചനം അദ്ദേഹത്തിന്റെ ജീവിതത്തിൽ ധാരാളം നന്മകളുണ്ടാക്കി. അദ്ദേഹത്തെ വെറുത്തവരെല്ലാം സുഹൃത്തുക്കളാകാൻ തുടങ്ങി.

ദാനിയേലിനെ തന്റെ കൗമാരപ്രായത്തിൽ തടവുകാരനായി ബാബിലോണിലേക്ക് കൊണ്ടുപോയി. യുവാവായപ്പോൾ പല ബാബിലോണ്യ രാജാക്കന്മാരുടെയും ഭരണത്തിൽ പ്രധാനമന്ത്രി പദത്തിലിരുന്നു. എന്നാൽ വയസ്സനായപ്പോൾ, തിരുവെഴുത്തു പഠിച്ചുകൊണ്ടിരുന്നപ്പോൾ, യിരെമ്യാവിന്റെ പുസ്തകം 29-ാം അദ്ധ്യായത്തിന്റെ ഉള്ളടക്കം ഏതാണ്ട് ദാനിയേലിന് ബോദ്ധ്യപ്പെട്ടു. അതായത് ബാബിലോണിലെ യെഹൂദന്മാരുടെ തടവുകാലം കഴിയാറായി എന്ന്.

"അപ്പോൾ ഞാൻ ഉപവസിച്ചും പരുക്കൻ വസ്ത്രം ധരിച്ചും ചാരത്തിൽ ഇരുന്നുകൊണ്ട് പ്രാർത്ഥനയോടും യാചനകളോടുംകൂടെ അപേക്ഷിക്കേണ്ടതിന് ദൈവമായ യഹോവയിങ്കലേക്ക് മുഖം തിരിച്ചു"(ദാനിയേൽ9:3). അപ്പോൾ ദൈവം യിരെമ്യാവിന്റെ പ്രവചനത്തിന്റെ പൊരുൾ ഗബ്രിയേൽ ദൂതൻവശം ദാനിയേലിന് വെളിപ്പെടുത്തിക്കൊടുത്തു(ദാനിയേൽ 9:21-27).

യേശുക്രിസ്തു ജനിക്കുന്നതിന് 600 വർഷം മുമ്പ് ബാബിലോണിലെ അടിമത്വത്തിൽ നിന്ന് എസ്രായുടെ നേതൃത്വത്തിൽ കുറെ യെഹൂദർ യെരുശലേമിലേക്ക് മടങ്ങി വന്നു. ദൈവവചനത്തിൽ എഴുതിയിരിക്കുന്നതെന്തെന്ന് വ്യക്തമായി അറിയുവാൻ അവർ തീവ്രമായി ആഗ്രഹിച്ചു. എസ്രാ ഒരു പ്രസംഗപീഠം ഉണ്ടാക്കി. രാവിലെ മുതൽ ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കുവാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു; സർവ്വജനവും ശ്രദ്ധയോടെ കേട്ടു. ജനമെല്ലാം ന്യായപ്രമാണത്തിലെ വചനങ്ങൾ കേട്ടപ്പോൾ കരഞ്ഞുപോയി(നെഹമ്യാവ് 8).

കർത്താവിന്റെ വചനങ്ങൾക്ക് ഒന്നാം സ്ഥാനം കൊടുക്കാതെ, കർത്താവ് ഹൃദയത്തിലുണ്ടെന്നോ തങ്ങൾ കൂടുന്ന സഭയിലുണ്ടെന്നോ തെറ്റായി ധരിക്കേണ്ടത്. ' യേശുവിനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും കർത്താവിന്റെ കല്പനകൾ അനുസരിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു; സത്യം അവനിലില്ല (യോഹ:2:4). കൂട്ടായ്മകളിലും സഭകളിലും കർത്താവിന്റെ സാമിപ്യം ഇല്ലാത്തതു കൊണ്ടാണ് വചനം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്: 'ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും"(വെളിപ്പാട് 3: 20). 'ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ വചനം എന്ന മായമില്ലാത്ത പാൽ കുടിക്കുവാൻ വാഞ്ചിക്കുവിൻ'(1പത്രോസ് 2:2). 'എല്ലാ തിരുവെഴുത്തും ദൈവനിവേശിതമാകുന്നു; അവ ഉപദേശത്തിനും ശാസനയ്ക്കും തെറ്റുതിരുത്തലിനും നീതിയിലുള്ള അഭ്യസനത്തിനും പ്രയോജനപ്പെടുന്നു'(2തിമൊ:3:16).

**അടിക്കുറിപ്പ്:** വേദപുസ്തകത്തിലെ വചനങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം ആത്മീയ ലോകത്തിലെ സത്യങ്ങളും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ അനുസരിക്കേണ്ട ഉപദേശങ്ങളും കല്പനകളും. ആത്മീയ ലോകത്തിലെ സത്യങ്ങൾ നാം വിശ്വസിച്ചാൽ മതി. അനുസരിക്കാനൊന്നുമില്ല. ഉദാഹരണത്തിന്, ദൈവം സർവ്വജ്ഞാനിയാണ്, സർവ്വശക്തനാണ്, സർവ്വവ്യാപിയാണ്. ഈ സത്യങ്ങളിൽ അനുസരിക്കാനൊന്നുമില്ല. വിശ്വസിച്ചാൽ മതി. ഈ സത്യങ്ങൾ കണ്ട് അറിഞ്ഞ് വിശ്വസിച്ചിട്ട് സാത്താൻ വിറയ്ക്കുകകൂടി ചെയ്യുന്നുണ്ട് (യാക്കോബ് 2:19).

എന്നാൽ 'വ്യഭിചാരം ചെയ്യരുത്' 'മോഷ്ടിക്കരുത്' എന്ന പുതിയനിയമ കല്പനകൾ വിശ്വസിച്ചാൽ പോരാ. നമ്മൾ അനുസരിക്കേണം. പക്ഷെ ജഡത്തിന്റെ ബലഹീനതകൊണ്ടും, ലോകത്തിന്റെ പ്രലോഭനം വലുതായതുകൊണ്ടും, അനുസരിക്കുന്നത് പ്രയാസമുള്ള കാര്യമായതുകൊണ്ടും കല്പനകളും ഉപദേശങ്ങളും 'വിശ്വസിച്ചാൽ മതി' എന്ന തലത്തിലിട്ടുക്കൊണ്ട്, അനുസരിക്കാതെ തൃപ്തിപ്പെട്ട് ബലഹീനരായി 'തിരുവത്താഴം' ആചരിക്കുകയാണ്. അഥവാ, ആരെങ്കിലും ബലവാനാണെന്ന് കാണിക്കുന്നുണ്ടെങ്കിൽ അത് ആത്മാവിന്റെ ശക്തിയല്ല, ജഡത്തിന്റെ ശക്തിയാണ്, അഭിനയമാണ്.

## 07 സെൽഫിക്കും കടിഞ്ഞാൺ...

പെടൽ മൂലമാണ് രക്ഷപെട്ടത്. പുറപ്പെടാൻ നിന്നിരുന്ന ഗുഡ്സ് ട്രെയിനു മുകളിൽ വൈദ്യുതിലൈനിൽ തട്ടുന്ന വിധത്തിലാണ് ഒൻപതു വിദ്യാർത്ഥികൾ നിന്നിരുന്നത്.

ട്രെയിനുമുകളിൽ കയറി സെൽഫിയെടുക്കാൻ ശ്രമിച്ച വാളയാർ സ്വദേശിയായ വിദ്യാർത്ഥി വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് മരിച്ചത് കഴിഞ്ഞവർഷമാണ്. സഞ്ചരിക്കുന്ന പാസഞ്ചർ ട്രെയിനുമുന്നിൽനിന്നും സെൽഫിയെടുക്കാൻ ശ്രമിച്ച യുവാക്കളെ അറസ്റ്റ് ചെയ്തത് ആലപ്പുഴയിൽ നിന്നാണ്.

മൊബൈലിൽ സ്വന്തം മരണം അഭിനയിക്കുന്നതിനിടെയാണ് അഭിലാഷ് എന്ന യുവാവ് കയർ കുരുങ്ങി മരിച്ചത്. ഫെയ്സ് ബുക്കിൽ അപ്‌ലോഡ് ചെയ്യാൻ വീട്ടിനുള്ളിൽ സ്വന്തം മരണം അഭിനയിക്കുന്നതിനിടെയായിരുന്നു അപകടം. നിറതോക്കുമായി സെൽഫിയെടുക്കാൻ ശ്രമിക്കുന്നതിനിടെ അബദ്ധത്തിൽ വെടിയേറ്റുമരിച്ച 19 കാരനേയും ചരിത്രം മറന്നിട്ടില്ല. മോസ്കോയിൽ സെൽഫി എടുക്കാൻ മതിലു ചാരി നിന്ന പെൺകുട്ടിയാണ് മതിലിടിഞ്ഞുമരിച്ചത്.

പാമ്പിനോടൊത്ത് സെൽഫിയെടുത്ത് പാമ്പിന്റെ കടിയേറ്റ് മരിച്ചവർ, അപകടങ്ങൾ സെൽഫിയിൽ പകർത്തി അപകടത്തിൽപെട്ടവർ, നദീതീരത്ത് സെൽഫിയെടുത്ത് നദിയിൽപ്പെട്ടു മരിച്ചവർ, ഭൂകമ്പങ്ങളും, അഗ്നിപർവ്വതങ്ങളും, സെൽഫിയിലാക്കി സ്വയം നശിച്ചവർ അതെ ! സെൽഫി വിതച്ച അപകടങ്ങളുടെ 'വീര'കഥകൾ അനവധിയാണ്.

മൃതപ്രാണനായി വഴിവക്കിൽ കിടക്കുന്നവരോടൊപ്പം സെൽഫിയെടുത്ത് "ആഘോഷി"ക്കുന്നവരും വിരളമല്ല. അവരെ ആശുപത്രിയാക്കുവാനല്ല ഒരു സെൽഫിയുടെ സാധ്യതയാണ് ഇക്കൂട്ടർ എവിടെയും തിരയുന്നത്. 'സാഡിസം' എന്ന് മാത്രം ഇതിനെ വിളിക്കാനാവില്ല. അതിനുമേലെയുള്ള ധാർമ്മീക അപചയമാണിത്.

**സെൽഫിക്കു പിന്നിൽ**

മറ്റൊരാൾ നമ്മെ എങ്ങിനെ കാണുന്നു എന്ന് ഓരോ വ്യക്തിയ്ക്കും ആഗ്രഹമുണ്ട്. അത് സാക്ഷാത്ക്കരിക്കാൻ പറ്റുന്ന ഒരു പ്ലാറ്റ്ഫോമായിട്ടാണ് സെൽഫി പോസ്റ്റുകളെ കാണേണ്ടത്. അതിൽ പോസിറ്റീവും നെഗറ്റീവും ഉണ്ട്. ചിലർ മറ്റുള്ളവരുടെ ശ്രദ്ധ എപ്പോഴും ആകർഷിക്കാൻ ശ്രമിക്കുന്നവരാണ്. അവർ സെൽഫി എടുക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയാണ്. ചിലരാകട്ടെ സെൽഫി എടുത്ത് മറ്റുള്ളവരേക്കാൾ സ്വയം ആസ്വദിക്കാൻ ഇഷ്ടപ്പെടുന്നവരാണ്.

ഇടയ്ക്കിടക്ക് ഫോട്ടോ എടുത്ത് പോസ്റ്റ് ചെയ്യുക, എത്ര എടുത്താലും മതിയാവില്ല എന്ന അവസ്ഥവരിക, ലൈക്കും കമന്റും പോരാ എന്നു തോന്നുക. ഈ സ്വഭാവം സാമൂഹ്യബന്ധങ്ങളേയും, ജീവിതത്തിന്റെ ബാക്കി പ്രവർത്തനങ്ങളെയുമെല്ലാം ദോഷകരമായി ബാധിക്കുമ്പോഴാണ് സെൽഫി ഒരു രോഗമായി മാറുന്നതെന്ന് പ്രമുഖ മനഃശാസ്ത്രജ്ഞനായ ഡോ. ടി.പി. സന്ദീഷ് പറയുന്നു.

"അവനവനിസ'ത്തിന്റെ മറ്റൊരു രൂപമാണ് സെൽഫി. മനുഷ്യൻ ഇന്ന് സ്നേഹിക്കുന്നത് തന്നെത്തന്നെയാണ്. സ്വയം ആരാധിക്കുന്നവനായി അവൻ അധഃപതിക്കുന്നു.

സെൽഫിയെക്കുറിച്ച് ഡിസംബറിൽ മാതൃഭൂമിയിൽ വന്ന "എന്നെയാണെനിക്കിഷ്ടം" എന്ന ലേഖനത്തിൽ കൽപ്പറ്റ നാരായണൻ "ആത്മ" പ്രദർശനത്തിലേയും "ആത്മ" പ്രകാശനത്തിലേയും സെൽഫ് വ്യത്യസ്ഥമാണെന്ന് പറയുന്നുണ്ട്. "സെൽഫി" ആത്മപ്രദർശനമാണ്. കവിതയെഴുതുന്നതും, ലേഖനമെഴുതുന്നതും അലിവുകാട്ടുന്നതും ആത്മപ്രകാശനമാണ്. ബാഹ്യരൂപങ്ങൾക്ക് വലിയ പ്രാധാന്യം കല്പിക്കുന്ന ആധുനിക യുഗത്തിൽ കവിതയേക്കാൾ സെൽഫിക്കാണ് "ലൈക്ക്" കിട്ടുക.

കുഞ്ഞുണ്ണി മാഷ് ഒരിക്കൽ ഇങ്ങനെ പറഞ്ഞു. "എനിക്ക് എന്നെയാണിഷ്ടം. അപ്പോൾ അതുകഴിഞ്ഞിട്ടോ.! അതിന് അത് കഴിയുന്നില്ലല്ലോ."

അഹങ്കാരത്തിന്റെയും 'അവനവനിസ'ത്തിന്റെയും സെൽഫികൾക്ക് തടയിടാൻ നമുക്ക് കഴിയണ്ടേ? നമ്മുടെ മേലുള്ള നിയന്ത്രണം നമുക്ക് നഷ്ടമാകുന്നുവോ ? ഉറക്കെ ചിന്തിക്കാൻ സമയമായി.

## അറിയിപ്പ്

ബിലീവേഴ്സ് ജേണൽ എല്ലാ മാസവും 10-ഉം 25-ഉം തീയതിയിലാണ് പോസ്റ്റ് ചെയ്യുന്നത്. സഭാ പ്രസ്ഥാനങ്ങളുടെയും, സംഘടനകളുടെയും വാർത്തകളും അറിയിപ്പുകളും പലപ്പോഴും വളരെ താമസിച്ചാണ് ഓഫീസിൽ ലഭിക്കുന്നത്. താമസിച്ചുലഭിക്കുന്നവ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. തുടർന്ന് വാർത്തകളും, ലേഖനങ്ങളും അറിയിപ്പുകളും അയക്കുന്നവർ 3-ാം തീയതിക്കും 18-ാം തീയതിക്കും മുമ്പായി ലഭിക്കത്തക്ക നിലയിൽ അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

മാനേജർ

ലേഖനം

# ‘ക്രിസ്തീയത’ നാമാവശേഷമാകുന്നുവോ?



ജോൺസൺ കടമ്പനാട്

എന്റെ സണ്ടേസ്കൂൾ കാലം ഓർത്തു പോകുന്നു. അന്ന് സാമുദായിക സഭയിൽ ആയിരിക്കുമ്പോഴും ഞാൻ സണ്ടേസ്കൂളിൽ പഠിച്ചത് പെന്തെക്കോസ്തുകാർ നടത്തുന്ന സ്ഥാപനത്തിലും(അതിന് കാരണം ചോദിക്കരുത്) പഠനത്തിന്റെ ഇതിവൃത്തം വേദപുസ്തകത്തിലെ സംഭവ കഥകളാണ്. വറും കഥയൊന്നുമല്ല എന്ന് പിന്നീട് വ്യക്തമായി. തിരുവചനം സംബന്ധിയായ വിഷയങ്ങൾ ഓരോ ക്ലാസുകളിലും പഠിച്ചു കൊണ്ടിരുന്നപ്പോൾ ജീവിതത്തിൽ എനിക്കുള്ള പങ്ക് എന്താണെന്ന് വ്യക്തമായില്ലായിരുന്നു അത് ജീവിതത്തിന്റെ അനുഭവങ്ങളിലൂടെ പഠിക്കുകയാണുണ്ടായത്.

തിരുവെഴുത്തുകളെ ശോധന ചെയ്യുന്നത് നല്ലതാണെന്ന് ബെരോവയിലെ വിശ്വാസികൾ കാട്ടിത്തന്നു. പിന്നീടുള്ള കാലം എന്റെ മാതാപിതാക്കളിൽ നിന്നും സഭയിൽ നിന്നും സമൂഹത്തിൽ നിന്നുമൊക്കെ ഞാൻ മനസ്സിലാക്കിയ ദൈവീകമായ സത്യങ്ങൾ എന്നെ ആഴത്തിലേക്കു നയിച്ചു, അഥവാ നയിച്ചു കൊണ്ടേയിരിക്കുന്നു. എന്താണ് ക്രിസ്തീയ ജീവിതം എന്ന് ജീവിച്ചാലേ വ്യക്തമാകുയുള്ളൂ. ജീവിക്കാൻ ആഗ്രഹമുള്ളവർക്ക് ലഭിക്കേണ്ടത് ഉപദേശമാണ്. എന്റെ ബാല്യകാലത്ത് പഠിച്ച ബൈബിൾ കഥകൾ എന്റെ ജീവിതത്തിൽ സ്വാധീനിക്കാത്തതിന്റെ കാരണം പിന്നീടാണ് ഞാൻ കണ്ടെത്തിയത്. ഉപദേശം എന്തെന്ന് ആരും പഠിപ്പിച്ചില്ല. മാർക്ക് വാങ്ങുന്നതും സമ്മാനം കിട്ടുന്നതും പഠിച്ചു എന്നത് ശരിയാണ്. പക്ഷെ, അക്കാലത്ത് വിശ്വാസ ജീവിതത്തിന് വളരെ പ്രാധാന്യമുള്ള കാലം തന്നെയാണ് എന്നത് നിസ്സംശയം പറയാം.

ഈ ലോക ജീവിതത്തിൽ എങ്ങനെയെങ്കിലും ജീവിച്ചാൽ പോരാ എന്നും ദൈവ കല്പന പ്രമാണിച്ചു ദൈവേഷ്ടം എന്തെന്ന് ഗ്രഹിച്ചു ജീവിതത്തിൽ തളർന്നു പോകാതെ വിശ്വാസത്തിൽ ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായിരിക്കണമെന്ന് അപ്പോസ്തലൻ പറഞ്ഞു തന്നിട്ടുണ്ട്. “ലോകത്തിന്റെ മോഹവും ഒഴിഞ്ഞു പോകും ദൈവേഷ്ടം ചെയ്യുവാനോ എന്നേക്കും നിലനില്ക്കും”. എന്നിങ്ങനെയുള്ള വചനങ്ങൾ ജീവിതത്തെ ക്രമീകരിക്കാനുള്ളതാണല്ലോ. ഒരേ സഭകൾക്കും അവരുടെതായ ഉപദേശ രൂപങ്ങളുണ്ട്, അവർക്ക് തനതായ ഒരു ക്രമീകരണ പാഠ്യവിഷയവുമുണ്ട്. സാമൂഹ്യ ജീവിത ചട്ടങ്ങളുണ്ട്. ആക്കൂട്ടത്തിലെ പെന്തെക്കോസ്തു വിശ്വാസികളാണ് ശരിയായ ഉപദേശം എന്തെന്ന് പഠിപ്പിക്കാൻ തുനിഞ്ഞത്. എന്ന് ഒരളവിൽ പറയാം. പൂർണ്ണ അളവിൽ ശരിയല്ല. കാരണം എല്ലാ ഉപദേശങ്ങളും തങ്ങളുടെ പ്രസ്ഥാനത്തിന്റെ നിലനില്പിന് ഉപകരിക്കുകയാണുണ്ടായത്. പാവം ജനം പലരുടെയും ഉപദേശം ദൈവവചനവുമായി കൈകൊണ്ടു. അതിനാൽ ദൈവവചനം എതെന്നറിയാതെ ഉപദേശിയുടെ വാക്കു കൊണ്ടു. അതിൽ ചിലതാണ് 3 ദിവസം ഉപവാസം, 21 ദിവസം ഉപവാസം, 40ദിവസം ഉപവാസം കൊള്ളാം പരിപാടി നന്നായിരിക്കുന്നു. ഇതിലൂടെ സഭ ഉണർത്തപ്പെടുന്നു. സഭയിൽ വിടുതൽ ഉണ്ടാകുന്നു. സഭ വളരുന്നു. ദൈവജനം ഉന്മേഷം പ്രാപിക്കുന്നു എന്ന് വരുത്തി തീർക്കുന്നു. അങ്ങനെയായാൽ നന്ന്. സഭ അനുഗ്രഹിക്കപ്പെടട്ടെ. അടുത്ത കാലത്ത് ഒരാൾ പ്രസംഗിക്കവേ ചോദിച്ചു ദൈവം പെന്തെക്കോസ്തു സഭ സ്ഥാപിച്ചുവോ? ഇല്ല യേശുക്രിസ്തു മുഖാന്തിരം പെന്തെക്കോസ്തുകാരെയല്ല ലക്ഷ്യം വെച്ചത്, പിന്നെ ക്രിസ്ത്യാനിയെയാണോ? അതുമല്ല ക്രിസ്തുവിന്റെ നാമം പറഞ്ഞുള്ള കൂട്ടത്തെ ക്രിസ്ത്യാനികൾ എന്ന് വിളിപ്പേരുണ്ടായതാണ്. പിന്നെ ഐ. പി. സിയും ചർച്ച് ഓഫ് ഗോഡും, ശാരോനും, അസംബ്ലീസ് ഗോഡുമൊക്കെയാണോ? അല്ല. ഈ പറഞ്ഞ സഭകളിലെല്ലാം ദൈവമക്കളായിട്ടുള്ളവർ ഉണ്ടെന്നുള്ളത് വളരെ സത്യമാണ്. കൃപയാൽ ദൈവം അത് ചെയ്തെടുക്കുന്നു. ചെറിയൊരു കൂട്ടം പേർ കർത്താവിന്റെ വരവ് താമസിക്കുന്നതിന് കാരണം ഒരുപക്ഷെ വിശുദ്ധഗണം സഭയിൽ തികഞ്ഞില്ല എന്ന കാരണത്താലാകാം.

ഈ മേലപ്പറഞ്ഞ സഭകൾ ശരിയല്ലെന്ന കാരണം പറഞ്ഞ് കുറെ സ്വതന്ത്ര സഭകൾ വന്നിട്ടുണ്ടല്ലോ. വലിയ ഉപദേശ വ്യത്യാസങ്ങൾ ഒന്നും പറയാനില്ലെങ്കിലും എന്തെങ്കിലും ചില വ്യത്യാസം അവർ ഒപ്പിക്കും. ചിലർ രാത്രിയിലെ തിരുവത്താഴം കഴിക്കത്തുള്ളു; മറ്റു ചിലർ ആഭരണം ധരിച്ചാൽ തിരുവത്താഴം തരത്തില്ല. ഉപവാസവും പ്രാർത്ഥനയോടും കൂടെ മാത്രമേ ചിലർ തിരുവത്താഴം ക്രമീകരിക്കുകയുള്ളൂ. ചിലർ തിരുവത്താഴത്തിന്റെ പ്രാധാന്യം ഓർത്ത് സ്വന്തമായി ബ്രെഡ് അഥവാ അപ്പം ഉണ്ടാക്കിയും വീഞ്ഞ് ഉണ്ടാക്കിയുമെ ഉപയോഗിക്കാറുള്ളു. പിന്നെയിങ്ങോട്ടു വെള്ള വസ്ത്രം ധരിക്കുന്ന കാര്യവും തുടങ്ങി ധാരാളം വിശുദ്ധ ന്യായങ്ങളിൽ അവർ ജനത്തെ ഉപദേശിക്കുന്നു. മറ്റു ചിലർക്കാകട്ടെ ഇതൊന്നും വിഷയമേയല്ല ഞങ്ങളുടെ പഠിപ്പിക്കൽ ശ്രദ്ധിച്ചു കൊണ്ട് ഞങ്ങൾക്കൊപ്പം നിന്നാൽ മതി. ഞങ്ങളെ ചോദ്യം ചെയ്യരുതെന്നും മാത്രം. തീർന്നില്ല ഉപദേശത്തിന്റെ കാറ്റിനാൽ ആടിയുലയുന്നവർ അനേകരാണ്. വേർപെട്ട സഭയിൽ ഇതാണ് കാര്യങ്ങളെങ്കിൽ സമുദായത്തിൽ സ്ഥിതി എന്തായിരിക്കും എന്ന് ചിന്തിച്ചു കൊൾക. ആരെയും കുറ്റം പറയാനല്ല ഈ വാക്ക് ഉപയോഗിച്ചത്; മറിച്ച് ചിലതൊക്കെ കാണുമ്പോൾ ഉള്ളം കലങ്ങുന്നു എന്ന് പറയട്ടെ. ഒരിക്കൽ വിശ്വാസത്തിന്റെ നല്ല നിലപാടു സൂക്ഷിച്ചവർ ഇന്ന് തങ്ങളുടെ മക്കളുടെ കാര്യത്തിൽ ഇടപെടാറില്ല. ഇഷ്ടം പോലെ പണവും ഇഷ്ടം പോലെ ധൂർത്തുമാകാം. പഠിപ്പിക്കൽ മാറ്റാതിരുന്നാൽ മതിയല്ലോ. എന്ന് പറയേണ്ടി വരുന്നു. മറ്റു ചിലരാകട്ടെ ഉപദേശത്തിന്റെ കടുകട്ടിയായ നിലപാടുള്ളവരായിരിക്കയാൽ തങ്ങളുടെ സഭയിലെ പലരേയും തുറന്നു ശാസിക്കയും അവരോടുള്ള കടുത്ത നിലപാടിൽ ഉറച്ചു നില്ക്കയും ചെയ്തപ്പോൾ സ്വന്തം മക്കളുടെ കാര്യത്തിൽ ഉറച്ചു നില്ക്കയും ചെയ്തപ്പോൾ സ്വന്തം മക്കളുടെ കാര്യത്തിൽ കരണം മറിഞ്ഞ അനുഭവങ്ങൾ ഉണ്ട്. പാവം ജനം വിഡ്ഢിയാണ്. നാം നല്ലവരായത് എപ്പോഴാണ് നേതൃത്വത്തെ അനുസരിച്ചപ്പോൾ മാത്രം എല്ലായിടത്തും (ആത്മീക കാര്യമാണ്) പ്രശ്നങ്ങളാണ്.

ലോകപ്രകാരം നോക്കുമ്പോഴും രാജ്യത്തും, ലോകത്തും പ്രശ്നങ്ങളാണ്; സഭയിൽ മാത്രമല്ല വീടുകളിലും പ്രശ്നങ്ങളാണ്. ഒരു സ്വസ്ഥതയുമില്ലാതെ ജനം ആരെയും വിശ്വാസമർപ്പിക്കാതെ ഓടി നടക്കുന്നു. ആ സഭ ഈ സഭയേക്കാൾ മെച്ചമാണ് എന്ന് തോന്നുമാറ് കാര്യങ്ങൾ നീളുന്നു. ഒരു സഭയും മെച്ചമല്ല, പിന്നെ ചില നല്ല നിലപാടുകൾ സൂക്ഷിക്കുന്ന സഭ ഉണ്ടെങ്കിൽ അവരോടു ചേർന്നു പോകയെ നിർവ്വാഹമുള്ളു. ഒരു സത്യം നാം ഗ്രഹികാതെ പോകരുത്. ദൈവമുമ്പാകെ നാം നില്കേണ്ടവരാണ്. നമ്മുടെ വിശ്വാസം യേശുക്രിസ്തുവാണെന്നും അവൻ മൂലം നമുക്ക് പിതാവിന്റെ സന്നിധിയിൽ പ്രവേശനമുണ്ട് എന്നുമാണ്. നാം നില്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചിരിക്കുന്നു.

നാം നിത്യതയ്ക്കായി വാഞ്ചയുള്ളവരാകണം, വാട്ടവും മാലിന്യവുമുള്ള ഉപദേശങ്ങളിൽപ്പെട്ടു പോകാതെ ബെരോവയിലെ വിശ്വാസികൾ ചെയ്തതു പോലെ തിരുവെഴുത്തുകളെ ശോധന ചെയ്യണം. സത്യ ഉപദേശം പഠിപ്പിച്ചു പോരുന്ന മുഖ്യധാരാ സഭകൾ പോലും നേതൃത്വത്തിന്റെ മാറ്റങ്ങൾ നിമിത്തവും നേതാവിന്റെ മാനസ്സികമാറ്റവും നിമിത്തവും ഉപദേശത്തിൽ നിന്നും മാറിപ്പോയിട്ടുണ്ട്. സംശയമില്ല, പിന്നെയുള്ളത് കഠിന ഉപദേശത്താൽ ഒറ്റപ്പെട്ടു നില്കുന്ന സഭകളാണ്. അവിടെയും അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. ഒരീടത്തും രക്ഷയില്ലായെന്ന് ചുരുക്കം. ക്രിസ്തീയ നാമാവശേഷമാകുന്നില്ലേ എന്ന് തോന്നിപ്പോകുന്നു. വിശ്വസിക്കുന്നവർ കുറവ്, വിശ്വസിക്കാവുന്നവരും ഏറെ കുറഞ്ഞുപ്പോകുന്നു. വിശ്വാസികൾ എന്ന പേരു മാത്രം മതിയോ? നിരീശ്വരനും വിശ്വാസിയാണ്. അവൻ വിശ്വസിക്കുന്നത് ദൈവം ഇല്ല എന്നു ഉള്ളതാണ് ദൈവം ഉണ്ടെന്ന് വിശ്വസിച്ചാൽ മതിയോ? പോരാ!....... യഥാർത്ഥ ദൈവത്തെ കണ്ടതിന്റെ ചാരിതാർത്ഥ്യം ഉണ്ടാവണം. ക്രിസ്ത്യാനിയാകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ നില്ക്കുന്നതിൽ സന്തോഷിക്കണം.

നാം ദൈവപുത്രന്മാരായി ദൈവതേജസ് ലഭിച്ചവരായി ദൈവനാമത്തിന്റെ മഹത്വത്തിനായി നില്ക്കുന്നതിൽ ലജ്ജിക്കരുത്. നാം വെറുമൊരു ക്രിസ്ത്യാനിയല്ല. ക്രിസ്തുവിന്റെ ആത്മാവ് ഉള്ളിൽ വസിക്കുന്ന ദൈവമക്കളായി ജീവിക്കണം. ക്രിസ്ത്യാനിയെന്ന പേരുപോലും ലോകക്കാർ നല്കിയ പേരാണ്. പെന്തെക്കോസ്തും അങ്ങനെയാണ് അതൊരു ഉത്സവ ദിനമാണ്. കർത്താവിന് ആവശ്യം ജീവിതമാണ്, ജീവിതം ഒരു ദിവസമോ ഒരു വർഷമോ അല്ലല്ല. അതിനൊരു ആരംഭവും അവസാനമുണ്ട്. തിരുവെഴുത്തുകൾ ആത്മാവിൽ സാക്ഷീകരിക്കപ്പെട്ട് നമ്മിൽ ജീവിക്കുന്ന ക്രിസ്തുവിന് വെളിപ്പെടുത്തുന്നു. യേശു വെറുതെ കഷ്ടമനുഭവിച്ചതാണോ? അല്ല. അതിനൊരു ദൈവീക നിശ്ചയം ഉണ്ടായിരുന്നു. നാമും ക്രിസ്തുവിനോട് അനുരൂപകരാകണം. ക്രിസ്തു നമ്മിലൂടെ ജീവിക്കണം. നമ്മെയും നിത്യതയിൽ പിതാവിന്റെ സന്നിധിയിൽ എത്തണം. പുത്രനു ലഭിക്കേണ്ട എല്ലാ അവകാശവും അവൻ നമുക്കു നല്കുന്ന ആ സുദിനം കാത്തിരിക്കയാണ്. യേശു വേഗം വരേണമേ, എന്ന പ്രാർത്ഥന ഈ ലക്ഷ്യത്തിനായിരിക്കണം. സ്വർഗ്ഗത്തിൽ അത്ഭുതങ്ങളില്ല അടയാളങ്ങളില്ല. ദൈവത്തെ താൻ ആയിരിക്കുന്നതു പോലെ കാണുന്ന കാഴ്ചയാണ് നമ്മെ സംബന്ധിച്ച് അതിശയകരമായിട്ടുള്ളത്. എന്നും എവിടെയും അതിശയിപ്പിക്കുന്ന കാഴ്ചകൾ അതാണ് അവിടുത്തെ ജീവിതം.

## 10 വീക്ഷണം.......

പ്രചരണം അഴിച്ചുവിട്ടാലും പ്രതിരോധിക്കാൻ ആരുമുണ്ടാവില്ല എന്നതാണ് അവസ്ഥ. ഈ തിരിച്ചറിവിൽ നിന്നുമാണ് സുവിശേഷ വിരോധികൾ ‘സെമിത്തേരികളിൽ’ പ്രശ്നം സൃഷ്ടിക്കുന്നത്. തൃശ്ശൂർ പറവട്ടാനിയിൽ പെന്തെക്കോസ്ത് സെമിത്തേരികൾക്കെതിരെ വിഷയമുണ്ടാക്കിയവർക്ക് തൊടുപുഴ ന്യൂമാൻ കോളജിന് അനധികൃത സെമിത്തേരി നിർമ്മാണമെന്ന ആരോപണവുമായി അധികകാലം സമരം നയിക്കാൻ കഴിഞ്ഞില്ല. ഇത് ചൂണ്ടിക്കാട്ടുന്നത് പെന്തെക്കോസ്തർ സംഘടിതരല്ല എന്നതിലേക്കാണ്.

**ഇനിയെന്തു ചെയ്യാൻ കഴിയും**

1. പെന്തെക്കോസ്ത് ഐക്യവേദികൾ രൂപീകരിക്കുകയും പ്രാദേശിക സഭകൾ എന്ന വികാരം മറന്ന് ദൈവജനം ഒന്നിക്കുകയും ചെയ്താൽ തന്നെ പ്രശ്നങ്ങൾ ഒരു പരിധി വരെ മാറിക്കിട്ടും. പെന്തെക്കോസ്ത് ഐക്യവേദികൾക്കായി പൊതു ശ്മശാനമോ സെല്ലുകളോ നിയമാനുസൃതം നിർമ്മിക്കുകയും എല്ലാ സഭകൾക്കുമായി ഉപയോഗിക്കുകയും ചെയ്യാം. അല്പം വിപ്ലവകരമായി നിലവിലുള്ള സെമിത്തേരികൾ എല്ലാ സഭകൾക്കുമായി തുറന്നു കൊടുക്കുകയും ചെയ്യാം. ഒരു സ്വർഗ്ഗത്തിലേക്ക് പോകാനിരിക്കുന്നവർക്ക് എന്തിനാണ് വെവ്വേറെ സെമിത്തേരികൾ?

2. കൃത്യമായി സംരക്ഷണം ഉറപ്പുവരുത്തുക. ചുറ്റുമതിലുകൾ നിർമ്മിക്കുക. സെമിത്തേരികൾ കാടുപിടിക്കാതെ സംരക്ഷിക്കുകയും ചെടികൾ വെച്ചുപിടിപ്പിക്കുകയും ചെയ്യുക. ആഹാരാവിശ്ടങ്ങൾ ശരിയായി സംസ്കരിക്കുക.

3. കൃത്യമായി അനുമതി ഗ്രാമപഞ്ചായത്തിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നും വാങ്ങി സെമിത്തേരികൾ തുടങ്ങുക. ജനവാസകേന്ദ്രങ്ങളെ സെമിത്തേരികൾക്കായി തെരഞ്ഞെടുക്കാതിരിക്കുക. സെമിത്തേരികൾ സംരക്ഷിക്കുന്നതിനും കോടതി വ്യവഹാരത്തിൽ നിന്നും സെമിത്തേരികൾ ഒഴിപ്പിച്ചെടുക്കുന്നതിനും ഐക്യവേദികളുടെ നേതൃത്വത്തിൽ ലീഗൽ സെല്ലുകൾ രൂപീകരിക്കുക.

നമ്മുടെ സെമിത്തേരികൾ തർക്ക പ്രദേശങ്ങളും ‘ശവക്കോട്ട’കളായും മാറാതെ കാലാവസാനം വരെ സമാധാനത്തിന്റെ ഉദ്യാനങ്ങളായി മാറുമെങ്കിൽ എത്ര നന്നായേനെ.

## 03 വേദപഠനം.......

കൗതുകവും രസകരവുമാണ്. പശുവിനെപോലെ വിശ്വാസികളെ കൊണ്ട് പുല്ലു തീറ്റിക്കുന്നു, കുരവയിടുക, കൂവുക, തുപ്പുക, ഛർദ്ദിപ്പിക്കുക, അനിയന്ത്രീതമായി ചിരിക്കുക, അസാധാരണമായി കരയുക, ഓടിച്ചെന്നു ജനാലകളിൽ പിടിച്ചു കയറുക, പാമ്പ് ഇഴയുന്നതുപോലെ നിലത്ത് വീണുപുളയുക, ഒരേ വാക്കുകൾ തന്നെ മിനിട്ടുകളോളം ആവർത്തിച്ച് കൊണ്ടിരിക്കുക, ആഭാസകരമായ നൃത്തച്ചുവടുകൾ വയ്ക്കുക, പാമ്പിനെ പിടിക്കുക, പാമ്പിനെ വിഴുങ്ങുക, ഉന്മാദം ഉണർത്തുന്ന താളം പുറപ്പെടുവിച്ച് ജനങ്ങളെ ഇളക്കുക, ഒരാളുടെ ശരീരത്തിലേക്ക് പരിശുദ്ധാത്മ പ്രകടനമെന്ന പേരിൽ ചാടിക്കയറുക, ഒന്നിലധികം ആളുകൾ ഉന്മാദാവസ്ഥയില്ലെന്നപ്പോൾ ഒന്നിനു പുറകെ ഒന്നായി കൈചുറ്റി ട്രെയിൻ കളിക്കുക, രോഗികളെ രോഗശാന്തിയുടെ പേരിൽ ശക്തമായി ഇടിക്കുക, പ്രഭാഷകന്റെ വിയർപ്പ് തുടച്ച തൂവാലകൾ രോഗികളുടെ മേലെക്ക് വലിച്ചെറിയുക, പൈശാചിക ശബ്ദത്തിലെന്നപ്പോൾ നിലവിളിയുടെ ശബ്ദം പുറപ്പെടുവിക്കുക, പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദം പുറപ്പെടുവിക്കുക, ബൈബിളിലെ വെളിപ്പാടു പുസ്തകത്തിലെ സംഭവങ്ങളെ കാലഘട്ടത്തിലെ ഏതെങ്കിലും യാദൃശ്ചിക സംഭവങ്ങളുമായി കൂട്ടിച്ചേർത്ത് ദുർവ്യാഖ്യാനം നടത്തുക, വിസ്മയവും വിചിത്രവും കലർന്ന പ്രവചനങ്ങളും ദൂതുകളും നൽകുക, ഊതിയിടുക, ഊതിയിട്ടും വീണില്ലെങ്കിൽ ഉന്തി വീഴ്ത്തുക, ശാപം മാറ്റാനെന്ന പേരിൽ ശാപത്തിന്റെ പ്രതിരൂപം ഉണ്ടാക്കി അത് ചവിട്ടുക, ചവിട്ടിപ്പൊട്ടിക്കുക, ഇങ്ങനെയുള്ള അനേക വിക്രിയങ്ങളെ കുറിച്ചു പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ എന്ന പേരിൽ(കടപ്പാട്: മാറാനാഥാ വോയ്സ്, കൊട്ടാരക്കര, ഷാജി മാറാനാഥാ, സെപ്റ്റംബർ 10, 2015, പേജ് 2).

(തുടരും...)

# പി. സി. എൻ. കെ. 2016 നേതൃത്വനിരയിൽ അഭിമാനത്തോടെ പാസ്റ്റർ ഷാജി കെ. ഡാനിയേൽ



പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് കോട്ടയം എന്ന നയനമനോഹരമായ കൊച്ചുഗ്രാമം. അവിടെ വട്ടപ്പാറ എന്ന കത്തോലിക്ക കുടുംബത്തിലെ മത്തായി ഡാനിയേലിന്റെയും ഏലിയാമ്മ ഡാനിയേലിന്റെയും അഞ്ചുമക്കളിൽ ഇളയവനായി ഷാജി കെ. ഡാനിയേൽ ജനിച്ചു. കത്തോലിക്ക സഭയുടെ ചട്ടക്കൂട്ടിൽ വളർന്നു വന്ന ഷാജി എന്ന ബാലകൻ പത്തനംതിട്ടയിലും പന്തളത്തുമായി സ്കൂൾ, കോളേജ് വിദ്യാഭ്യാസം നടത്തി. ഉപരിപഠനത്തിനായി ബാംഗ്ലൂരിലേക്ക് എത്തിച്ചേർന്നത് തന്റെ ആത്മീയ ജീവിതത്തിന് വഴിത്തിരിവായി മാറി. 1988-ൽ രക്ഷകനെ കണ്ടെത്തി. സി. എ. പഠനകാലത്ത് ആത്മീയ ശുശ്രൂഷകളിൽ സജീവമായിരുന്നു. 1993-ൽ വിവാഹാനന്തരം അമേരിക്കയിലെത്തിയ അദ്ദേഹം വിവിധ മേഖലകളിൽ വിജയക്കൊടി പാറിച്ച് മുന്നേറുകയാണ്. ബിസിനസ് രംഗത്ത് അറിയപ്പെടുന്നതോടൊപ്പം ആത്മീയ രംഗത്തും ആദരിക്കപ്പെടുന്ന വ്യക്തിത്വമാണ് പാസ്റ്റർ ഷാജി കെ. ഡാനിയേലിന്റേത്.

ഹോം ഹെൽത്ത് കെയർ ബിസിനസിൽ അഗപ്പെ എന്ന സ്ഥാപനം പ്രശസ്തമാണിന്ന്. 2013-ൽ ആരംഭിച്ച അഗപ്പെ എന്ന സഭ ഡാളസിലെ പ്രമുഖ സഭകളിലൊന്നായി മാറിക്കഴിഞ്ഞു. പ്രഭാഷകൻ, സഭാ ശുശ്രൂഷകൻ, ഗാനരചയിതാവ്, ഗായകൻ ഇങ്ങനെ പല ലേബലുകൾ ചാർത്തിക്കൊടുക്കുവാനുണ്ടെങ്കിലും കർത്താവിന്റെ ദാസൻ എന്നറിയപ്പെടുന്നതിൽ സന്തോഷിക്കുകയാണ് പാസ്റ്റർ ഷാജി കെ. ഡാനിയേൽ. അമേരിക്കൻ മലയാളി പെന്തെക്കോസ്തു ചരിത്രത്തിൽ ഇതുവരെ കാണാത്ത നിലയിൽ ശ്രദ്ധേയമായി മാറിക്കഴിഞ്ഞു 2016 പിസിനാക്ക്. ഈ സമ്മേളനത്തിന്റെ സാരഥി എന്ന നിലയിൽ അമേരിക്കൻ പെന്തെക്കോസ്ത് സഭകളെ ഐക്യതയുടെ ചരടിൽ ഒന്നിച്ചു നിർത്തുന്നതിൽ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള പിസിനാക്ക് സമിതിക്കു കഴിഞ്ഞു എന്നത് നിസ്തർക്കമാണ്.

ബാംഗ്ലൂരിൽ പഠനത്തിനെത്തിയ ഷാജി കെ. ഡാനിയേൽ യേശുവിലൂടെയുള്ള രക്ഷയും സുവിശേഷ വേലയ്ക്കായുള്ള വിളിയും ഉറപ്പാക്കി. M.com പഠന ശേഷം C.A പ്രാഥമിക പഠനം നടത്തുന്ന കാലയളവിലാണ് 1993-ൽ വിവാഹിതനാകുന്നത്. പാസ്റ്റർ എം. എ. വർഗ്ഗീസിന്റെ സഭയിൽ ആത്മീക വളർച്ചയുടെ പടവുകൾ കയറുവാൻ ആരംഭിച്ചു. സഭയുടെ ക്വയർ ഡയറക്ടർ, യൂത്ത് ഡയറക്ടർ, സണ്ടേ സ്കൂൾ ഡയറക്ടർ, ബിൽഡിംഗ് കമ്മിറ്റിയംഗം തുടങ്ങി വിവിധ തലങ്ങളിൽ പ്രവർത്തിച്ചുവന്നതു കൂടാതെ HAL സഭയുടെ ശുശ്രൂഷയിലും മറ്റ് Out station-നുകളിലും സജീവമായി. ബാംഗ്ലൂരിൽ എ.ജി. സഭകളിൽ അക്കാലത്ത് ശുശ്രൂഷകളിലും സജീവമായിരുന്നു.



ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യുവും ബ്രദർ ജോൺസ് പി. മാത്യൂസും (പി.സി. എൻ. കെ. പബ്ലിസിറ്റി കോർഡിനേറ്റർ) റവ. ഷാജി കെ. ഡാനിയേലിനോടൊപ്പം ഡാളസിലെ അഗപ്പെ ഓഫീസിൽ

1993-ൽ ചെങ്ങന്നൂർ കൊഴുവല്ലൂർ കീരിക്കാട്ട് വലിയ വിളയിൽ കോശി ചെറിയാൻ - അന്നമ്മ ദമ്പതികളുടെ മകൾ ഷൈനി ജീവിതസഖിയായി. ഒറീസയിൽ ജനിച്ച ഷൈനി 6-ാം വയസിൽ മാതാപിതാക്കളോടൊപ്പം അമേരിക്കയിലെത്തി. BA, MBA, MBH ബിരുദങ്ങൾ നേടിയ സഹോദരി ഷൈനി നിയമത്തിൽ ഡോക്ടറേറ്റും (JD) നേടി. അറ്റോർണി എന്ന നിലയിലും അഗപ്പെ ഹോം ഹെൽത്ത് കെയർ CEO & അഡ്മിനിസ്ട്രേറ്റർ എന്ന നിലയിലും മാത്രമല്ല സുവിശേഷ പോർക്കളത്തിലും സജീവവും പ്രസിദ്ധയുമാണ്.

1993-ൽ അമേരിക്കയിലെത്തിയ ഷാജി കെ. ഡാനിയേൽ ഭാരത സുവിശേഷീകരണത്തിൽ എന്നും ശ്രദ്ധിച്ചിരുന്നു. വള്ളിക്കോട് കോട്ടയത്ത് ആരംഭിച്ച അഗപ്പെ ബൈബിൾ കോളേജും ഇംഗ്ലീഷ് സ്കൂളും ഇന്ന് പ്രസിദ്ധമാണ്. അഗപ്പെ എന്ന പ്രസ്ഥാനത്തിന്റെ കീഴിൽ ആന്ധ്രാപ്രദേശിൽ നാൽപ്പതിലധികം സഭകളും സുവിശേഷകരും ഉണ്ട്. കൂടാതെ അബുദാബി, ഷാർജ്ജ എന്നിവിടങ്ങളിലും അഗപ്പെ ചർച്ചിന്റെ ആരാധന നടക്കുന്നു. ഡാളസിലെ ക്രൈസ്റ്റ് ഫോർ ദി നേഷൻ ബൈബിൾ കോളേജിൽ നിന്നും വേദശാസ്ത്രത്തിൽ അഡ്വാൻസ്ഡ് പാസ്റ്റോറിയൽ സ്റ്റഡിയിൽ ബിരുദം നേടിയ പാസ്റ്റർ ഷാജി. കെ. ഡാനിയേലിന് 1997-ൽ ഓർഡിനേഷൻ ലഭിച്ചു.

100-ലധികം ക്രൈസ്തവ ഗാനങ്ങൾ രചിച്ചിട്ടുള്ള പാസ്റ്റർ ഷാജി. കെ. ഡാനിയേൽ അനുഗ്രഹീത ഗായകൻ കൂടിയാണ്. 11 വോള്യം ഗാന സിഡികൾ പുറത്തിറക്കിയിട്ടുള്ള ഇദ്ദേഹം തന്നെ തന്റെ ഗാനങ്ങൾക്ക് ട്യൂണും നൽകുന്നു. 2016 പിസിനാക്കിന്റെ തീം സോങ്ങ് രചിച്ചതും ഇദ്ദേഹമാണ്.

2013-ൽ ഡാളസിൽ ആരംഭം കുറിച്ച അഗപ്പെ ചർച്ചിൽ ഇന്ന് നൂറിലധികം വിശ്വാസികൾ ആരാധനയ്ക്കായി കടന്നുവരുന്നു. 15 ഏക്കറിനുള്ളിൽ വിശാലമായ സൗകര്യങ്ങളോടു കൂടിയ ആരാധനാലയം ഇവിടെയുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലുമായി ആരാധന നടക്കുന്നു. ഇവിടെ എടുത്തു പറയേണ്ട കാര്യം 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രയർ ചാപ്പലാണ്. സീക്രെട്ട് പ്ലേസ് എന്ന ഈ പ്രാർത്ഥന സ്ഥലത്ത് ആർക്കും ഏതു സമയത്തും വന്നു പ്രാർത്ഥിക്കുവാനുള്ള സൗകര്യമുണ്ട്.

ബിസിനസ് രംഗത്ത് പ്രമുഖനായ പാസ്റ്റർ ഷാജി കെ. ഡാനിയേൽ മറ്റു സമൂഹസ്ഥരും പൊതുസമൂഹവും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വ്യക്തിത്വത്തിനുടമയാണ്. തന്റെ സേവനങ്ങളെ മാനിച്ച് തനിക്ക് ലഭിച്ച അംഗീകാരങ്ങളും പുരസ്കാരങ്ങളും അനവധിയാണ്. Mayoral Pillar of the Community Award 2013 (Mesquite), Minority Business Leader Award 2013 (Dallas Bus. Journal), Citizen of the Year 2012-2013 (Mesquite) തുടങ്ങിയ പുരസ്കാരങ്ങൾ കൂടാതെ Sunnyvale Chamber of Commerce Vice Chairman, Sunnyvale Home Rule Charter Commissioner തുടങ്ങിയ ചുമതലകളും തന്നെ തേടിയെത്തി.

ഒരു ദൈവപൈതൽ എന്ന നിലയിൽ അതിന്റെ മാന്യത നഷ്ടപ്പെടുത്താതെ സമൂഹമദ്ധ്യേ ആദരിക്കപ്പെടുമ്പോൾ അത് പെന്തെക്കോസ്ത് സമൂഹത്തിന് പ്രത്യേകിച്ച് മലയാളികൾക്ക് അഭിമാനമാണ്. റവ. ഷാജി. കെ. ഡാനിയേൽ സഹധർമ്മിണി ഷൈനി ചെറിയാൻ ഡാനിയേൽ മക്കളായ സാറാ, രൂത്തൻ, മേരിബത്ത്, പ്രിസ്കില്ലാ, പോൾ എന്നിവർ ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ അത് സുവിശേഷത്തിന് ലഭിച്ച അംഗീകാരം കൂടെയാണ്.

കഴിഞ്ഞ കാല പിസിനാക്ക് സമ്മേളനങ്ങളിൽ നിന്നും വിഭിന്നമായി ഐക്യതയോടെ മുന്നേറുവാൻ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സമിതിക്ക് കഴിയുന്നു. ബ്രദർ റ്റിജു തോമസ്, ബ്രദർ തോമസ് വർഗീസ് എന്നിവരോടൊപ്പം ഇദ്ദേഹം പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നു. പല കാരണങ്ങളാൽ മന്ദീഭവിച്ചുപോയ പിസിനാക്കിന് ഒരു നവജീവൻ നൽകുവാൻ ഇവർക്ക് കഴിഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെയും ഐക്യതയുടെയും ചരടിൽ അമേരിക്കൻ ഐക്യനാടുകളിലെ സഭകളെ കോർത്തിണക്കുവാൻ കഴിഞ്ഞു എന്നതും 2016 പി. സി. എൻ. എ. കെ.യെ ജനം പ്രതീക്ഷയോടെ കാണുവാൻ കാരണമായി. വിവിധ സ്റ്റേറ്റുകളിൽ നടന്ന ഫെലോഷിപ്പ് മീറ്റിംഗുകളിലെ വൻ ജനപങ്കാളിത്തം ഇതിന് തെളിവാണ്. കൂടാതെ ഗൾഫ് നാടുകളിലും ഇക്കുറി പ്രമോഷണൽ മീറ്റിംഗുകൾ നടന്നു കഴിഞ്ഞു. ഡാളസിലെ യുവജനങ്ങളെ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുവാൻ കഴിഞ്ഞുവെന്നതും ശുഭോദർക്കമാണ്. എല്ലാ സഭകളുടെയും പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലോക്കൽ കമ്മിറ്റിയും 2016 പി. സി. എൻ. എ. കെ.യ്ക്ക് മുതൽകൂട്ടാണ്. പാസ്റ്റർ കെ. സി. ജോൺ, ബ്രദർ വെസ്ലി മാത്യു, ബ്രദർ ഷാജി മണിയാറ്റ്, ബ്രദർ ബിജു തോമസ്, പാസ്റ്റർ കെ. വി. തോമസ്, ബ്രദർ വർഗ്ഗീസ് വർഗ്ഗീസ്, ബ്രദർ രഞ്ചി ജോൺ, ബ്രദർ എബിൻ വർഗ്ഗീസ്, ബ്രദർ ബിജു ഡാനിയേൽ, ബ്രദർ ആശിഷ് അലക്സാണ്ടർ, ബ്രദർ ബിജോ സോളമൻ ഫിലിപ്പ്, ബ്രദർ വിൽസൻ തരകൻ, ബ്രദർ ബിനോയ് ഫിലിപ്പ്, ബ്രദർ ജോ മാത്യൂസ്, ബ്രദർ ഫിന്നി സാം, ബ്രദർ ജെറി കെ. രാജൻ, സിസ്റ്റർ മേഴ്സ് തോമസ്, സിസ്റ്റർ ആഷാ ആൻഡ്രൂസ്, ബ്രദർ റോബിൻ രാജു തുടങ്ങിയവർ പി. സി. എൻ. എ. കെ. 2016 ന്റെ വിജയത്തിന് പിന്നണിയിൽ നിശബ്ദ സേവനത്തിലാണ്. ഗുഡ്ന്യൂസ് ചെയർമാനായിരുന്ന വി. എം. മാത്യൂസ് സാറിന്റെ മകൻ ബ്രദർ വെസ്ലി മാത്യു ലോക്കൽ കോർഡിനേറ്റർ എന്ന നിലയിൽ പൊതുസേവന രംഗത്ത് തന്റെ കഴിവ് തെളിയിച്ചു കഴിഞ്ഞു. ഏറെ പുതുമകളും വ്യത്യസ്തമായ ശുശ്രൂഷകളുമായി പിസിനാക്ക് 2016 വ്യത്യസ്തമാകുമെന്നതിന് സംശയമില്ല. ലോകപ്രശസ്ത സുവിശേഷകരായ റെയ്നാർഡ് ബോങ്കെയും സുപ്രസിദ്ധ ക്രിസ്ത്യൻ മ്യൂസിക് ബാന്റായ ഹിൽസോംഗും വൻ ജനപങ്കാളിത്വത്തിന് കാരണമാകും. ലീഡർഷിപ്പിന്റെ ഐക്യതയോടുള്ള പ്രവർത്തനം പി. സി. എൻ. എ. കെ. 2016 ന്റെ വിജയത്തിന്റെ പ്രധാനഘടകമായിരിക്കും.



പി. സി. എൻ. കെ. 2016 നാഷണൽ സെക്രട്ടറി ബ്രദർ റ്റിജു തോമസ്, ട്രഷറർ തോമസ് വർഗീസ് എന്നിവരോടൊപ്പം പാസ്റ്റർ ഷാജി കെ. ഡാനിയേൽ

ദൈവനാമം മഹത്വപ്പെടണം എന്ന ചിന്തയോടെ പാസ്റ്റർ ഷാജി കെ. ഡാനിയേൽ തന്റെ പ്രവർത്തന മേഖലകളെ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. ഒപ്പം തന്റെ പ്രവർത്തനത്തിന്റെ വിജയം ലഭിക്കുവാൻ നിശബ്ദ സേവനവുമായി പിന്നണിയിൽ സഹധർമ്മിണി ഷൈനി ചെറിയാൻ ഡാനിയേലും സജീവമാണ്.



## ഡോ. കോര സംസാരിക്കുന്നു



1. റാന്നിയിലെ ഒരു നേതാവിനെ ജേണൽ പരാമർശിക്കുമ്പോഴൊക്കെയും സ്ഥിരമായി ഊമക്കത്ത് ജേണലിന് ലഭിക്കാറുണ്ടെന്ന് കേട്ടല്ലോ. ആളിനെ പിടികിട്ടിയോ കോരേ?

– തോമസ്കുട്ടി, വെച്ചൂച്ചിറ

*അത് നേതാവിന്റെ ശിങ്കിടികളായ റാന്നിക്കാരാണ് എന്ന് ഉറപ്പല്ലേ. കുഞ്ഞും മോനും കുട്ടിയുമൊക്കെ ചേർന്ന ഒരു അധമത്രിത്വത്തിന്റെ സൃഷ്ടി.*

2. ഹെബ്രോൻപുരത്ത് ആരൊക്കെയോ ചേർന്ന് കത്ത് വിതരണം ചെയ്ത വ്യക്തിയെ തലോടി എന്ന് കേട്ടല്ലോ. വല്ല യാഥാർത്ഥ്യവും ഉണ്ടോ?

– എബി, ഡാളസ്

*കത്ത് വിതരണം ചെയ്യുവാൻ ധൈര്യം കാണിച്ച വ്യക്തി തലോടൽ ഏൽക്കുവാനുള്ള സമർപ്പണത്തോടെ ആയിരിക്കുമല്ലോ ഹെബ്രോൻപുരത്ത് കാല് കുത്തിയത്. അവൻ എന്റെ കൈകൾക്ക് യുദ്ധാഭ്യാസം വരുത്തുന്നു എന്നും ഞാൻ എന്റെ ശത്രുക്കളെ പിന്തുടർന്ന് പിടിച്ച് അവരെ മുടിക്കുവോളം പിന്തിരിഞ്ഞില്ലായെന്നും വാക്യങ്ങളുണ്ടല്ലോ. അപ്പോൾ ഇതിലധികവും പ്രതീക്ഷിക്കാം.*

3. ഐ. പി. സി. ഇലക്ഷനിൽ തങ്ങൾ ജയിച്ചാൽ എല്ലാം ശരിയാകുമെന്ന് ഇരുപാനലുകാരും അവകാശപ്പെട്ടാണല്ലോ ഇലക്ഷനെ അഭിമുഖീകരിച്ചത്. കോരയുടെ പ്രതീക്ഷ എന്താണ്?

– സുബിൻ, കുമ്പനാട്

*എൽ. ഡി. എഫ് വരും എല്ലാം ശരിയാകും എന്നാണല്ലോ എല്ലാവരുടെയും പ്രതീക്ഷ. അതുതന്നെയാണ് കോരയുടെയും പ്രതീക്ഷ. എൽ. ഡി. എഫ് ആരാണെന്ന് റിസൾട്ട് വന്നതിനുശേഷം പറയാം.*

# ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് ടൊറന്റോയിൽ



പാസ്റ്റർ സാംകുട്ടി വർഗ്ഗീസ്



പാസ്റ്റർ സന്തോഷ് പൊടിമല



പാസ്റ്റർ സാം മാത്യു



പാസ്റ്റർ ജോഷ്വാ ജോസഫ്

**കാനഡ:** നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് മലയാളി കോൺഫറൻസ് ജൂലൈ 14 മുതൽ 17 വരെ കാനാഡായിലെ ടൊറന്റോയിൽ ഹോളിഡേ ഇൻ ഹോട്ടലിൽ വച്ച് നടക്കും. അമേരിക്കയിലെ വിവിധ പട്ടണങ്ങൾ കേന്ദ്രികരിച്ച് നടക്കുന്ന കോൺഫറൻസ് ഈ പ്രാവശ്യം കാനഡയിൽ നടക്കുന്നു എന്നുള്ളത് ഒരു പ്രത്യേകതയാണ്. പാസ്റ്റർമാരായ ജാകിബ്സ് ഹൗള, പി. ജെയിംസ്, ജോ കുര്യൻ, ബെനിസൺ മത്തായി, ലിൻസൺ ഡാനിയേൽ, സിസ്റ്റർ അന്നമ്മ നൈനാൻ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. പാസ്റ്റർമാരായ സാംകുട്ടി വർഗ്ഗീസ് (പ്രസിഡന്റ്), സന്തോഷ് പൊടിമല (വൈസ് പ്രസിഡന്റ്), സാം മാത്യു (സെക്രട്ടറി), ജോഷ്വാ ജോസഫ് (നാഷണൽ ട്രഷറാർ), സിസിൽ മാത്യു (യൂത്ത് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തിച്ച് വരുന്നു.

# ന്യുയോർക്ക് ഇൻഡ്യാ ക്രിസ്ത്യൻ അസ്സംബ്ലി പുതിയ സഭാഹാൾ സമർപ്പിച്ചു

**ന്യൂയോർക്ക്:** ന്യൂയോർക്കിലും പരിസര പ്രദേശങ്ങളിലുമുളള അനേകർക്ക് ആത്മീയതയുടെ പ്രകാശ ഗോപുരമായി ഒരു സുന്ദര ദേവാലയം കൂടി യാഥാർത്യമായിരിക്കുന്നു. സഭാങ്കണത്തിൽ വെച്ച് നടത്തപ്പെട്ട ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷയിലും ഉത്ഘാടന സമ്മേളനത്തിലും സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സാമുവേൽ ജോൺ അദ്ധ്യക്ഷത വഹിച്ചു. ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ് മുഖ്യ പ്രഭാഷണം നടത്തി. ന്യുയോർക്കിലും പരിസരപ്രദേശങ്ങളിലുമുളള്ള വിവിധ സഭകളുടെ ശുശ്രൂഷകന്മാരും, സഭാ പ്രതിനിധികളും സംഘടനാ ഭാരവാഹികളും സംബന്ധിച്ചു. വിശാലമായ സമുച്ചയത്തിന് പതിനായിരം ചതുരശ്ര അടിയിൽ 350 ലധികം ആളുകളെ ഉൾക്കൊള്ളാവുന്ന ചാപ്പലും, 4 ബെഡ് റൂമുകൾ അടങ്ങിയ പാഴ്സനേജും കൂടാതെ, വിശാലമായ വരാന്തയോടുകൂടിയുള്ള അതിഥി മന്ദിരവും, കോൺഫ്രൻസ് റൂമുകൾ, ലൈബ്രറി, ഫെലോഷിപ്പ് ഹാൾ, സണ്ടേ സ്കൂൾ റൂമുകൾ തുടങ്ങി നിരവധി സൗകര്യപ്രദമായ അനുബന്ധ കെട്ടിടങ്ങളും, ചുറ്റുപാടും മനോഹരമായ സൗകര്യങ്ങളും സംവിധാനങ്ങളുമാണുള്ളത്. റവ. സാമുവേൽ ജോൺ, റവ. മൈക്കിൾ ജോൺസൺ, സഹോദരന്മാരായ സാം തോമസ്, പി.എ സാമുവേൽ, മാത്യൂ പൊന്നോലിൽ, രാജി മാത്യൂ, ജോയൽ മാത്യൂ എന്നിവർ ബിൽഡിങ്ങ് കമ്മറ്റിയിൽ പ്രവർത്തിച്ചു.

നോർത്ത് അമേരിക്കയിലെ ആദ്യ മലയാളി പെന്തക്കോസ്ത് സഭയും ഐ.പി.സി ഈസ്റ്റേൺ റീജിയനിലെ പ്രമുഖ സഭകളിലൊന്നുമായ ന്യുയോർക്ക് ഇൻഡ്യാ ക്രിസ്ത്യൻ അസ്സംബ്ലി പ്രവർത്തനം ആരംഭിച്ചിട്ട് 48 വർഷം പൂർത്തികരിക്കുന്നു. 100 കുടുംബങ്ങളിൽ നിന്നായി മുന്നൂറിലധികം വിശ്വാസികൾ ആരാ ധനകളിൽ സംബന്ധിക്കുന്നു. റവ. സാമുവേൽ ജോൺ, സെക്രട്ടറി സാം തോമസ്, ട്രഷറാർ സി.എം ഏബ്രഹാം, സണ്ടേ സ്കൂൾ ഡയറക്ടർ ബ്രദർ പി.എ സാമുവേൽ, യൂത്ത് ഡയറക്ടർ ബ്രദർ ഷെറിൻ കോശി, മിഷൻ ഡയറക്ടർ റവ. മൈക്കിൾ ജോൺസൺ, ചാരിറ്റി കോർഡിനേറ്റർ ബ്രദർ ജേക്കബ് അലക്സാണ്ടർ, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ സൂസൻ സാമുവേൽ എക്സിക്യൂട്ടിവ് ബോർഡ് അംഗങ്ങൾ ഏന്നിവരുടെ നേതൃത്വത്തിൽ സഭയുടെ ആത്മീയഭൗതീക കാര്യങ്ങൾ പുരോഗമിക്കുന്നു.

## ലേഖനം





# സെൽഫിക്കും കടിഞ്ഞാൺ വേണ്ടേ?

ടോംസ് ആന്റണി
*Ph : 9447232512*

**ന്യൂ** ജനറേഷൻ സ്വായത്തമാക്കിയ പദമാണ് സെൽഫി. മൊബൈൽ ഫോണോ മറ്റ് ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചോ സ്വന്തം ചിത്രം പകർത്തുന്നതിനെയാണ് "സെൽഫി" എന്ന ഓമനപ്പേരിട്ട് വിളിക്കുന്നത്. ക്യാമറ സ്വന്തം കൈയ്യകലത്തിൽ വച്ചോ, അല്ലെങ്കിൽ ഒരു സ്റ്റിക്ക് കൊണ്ടോ എടുക്കുന്ന ഫോട്ടോകളാണിവ. ഫെയ്സ്ബുക്കും, വാട്ട്സ് ആപ്പും ജനപ്രിയമായതോടെയാണ് സെൽഫിക്ക് ഇത്രയേറെ സ്വീകാര്യത ലഭിച്ചത്. സ്വന്തം സെൽഫി മാത്രമല്ല, ഗ്രൂപ്പ് സെൽഫി എടുക്കുന്നതിനും ഇന്ന് സാധാരണമാണ്.

നല്ല നിമിഷങ്ങൾ മനസ്സിൽ സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരാണ് നാമെല്ലാവരും. ആ നിമിഷങ്ങളുടെ ധന്യത പിന്നീട് ഉണർത്തുന്നതിന് അവയുടെ ചിത്രങ്ങൾക്കാവും. ഫോട്ടോകളോടുള്ള ഈ ഹരമാണ് ക്യാമറകളുടെ ലോകത്ത് നാം കാണുന്ന മാറ്റങ്ങൾക്കും സാങ്കേതിക വിദ്യകൾക്കും ആധാരം. കൊണ്ടു നടക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന പഴയ ക്യാമറകളുടെ ലോകത്തുനിന്നും വിരൽ തുമ്പുകൊണ്ട് ചിത്രങ്ങൾ പകർത്താൻ കഴിയുന്ന നൂതന ക്യാമറകളിൽ എത്തിനിൽക്കുകയാണ് ഇന്നത്തെ ലോകം.

**ചരിത്രം**

1839 ൽ അമേരിക്കൻ ഫോട്ടോഗ്രാഫറായ റോബർ കൊർണേലിയസ് തന്റെ ക്യാമറയിലൂടെ സ്വയം പകർത്തിയതോടെയാണ് സെൽഫിയുടെ ചരിത്രം പിറക്കുന്നത്. 2010-ഓടെ വിലകുറഞ്ഞ മൊബൈൽ ഫോണിൽ പോലും ക്യാമറ സൗകര്യം ലഭ്യമായിത്തുടങ്ങി. 2012 ൽ ഒരു ഓസ്ട്രേലിയൻ നാട്ടിൻപുറത്ത് 'സെൽഫി' പിറവിയെടുത്തു. ഒരു മൊബൈൽ ഫോണിൽ ഒരു ക്യാമറ എന്നത് മാറി ഫ്രണ്ട് ക്യാമറയും, ബാക്ക് ക്യാമറയും അതോടെ വന്നു തുടങ്ങി. തുടക്കത്തിൽ ഫ്രണ്ട് ക്യാമറയ്ക്ക് പ്രചാരം കുറവായിരുന്നു. എന്നാൽ സെൽഫിയുടെ വരവോടെ ഫ്രണ്ട് ക്യാമറ അരങ്ങ് അടക്കി വാണുതുടങ്ങി. പിന്നീട് കൂടുതൽ എം.പി. ഡൈമൻഷനോടുകൂടിയ ക്യാമറഫോണുകൾക്ക് ആവശ്യക്കാർ ഏറുകയും ചെയ്തു.

2014 ൽ സെൽഫി സ്റ്റിക്കും പുറത്തിറങ്ങി. സെൽഫി സ്റ്റിക്കിന്റെ അറ്റത്ത് മൊബൈൽ ഫോൺ ഘടിപ്പിച്ച് ഫോട്ടോ എടുക്കേണ്ട വ്യക്തിയുടെ നേരെ ഉയർത്തി സ്റ്റിക്ക് ഹാൻഡിലിലുള്ള ബട്ടൺ അമർത്തുകയേ വേണ്ടൂ. ഫോട്ടോ റെഡി. സെൽഫി സ്റ്റിക്കിനു പിന്നാലെ എത്തിയിരിക്കുന്നത് സെൽഫി സ്പൂണാണ്. ആഹാരം കഴിച്ചുകൊണ്ടു തന്നെ സെൽഫിയെടുക്കാനായി സ്റ്റിക്കിന്റെ മാതൃകയിൽ നിർമ്മിച്ചിരിക്കുന്നതാണ് സെൽഫി സ്പൂൺ.

മൂന്നുവർഷം മുൻപ് 2013 ന്റെ പദമായി ഓക്സ്ഫോർഡ് ഡിക്ഷനറിയിൽ തെരഞ്ഞെടുക്കപ്പെട്ട പദമാണ് സെൽഫി. ഫ്രാൻസീസ് മാർപ്പാപ്പയ്ക്കും ഒബാമയ്ക്കും, നരേന്ദ്രമോഡിക്കും ഒപ്പം ക്ലിക്ക് ചെയ്ത സെൽഫികൾ നവമാധ്യമങ്ങളിൽ "വൈറൽ" ആണ്. പെർഫെക്റ്റ് 365 പോലുള്ള ആപ്പുകൾ ഉപയോഗിച്ച് സെൽഫി ആകർഷകമാക്കുന്നതും പതിവായി.

2014 ൽ ലോക ഭൗമദിനത്തോടനുബന്ധിച്ച് പതിനായിരക്കണക്കിന് സെൽഫികൾ കൂട്ടിച്ചേർത്ത് നാസ ഒരു മൊബൈൽ സെൽഫി പുറത്തിറക്കി. അതിൽ ഒരു പക്ഷേ താങ്കളും ഉണ്ടാകാം. എന്നാൽ സെൽഫിക്ക് ഇത്രയേറെ പ്രചാരമുണ്ടാകുവാൻ കാരണം എന്താണ്? മറ്റൊരാൾ എന്റെ ഫോട്ടോ എടുക്കുന്നതിനേക്കാൾ എനിക്കിഷ്ടപ്പെട്ട പോസുകളിൽ എന്റെ ഫോട്ടോ എടുക്കാം എന്നതാണ് ഇതിന്റെ പ്രത്യേകത. കൂടാതെ ഭയാശങ്കകളില്ലാതെ സ്വാതന്ത്ര്യത്തോടെ ഫോട്ടോ എടുക്കുകയും ചെയ്യാം.

**സെൽഫി ആപൽക്കരമാകുമ്പോൾ.... !**

ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ സെൽഫി മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് നമ്മുടെ രാജ്യത്താണ് എന്നത് ദുഃഖകരമാണ്. നമ്മുടെ രാജ്യത്തെ മരണകാരണങ്ങളുടെ പട്ടികയിൽ ഒരു പുതിയ പേരുകൂടി എഴുതപ്പെടുകയാണ് – സെൽഫി മരണങ്ങൾ. സാഹസികവും ആപൽക്കരവുമായ സെൽഫി ശ്രമങ്ങൾ ചിലരുടെ മരണത്തിനിടയാക്കിയതും പെർഫെക്ട് സെൽഫി എടുക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ചിലർ ഇനി ജീവിച്ചിരിക്കേണ്ട എന്നു തീരുമാനമെടുത്തതുമൊക്കെ 'സെൽഫി' യുടെ പ്രയാണവഴികളിലെ രസമില്ലാത്ത വാർത്തകളായി മാറി. സ്വന്തം ബാഹ്യരൂപത്തെപ്പറ്റി ചിലർക്കുണ്ടാകുന്ന അമിതമായ ആകുലതയുടെ രോഗലക്ഷണമായി 'സെൽഫി മാനിയ'.

കാമുകിയെകൊന്നശേഷം ആ മൃതദേഹം വെച്ച് സെൽഫിയെടുത്ത് ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യുന്നവരുടെ ലോകത്താണ് നാം ജീവിക്കുന്നത്. സെലിബ്രിറ്റികൾക്കുപോലും സ്വസ്ഥമായി നടക്കുവാൻ കഴിയുന്നില്ല. നവീന മാധ്യമങ്ങളിൽ സെൽഫിയിടാൻ ചിലർ കാണിക്കുന്ന താല്പര്യങ്ങൾ അതിസാഹസികമാണ്.

സെൽഫി മോർഫുകൾ പെൺകുട്ടികളുടെ സൽപ്പേരിന് കളങ്കമായതും മറ്റുള്ളവർ എടുത്ത സെൽഫികളിൽ അറിയാതെപെട്ട് ജീവിതം തകർന്ന പെൺകുട്ടികളും വിരളമല്ല.

പാലക്കാട് റെയിൽവേസ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ട്രെയിനുമുകളിൽ കയറി സെൽഫിയെടുക്കാൻ ശ്രമിച്ച വിദ്യാർത്ഥികൾ റയിൽവേ ഉദ്യോഗസ്ഥരുടെ തക്കസമയത്തെ ഇട

04

# • സഹായിക്കുക



വെള്ളറട കാക്കതൂക്കി ഐ. പി. സി വിശ്വാസികളും, പ്ലാമ്പഴിഞ്ഞി പൂവൻക്കുഴിമേലെ വീട്ടിൽ ബിജു- മേരി ദമ്പതികളുടെ മക്കളായ 8 വയസ്സുള്ള ബിജീഷും 3 വയസ്സുള്ള ഫേബയുമാണ് സുമനസുകളുടെ സഹായവും പ്രാർത്ഥനയും ആവശ്യപ്പെടുന്നത്. ഇപ്പോൾ 8 വയസ്സുള്ള ബിജീഷ് മൂന്ന് വയസ്സുള്ളപ്പോൾ നടക്കുമ്പോൾ വലതുവശം ചരിഞ്ഞ് വീഴുമായിരുന്നു. കുട്ടിയെ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്തിച്ച് പരിശോധിച്ചപ്പോൾ വിദഗ്ദ പരിശോധനയ്ക്കായി നിർദ്ദേശിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസ്ഥി രോഗ വിദഗ്ദ്ധൻ ഡോക്ടർ സാജിദ് ഹുസൈന്റെ പരിശോധനയിൽ വലുതുവശത്തെ ഇടുപ്പിന്റെ ജോയിന്റ് തമ്മിൽ വിട്ടുനില്ക്കുന്നതിനാൽ ആണ് നടക്കുമ്പോൾ വലതുവശം ചരിഞ്ഞ് വീഴുന്നത് എന്ന് മനസിലായി. തുടർന്ന് ചികിത്സ ആരംഭിച്ചു. 5 വർഷമായി തുടർ ചികിത്സയിൽ ആണ്. ഒരു ഓപ്പറേഷൻ കഴിഞ്ഞപ്പോൾ രണ്ട് ലക്ഷത്തിലധികം രൂപ ചിലവായി. ഇനിയും ഒരു ഓപ്പറേഷൻ കൂടി ചെയ്താലെ സുഖമാകൂ. അതിനായി നല്ലൊരു തുക ആവശ്യമാണ്. ഒരു നിവൃത്തിയുമില്ലാതെ കഷ്ടപ്പെടുന്ന കുടും ബമാണ് ഇത്.

മൂന്ന് വസ്സുള്ള ഫേബയുടെ രണ്ട് കാൽമുട്ടുകളും വളഞ്ഞ് തമ്മിൽ തട്ടിയും ഉരസിയും നടക്കാൻ പറ്റാത്ത അവസ്ഥയാണ്. തുടരെ തുടരെ പനിയും അപസ്മാരവും വരും. അതുകാരണം ഈ കുഞ്ഞും ചികിത്സയിലാണ്. രണ്ട് കുട്ടികളുടെയും ചികിത്സാ ചെലവ് താങ്ങുവാൻ ഈ കുടുംബത്തിന് സാധിക്കുന്നില്ല. കുട്ടികളുടെ ചികിത്സയ്ക്കായി മാസാമാസം വലിയ തുകവേണം. ഇപ്പോൾ ഓപ്പറേഷൻ കഴിഞ്ഞ് ബിജീഷ് ബാന്റേജിട്ട് വീട്ടിൽ വിശ്രമിക്കുകയാണ്. ഒരു നിവൃത്തിയും ഇല്ലാതെ കഷ്ടപ്പെടുന്നു. കൂലിപ്പണിക്കാരനായ ബിജുവിന്റെ ഏക വരുമാനത്തെ ആശ്രയിച്ചാണ് കുടുംബം കഴിയുന്നത്. എന്നും ആശുപത്രിയും ചികിത്സയുമായി കഴിയുകയാണ്. ബിജുവിനും കൂലിപ്പണിക്ക് പോകാൻ കഴിയുന്നില്ല. അഞ്ച് സെന്റ് സ്ഥലവും ഒരു ചെറിയ വീടുമാണു ഇവർക്കുള്ളത്. അതുകൊണ്ട് ദയവായി ഈ കുഞ്ഞുങ്ങളുടെ ചികിത്സയ്ക്കായും, ചികിത്സിച്ചതിന്റെ കടം തീർക്കാനുമായി സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് നല്ലവരായ വായനക്കാരോട് അപേക്ഷിക്കുന്നു.

**S. Mary**
**Poovankuzhymellayi, Puthenveedu plampizhinji,**
**Manjamkkoku P. O., Ottaseharamangalam, TVM - 695 125**
**Federal Bank, A/C No: 13250100188826.**
**IFSC Code : 00013250**

# കവിത



**ബേസിൽ വർഗ്ഗീസ്**

## ആശ്രയം

സൂര്യന്റെ ചൂടിനാൽ വറ്റുന്നയരുവികൾ
ആശ്രയമെന്നു നീ നിനച്ചിടല്ലേ...
മന്നിലെ യാത്രയിൽ ആശ്വാസമാകുവാനാ-
ശ്രയം ക്രിസ്തുവിൽ വച്ചിടേണം...
നിത്യനാം ക്രിസ്തു നിന്നാശ്രയമാകണം
സ്വർഗ്ഗീയ നന്മകൾക്കുടമയായ് തീരണം...

മുമ്പിലായ് കാണുന്ന വീചികളേതുമേ-
യന്ധകാരാവൃതമെന്നു തോന്നിടിലും
വൻതിര തുല്യമായുയരുന്ന ചിന്തകൾ
സന്താപ ഹേതുവായ് മാറിടല്ലേ...
കൺകൾ നിറഞ്ഞിടും നേരത്തു ക്രിസ്തു നിൻ-
ചാരത്തണഞ്ഞിടുമാശ്വാസമേകിടും...

കാനനമദ്ധ്യേയും കാട്ടാറിന്നരികെയും-
താഴ്വര മേട്ടിലും മരുഭൂമി തന്നിലും-
കൂട്ടിനായാരുമേയില്ലെന്നിരിക്കിലും...
മിത്രം തൃജിക്കിലും ശത്രുവെതിർക്കിലും
ഏകനായിദ്ധരയിൽ മാറിയെന്നാകിലും
രക്ഷകൻ ക്രിസ്തു നിൻ തുണയായിരുന്നിടും...

ചൂരച്ചെടിയുടെ കീഴില്ക്കിടന്നു നീ
മരിക്കുന്നതുചിതമെന്നുരുവിടല്ലേ....
ഇനിയെന്തു ഭവിക്കുമെന്നാകുലത്താ-
ലാശകളറ്റു നീ വിങ്ങിടുന്നോ??...
ഇസബേലിൻ വാക്കു നിയോർക്ക വേണ്ട
കരുതുവാൻ സ്വർഗ്ഗീയ ദൈവമില്ലേ???...

ദൈവീക ദർശനം കണ്ടുണർന്നീടണം
ദൈവ നിയോഗമതെന്തെന്നറിയണം
ബാലിന് പ്രവാചക മദ്ധ്യേയും സ്വർഗ്ഗീയ-
ശുശ്രൂഷ ശക്തിയായ് ചെയ്തിടേണം...
കർമ്മേലിലർപ്പിക്കും യാഗങ്ങളിന്മേ-
ലഗ്നിയായ് ദൈവമിറങ്ങിടുമേ....

ദൈവപ്രവർത്തിയറിഞ്ഞീടുവാൻ
കൺകൾ ഉയർത്തി നീ കാൺക വേണം...
തുച്ഛമായ് തോന്നുന്ന മേഘക്കണങ്ങളെ-
വന്മഴയായവൻ മാറ്റിടുമേയതു-
ശക്തമായ് മന്നിതിൽ പെയ്തിടുമേയതു-
നന്മയായ് ദേശത്തു തീർന്നിടുമേ..

# 12 ജനസംഖ്യ ഇങ്ങനെ...

യും ചെയ്യുന്നു. ഇത് സാധിക്കാതെ വന്നാൽ വലിയ ക്ഷാമം ലോകത്തിൽ നേരിടും.

ലോക രാജ്യങ്ങളിലെ മരണനിരക്ക് കാര്യമായി കുറയ്ക്കാൻ സാധിച്ചെങ്കിലും ജനനനിരക്ക് കുറയ്ക്കാൻ സാധിച്ചില്ല. ഒരു വീട്ടിൽ ഒന്നോ രണ്ടോ കുട്ടികളാണെങ്കിൽ അവർക്കാവശ്യമായ ഭക്ഷണവും വസ്ത്രവും അടിസ്ഥാനപരമായ വിദ്യാഭ്യാസവും നൽകുന്നതിന് രക്ഷിതാക്കൾക്ക് സാധിക്കും. കുട്ടികളുടെ എണ്ണം കുടുന്തോറും സാധാരണക്കാരായ രക്ഷിതാക്കൾക്ക് ഇതിന് ബുദ്ധിമുട്ട് വരുന്നു. ഈ വംശവർദ്ധനവ് പ്രധാനമായും സംഭവിക്കുന്നത് വികസ്വര അവികസിത രാജ്യങ്ങളിൽ ആണ്. അതുകൊണ്ട് തന്നെ ഈ വിഭാഗത്തിൽ പെടുന്ന രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം ജനസംഖ്യാ വർദ്ധനവാണ്. ലോക ജനസംഖ്യയുടെ വലിയ ശതമാനവും ഉൾക്കൊള്ളുന്നതും ഈ വിഭാഗത്തിൽ പെട്ട രാജ്യങ്ങളിൽ ആണ്. ജനസംഖ്യയിൽ മുൻപിൽ നിൽക്കുന്നത് ചൈനയും രണ്ടാമത് ഇന്ത്യയുമാണ്. ഇന്ത്യയിലും പാകിസ്താനിലും ജനസംഖ്യ വർദ്ധനവ് രാജ്യങ്ങളുടെ പൊതുവിലുള്ള വികസനത്തെക്കാളും വളരെ അധികമായിരുന്നു. ലോകം മൊത്തമായെടുത്താലും ഈ പ്രവണത ശരിയാണ്. ദരിദ്ര രാഷ്ട്രങ്ങൾ കൂടുതലുള്ള ആഫ്രിക്കയിൽ ജനസംഖ്യാ വർദ്ധനവ് 63 ശതമാനമാണെങ്കിൽ വികസിത രാഷ്ട്രങ്ങൾ കൂടുതലുള്ള യുറോപ്പിൽ വെറും 5 ശതമാനത്തിൽ താഴെ മാത്രം. ജനസംഖ്യ വർദ്ധിക്കുമ്പോൾ വീട്ടിലെ ദാരിദ്രം വീണ്ടും വർദ്ധിക്കുന്നു. അദ്ധ്വാനിച്ചു ഉണ്ടാക്കുന്ന കൂലി ഭക്ഷണത്തിന് പോലും തികയില്ല. അങ്ങനെ പല കുട്ടികളും സ്കൂളിൽ പോകാതെ ജോലിചെയ്യാൻ നിർബന്ധിതരാവുന്നു. വിദ്യാഭ്യാസം ലഭിക്കാത്ത മറ്റൊരു തലമുറ കൂടി അങ്ങനെ ഉളവാക്കപ്പെടുന്നു. ആളുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ അവിടെ എല്ലാ കാര്യത്തിലും മത്സരം കൂടും. ഈ മത്സരത്തെ മറികടന്നു സുഖ സൗകര്യങ്ങൾ നേടിയെടുക്കാൻ പലരും അവസരം വരുമ്പോൾ അഴിമതികളും അക്രമങ്ങളും ചെയ്യും. അങ്ങനെ ദാരിദ്ര്യത്തിന് ആനുപാതികമായി ജനസംഖ്യയും ജനസംഖ്യയ്ക്ക് ആനുപാതികമായി ദാരിദ്ര്യവും വർദ്ധിക്കുന്നു എന്നതാണ് പോയ നൂറ്റാണ്ടുകൾ ലോകത്തിനു നൽകിയ പാഠം. ലോക ജനസംഖ്യയുടെ ആറിലൊന്ന് ജനങ്ങൾ വളരേറെ ദരിദ്രാണ്. അവരിൽ നിന്ന് കണക്കാക്കാൻ മാത്രം ഉത്പാദനം ഉണ്ടാകുന്നേയില്ല. ഇപ്പോഴുള്ള ജനസംഖ്യാ വർദ്ധനവ് അനുസരിച്ച് 2025-ൽ 830 കോടി കവിയുമെന്നാണ് അനുമാനിക്കുന്നത്. ഇത്രയും ജനങ്ങൾക്ക് ആവശ്യമായ ആഹാരം ലഭ്യമാക്കണമെങ്കിൽ ഭക്ഷ്യോല്പാദനം ഇപ്പോൾ നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിക്കണം. ഇതിന് സാദ്ധ്യമായില്ലെങ്കിൽ വിശുദ്ധ ബൈബിൾ പറയുന്നതുപോലെ ക്ഷാമം ഉണ്ടാകും. അങ്ങനെ ക്ഷാമം ഉണ്ടായാൽ ഏവർക്കും ദിവസം ഒരു നേരമെങ്കിലും ഭക്ഷണം ലഭിക്കണമെന്ന് കരുതിയാണ് ഭക്ഷ്യ സുരക്ഷാ ബിൽ ഗവൺമെന്റ് പാസ്സാക്കിയത്. വെളിപ്പാട് പുസ്തകം 6: 5-6 ൽ പറയുന്നത് മൂന്നാം മുദ്രപൊട്ടിച്ചപ്പോൾ: വരിക എന്നു മൂന്നാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസു കയ്യിൽ പിടിച്ചിരുന്നു. ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുതു എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു. ഇത് ജനസംഖ്യ വർദ്ധിക്കുമ്പോൾ ലോകത്തിൽ ഉളവാകുന്ന ഭക്ഷ്യക്ഷാമാത്താൽ ഭക്ഷ്യ സുരക്ഷാ നടപ്പിലാക്കി റേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനെയാണ്.

# പാസ്റ്റേഴ്സ് ഫെലോഷിപ്പ്



**ഇരിട്ടി:** ഇരിട്ടിയിലും സമീപസ്ഥലങ്ങളിലുമുള്ള വേർപ്പെട്ട സഭകളിലെ പാസ്റ്റർമ്മാരുടെ കൂട്ടായ്മ രൂപീകരിച്ചു. പാസ്റ്റർമാരായ കെ.ഐ.വർഗ്ഗീസ് (പ്രസിഡന്റ്) കെ.വി.വർഗ്ഗീസ് (വൈസ് പ്രസിഡന്റ്), കെ.വി.മാത്യു (സെക്രട്ടറി) സെബാസ്റ്റ്യൻ കെ.(ജോ.സെക്രട്ടറി), അനീഷ് എം. ഐപ്പ് (ട്രഷറർ), ഡേവിഡ് ജോൺ, സാബു ജോൺ, പി.സി.തങ്കച്ചൻ,ജോസ് ജോസഫ്, സജി.കെ.ബിജു (കമ്മറ്റിയംഗങ്ങൾ) എന്നിവരാണ് ഭാരവാഹികൾ.

# ശാരോൻ സൺഡേസ്കൂൾ ക്യാമ്പ് സമാപിച്ചു




**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ അധ്യാപക-വിദ്യാർത്ഥി സംയുക്ത നാഷണൽ ക്യാമ്പ് അടൂർ യൂത്ത് സെന്ററിൽ ഏപ്രിൽ 11-14 വരെ നടന്നു. ഡയറക്ടർ പാസ്റ്റർ ഏബ്രഹാം മന്ദമരുതിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ഏബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്തു. ഡോ. റ്റി.ജി. കോശി, പാസ്റ്റർമാരായ പി.എം. ജോൺ, കെ.ജി. മാത്യു, കെ.റ്റി. തോമസ്, എം.ജെ. ജോൺ, എബി ഐരൂർ, സുവി. സാജൻ ജോയി, ഡോ. ഐസക് വി. മാത്യു, ജോൺസ് കെ. ലൂക്കോസ്, ജസ്റ്റിൻ തോമസ്, അഡ്വ. അൻസിൽ സഖറിയ, റവ. ഡി.ജോയി, സുവി. ജോബി കെ.സി തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർമാരായ കോശി ഉമ്മൻ, സാം കോശി, ജേക്കബ് ജോർജ് എന്നിവർ ബൈബിൾ സ്റ്റഡിക്ക് നേതൃത്വം നൽകി. പാസ്റ്റർ സ്റ്റാൻലി മാത്യു, ഷിബിൻ, റവ. റെനി വെസ്ലി എന്നിവർ നേതൃത്വം നൽകി. വിവിധ സമ്മേളനങ്ങളിൽ റ്റി. തങ്കച്ചൻ, കെ.ഇ.ജോർജ്ജുകുട്ടി എന്നിവർ സ്വാഗതവും, റ്റി.ഒ.പൊടിക്കുഞ്ഞ്, കെ.തങ്കച്ചൻ എന്നിവർ നന്ദിയും പ്രകാശിപ്പിച്ചു.

# ബൈബിൾ ക്ലാസ്

**എറണാകുളം:** കൊച്ചിൻ സ്പിരിച്ചൽ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ തോപ്പുംപടി ബീയെംസ് സെന്ററിൽ നടന്നു. സഭയും അന്ത്യകാലവും എന്ന വിഷയത്തെക്കുറിച്ച് പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസെടുത്തു.

**ആലുവ:** ശാരോൺ ഫെലോഷിപ്പ് ചർച്ച് ഗിലയാദ് പ്രയർ സെന്റർ ഒരുക്കിയ ബൈബിൾ ക്ലാസ് ഏപ്രിൽ 10 ന് മഹനാമി ഹെറിറ്റേജ് ഹോട്ടലിൽ നടന്നു. സഭയും യുഗാന്ത്യവും എന്ന വിഷയത്തെ അധികരിച്ച് പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസെടുത്തു. പാസ്റ്റർ അനീഷ് കൊല്ലംകോട് നേതൃത്വം നൽകി.

ധ്യാനം

# ചില മുൻകരുതലുകൾ



ഷൈജു ഡാനിയേൽ, അടൂർ
shyjudani@gmail.com

പുരോഗമനപരമായ കാര്യങ്ങൾക്കുവേണ്ടി നാം നടത്തുന്ന തയ്യാറെടുപ്പുകൾ ഒരിക്കലും വിശ്വാസത്തിനെതിരല്ല. ദൈവത്തിലുള്ള പൂർണ്ണാശ്രയത്തെ ചോദ്യം ചെയ്യുന്നുമില്ല. പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക; സ്വന്ത വിവേകത്തിൽ ഊന്നരുത് എന്നതുകൊണ്ട് നമ്മുടെ കടമകളെയും ഉദ്ദേശ ലക്ഷ്യങ്ങളെയും മറന്ന് അലക്ഷ്യരായി ജീവിക്കുവാനുള്ള ഒരാഹ്വാനമാണതെന്ന് നാം ചിന്തിക്കരുത്. ലോകനാടകനടനവേദിയിൽ രംഗബോധമില്ലാത്ത കോമാളികളെ പോലെ അഭിനയിച്ചവസാനിപ്പിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ളതല്ല അമൂല്യമായി ദൈവത്തിൽ നിന്നും നമുക്ക് ലഭിക്കപ്പെട്ട ഈ ജീവിതം. വ്യക്തമായ ദർശനവും കാര്യനിർവ്വഹണത്തിനു വേണ്ടിയുള്ള നയങ്ങളുമില്ലാതെ നാം നാളെയെ നേരിടുവാൻ ഒരുങ്ങുന്നത് ഭോഷത്വമാണ്. ഇവിടെ വിശകലനം ചെയ്യുന്ന കരുതൽ ഒരിക്കലും "നാളെയെ കുറിച്ച് വിചാരപ്പെടരുത്" എന്ന യേശുക്രിസ്തുവിന്റെ പ്രസ്താവനയോടുള്ള തിരസ്കരണമല്ല മറിച്ച് "ചെന്നായ്ക്കളുടെ നടുവിൽ ആടിനെ പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പീൻ" എന്ന യേശുവിന്റെ നിർദ്ദേശത്തിൽ അധിഷ്ഠിതമാണ്.

നാളെ മുന്നിലുണ്ടാകുവാൻ പോകുന്ന പ്രതിസന്ധികളെ തിരിച്ചറിയുവാൻ കഴിയാതെ അലസ മനോഭാവത്തോടെയുള്ള സമീപനം അപകടം നിറഞ്ഞതാണ്. ശിഷ്യത്വത്തിന്റെ പാഠങ്ങൾ തന്റെ അനുയായികളെ പഠിപ്പിക്കുമ്പോൾ യേശു അവരോടായി പറയുന്ന ചില വസ്തുതകൾ ചിന്തനീയമാണ് (ലൂക്കോസ്:14:28,29,30). ഒരു മനുഷ്യൻ ഒരു ഗോപുരം പണിയുവാൻ ആരംഭിക്കുന്നതിനു മുൻപ് വ്യക്തമായ കണക്കു കൂട്ടലുകൾ തന്റെ പണിയെക്കുറിച്ച് ഉണ്ടായിരിക്കണമെന്ന് യേശു പറയുന്നു. ഗോപുര നിർമ്മാണത്തിന് ആവശ്യമായ പണം തന്റെ കയ്യിൽ ഉണ്ടോ എന്നത് ആദ്യമായി താൻ അന്വേഷിക്കണം. ആ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള വക ഇല്ലാതെ അതിന്റെ പണി ആരംഭിച്ചാൽ ഉണ്ടാകുന്ന ഫലത്തെ കുറിച്ച് യേശുക്രിസ്തു പറയുന്നുണ്ട്. കാണുന്നവർ എല്ലാം ഈ മനുഷ്യൻ തുടങ്ങി എങ്കിലും പൂർത്തീകരിപ്പാൻ കഴിയുന്നില്ല എന്ന് പറഞ്ഞു അവനെ പരിഹസിക്കും. അതിനാൽ എല്ലാ നിർമ്മിതികൾക്ക് മുൻപും വ്യക്തമായ കാര്യാലോചന ഉണ്ടായിരിക്കേണ്ടതാണ്. മുടങ്ങികിടക്കുന്ന പണി നിർമ്മിതിയിലെ അപജയമാണ്. പടയ്ക്ക് പുറപ്പെടുന്ന ഒരു രാജാവ് താൻ പുറപ്പെടുന്നതിന് മുൻപ് കീഴ്പ്പെടുത്തുവാൻ പോകുന്ന രാജാവിനോട് എതിർത്തുനിൽക്കുവാൻ തക്ക സൈന്യബലം തനിക്കുണ്ടോ എന്ന് പരിശോധിക്കേണ്ടതാവശ്യമാണ്. ഇരുപതിനായിരമുള്ള ശത്രു സൈന്യത്തെ നേരിടുവാൻ പതിനായിരം സൈന്യബലമുള്ള തനിക്കു കഴിയുകയില്ല എന്ന് തിരിച്ചറിയണം. ഇങ്ങനെ പടക്ക് പുറപ്പെടുന്നതിന് മുൻപ് തന്റെ കരുതലിനെ കുറിച്ച് നിശ്ചയമില്ലെങ്കിൽ ഫലം പരാജയമായിരിക്കും. ഈ നിലയിൽ നാം പുറപ്പെടുന്നതിന് മുൻപ് ഒരു അവലോകനം അനിവാര്യമാണ്. പടയൊരുക്കത്തിലെ പാളിച്ചകൾ നമ്മെ പരാജയത്തിലേക്കും നിർമ്മാണത്തിലെ കരുതലില്ലായ്മ നമ്മെ നിർമ്മിതിയിലെ അപജയങ്ങളിലേക്കും നയിക്കും.

മിസ്രയീമിലെ കടുത്ത ക്ഷാമത്തിൽ ദൈവകൃപയും ദീർഘവീക്ഷണവുമുള്ള ജോസഫ് സ്വീകരിച്ച കരുതൽ നയം ശ്രദ്ധേയമാണ്. ഫറവോൻ കണ്ട സ്വപ്നത്തെ ശരിയായ നിലയിൽ വ്യാഖ്യാനിച്ചുകൊണ്ട് ഭാവിയിൽ ഉണ്ടാകുവാൻ പോകുന്ന ക്ഷാമത്തെ നേരിടുവാൻ രാജാവിനെ ഉപദേശിക്കുന്നു. "ആകയാൽ ഫറവോൻ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനെ അന്വേഷിച്ച് മിസ്രയീം ദേശത്തിന് മേലാധികാരി ആക്കി വയ്ക്കണമെന്നും അതുകൂടാതെ ദേശത്തിന്മേൽ വിചാരകന്മാരെ ആക്കി, സുഭിക്ഷമായുള്ള ഏഴു സംവത്സരത്തിൽ മിസ്രയീം ദേശത്തിലെ വിളവിൽ അഞ്ചിലൊന്നു വാങ്ങണമെന്നും ജോസഫ് ഫറവോനോട് പറഞ്ഞു. ഈ വരുന്ന നല്ല സംവത്സങ്ങളിലെ വിളവൊക്കെയും ശേഖരിച്ചു പട്ടണങ്ങളിൽ ഫറവോന്റെ അധീനതയിൽ ധാന്യം സൂക്ഷിച്ചുവെക്കേണം എന്നും ആ ധാന്യം മിസ്രയീം ദേശത്തു വരുവാൻ പോകുന്ന ക്ഷാമമുള്ള ഏഴുസംവത്സരത്തേക്ക് ദേശത്തിനു സംഗ്രഹമായിട്ടിരിക്കേണം എന്നും ഇങ്ങനെ ചെയ്താൽ ദേശം ക്ഷാമം കൊണ്ടു നശിക്കയില്ല എന്നും ആലോചന പറയുന്നു ജോസഫ്. കാര്യങ്ങളെ മുൻകൂട്ടി കാണുവാനും അതിനു വേണ്ടതായ കരുതലുകൾ നടത്തുവാനും സ്വീകരിക്കുന്ന നടപടികൾ അംഗീകരിക്കത്തക്കതാണ്. ഇവിടെയാണ് ഇന്നത്തെ സമൂഹത്തിൽ ദൈവാത്മാവിനാൽ നടത്തപ്പെടുന്ന മനുഷ്യന്റെ ആവശ്യകത. കാലേകൂട്ടി കാര്യങ്ങളെ ഗ്രഹിച്ച് അതിനെ നേരിടുവാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്ന വിവേകവും പരിജ്ഞാനവും ദൈവകൃപയുമുള്ള ജോസഫുമാരുടെ അഭാവവും അതുമൂലമുണ്ടാക്കുന്ന പരിണിത ഫലങ്ങളും വിവരണാതീതമാണ്. ദൈവകൃപയുള്ളവന്റെ ഇടപെടൽ സമൂഹത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. സ്വന്തം സഹോദരന്മാർക്ക് തിരിച്ചറിയുവാൻ കഴിയാതിരുന്ന ജോസഫിന്റെ മേലുള്ള ദൈവകൃപ മറ്റൊരു രാജ്യം നേരിടുവാൻ പോകുന്ന കടുത്ത ക്ഷാമത്തിന് അറുതി വരുത്തുവാൻ കാരണമായി എന്നുള്ളത് ശ്രദ്ധേയമാണ്. നമ്മുടെ രാഷ്ട്രം, നാം ഉൾപ്പെട്ടു നില്ക്കുന്ന സമൂഹം ഒക്കെ നേരിടുവാൻ സാധ്യതയുള്ള കടുത്ത പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ ഈ ഭൂമിയിൽ നമ്മെ ദൈവം ആക്കിവെച്ചിരിക്കുകയാണ് എന്ന തിരിച്ചറിവ് നമ്മിൽ ഉണ്ടാകണം. മറ്റാർക്കും വെളിപ്പെട്ട് കിട്ടാത്ത പല വഴികളും ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരുവന് ദൈവം നല്കികൊടുക്കും എന്നത് തിരുവചന വസ്തുതയാണ്. ചീഞ്ഞുനാറുന്ന ഈ ലോകത്തെയും നമ്മുടെ കൂട്ടുകാരനെയും നാശത്തിൽ നിന്നും സംരക്ഷിക്കുവാൻ നമ്മെ ഈ ഭൂമിയുടെ ഉപ്പാക്കി ദൈവം നിർത്തിയിരിക്കുകയാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. നാം ഭൂമിയുടെ ഉപ്പാകുന്നു!!! അനേകരെ നന്നാക്കാൻ നമ്മെ ഇവിടെ ഉപ്പായി ദൈവം കണ്ടിരിക്കുമ്പോൾ ഉപ്പ് കാരമില്ലാതെ പോയാൽ പിന്നെ എന്തോന്ന് കൊണ്ട് അതിനു രസം വരുത്താം?? നിലത്തിനും വളത്തിനും കൊള്ളാത്ത കാരം നഷ്ടപ്പെട്ട ഉപ്പിനെ പുറത്തുകളയുക മാത്രമാണ് പിന്നെ ചെയ്യുവാനുള്ളത്. പലരെയും നന്നാക്കേണ്ട നാം സ്വയമായി നശിക്കുന്നത് ഖേദകരമാണ്!!.

പടക്ക് പുറപ്പെടുന്നതിനു മുൻപ് ഒരു പടയൊരുക്കം; നിർമ്മാണത്തിന് മുൻപ് ഒരു അവലോകനം - ഇവ പടയിലെ പരാജയത്തിൽ നിന്നും നിർമ്മിതിയിലെ അപജയങ്ങളിൽ നിന്നും നമ്മെ വഴിതിരിച്ചുവിടും എന്നറിഞ്ഞ് ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന, ദൈവകൃപയിൽ അധിഷ്ഠിതമായ ആത്മീക ദർശനമുള്ളവനായി നമുക്കുമാറാം

വീക്ഷണം

# സെമിത്തേരികളെ ആർക്കാണ് പേടി



റോബിൻ സാമുവേൽ
തുവയൂർ, 9745921653

ഏത് പെന്തെക്കോസ്ത് സഭകളെ സംബന്ധിച്ചും ഏറ്റവും പ്രധാനപ്പെട്ടതാണ് ആരാധനാലയവും സെമിത്തേരിയും. ജീവിതത്തിലൊരിക്കൽ മാത്രം വേണ്ട ഒന്നായതുകൊണ്ടാവണം സെമിത്തേരി വിഷയത്തിൽ വിശ്വാസികൾ എപ്പോഴും ശ്രദ്ധിക്കാറില്ല. പുതിയ പ്രാദേശിക സഭകളുടെ രൂപീകരണം, സഭകളോട് ചേർന്നല്ലാതെയുള്ള സെമിത്തേരികൾ തുടങ്ങിയ കാരണങ്ങളാൽ വിശ്വാസസമൂഹം ഇന്ന് 'സെമിത്തേരി വിഷയത്തിൽ' വലിയ പ്രതിസന്ധികൾ നേരിടുകയാണ്.

ഈയടുത്ത സമയത്തായി കേരളത്തിലങ്ങോളമിങ്ങോളം നിരവധി സെമിത്തേരികളുടെ പ്രവർത്തനം നിലയ്ക്കുകയോ, തർക്ക പ്രദേശങ്ങളായി മാറുകയോ ചെയ്തിട്ടുണ്ട്. സുവിശേഷ വിരോധികളുടെ സംഘടിത നീക്കങ്ങളാണ് മിക്ക വിലക്കുകൾക്കും പരാതികൾക്കും പിന്നിലുള്ളത്. ഇതിന്റെയൊക്കെ ഫലമായി പല സെമിത്തേരികളും തദ്ദേശവാസികൾക്ക് മാത്രമായി ഉപയോഗം പരിമിതപ്പെടുകയും ചെയ്തിട്ടുണ്ട്. സ്വന്തം പഞ്ചായത്തിനു പുറത്ത് ആരാധനയ്ക്ക് പോകുന്നവർ ഇതിൽ ആശങ്കയിലുമാണ്. പെന്തെക്കോസ്ത് ഐക്യവേദികളുടെയും സഭകളുടെയുമൊക്കെ നിയമ നടപടികളുടെ ഫലമായി വളരെ കുറച്ച് 'തർക്ക സെമിത്തേരികൾ' മാത്രമാണ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്. തടയപ്പെട്ട പല സെമിത്തേരികളാകട്ടെ കാടുപിടിച്ച് നശിക്കുന്ന അവസ്ഥയിലുമാണ്.

**സെമിത്തേരികൾ തർക്ക ഭൂമികളാകുന്നതെന്തുകൊണ്ട്?**

**1. വർദ്ധിച്ച ജനസാന്ദ്രതയും സഭകളുടെ വർദ്ധനവും**

കേരളത്തിലെ ശരാശരി ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 860 ആണ്. വനപ്രദേശങ്ങളൊക്കെ ഒഴിവാക്കിയാൽ ഇത് ആയിരത്തിനും മേലെ വരും. ഇത്തരത്തിൽ ജനങ്ങൾ അധിവസിക്കുന്ന നാട്ടിൽ പുതിയ പ്രാദേശിക സഭകളും സെമിത്തേരികൾക്കായുള്ള അന്വേഷണങ്ങളുമുണ്ടാകും. വർദ്ധിച്ച ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലെ സെമിത്തേരികൾക്കായുള്ള അന്വേഷണം പ്രദേശവാസികളുടെ എതിർപ്പുകൾക്കിടയാക്കുകയും ചെയ്യും.

**2. രാഷ്ട്രീയ കാരണങ്ങൾ**

അന്ധമായ സുവിശേഷ വിരോധം കാരണം വർഗ്ഗീയ സംഘടനകളും സഭാവളർച്ചയെ അസൂയയോടും കൂടി വീക്ഷിക്കുന്ന പരമ്പരാഗത സഭകളും പലപ്പോഴും വ്യാജ പ്രചരണങ്ങൾ സൃഷ്ടിച്ച് നേട്ടം കൊയ്യാം എന്ന ലക്ഷ്യത്തോടെ സെമിത്തേരികൾക്കെതിരെ പ്രവർത്തിക്കാറുണ്ട്. രാഷ്ട്രീയ നേട്ടങ്ങൾക്കും തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വ്യാജ പ്രചരണങ്ങൾ അഴിച്ചു വിട്ട് പ്രദേശവാസികളെ സെമിത്തേരികൾക്ക് എതിരാകുന്നതിൽ സംഘപരിവാർ സംഘടനകൾ പലപ്പോഴും വിജയിക്കാറുമുണ്ട്. തൃശ്ശൂർ പറവട്ടാനിയിലും കൊല്ലം കുന്നത്തൂരുമൊക്കെ സംഭവിച്ചത് അതായിരുന്നു.

**3. മിഥ്യാധാരണകൾ**

സെമിത്തേരികളിൽ നിന്നും അവശിഷ്ടങ്ങൾ ഭൂമിക്കടിയിലൂടെ അടുത്തുള്ള കിണറുകളിലും ജലാശയങ്ങളിലുമെത്താറുണ്ട്. പലപ്പോഴും ശാസ്ത്രീയമായ തെളിവുകളുടെ പോലും അടിസ്ഥാനമില്ലാതെയുള്ള ഈ കണ്ടെത്തലിന് വ്യാപക പ്രചാരവും ലഭിക്കുന്നു. കൊല്ലം ജില്ലയിലെ അറിയപ്പെടുന്ന ഒരു സ്ഥലത്ത് സെമിത്തേരികളുടെ വർദ്ധിച്ച സാന്നിധ്യം കാരണം ഇവിടുത്തെ ചായക്കടകളിൽ നിന്ന് ക്രിസ്ത്യാനികളല്ലാത്തവർ ചായ കുടിക്കാറില്ലത്രെ. കൊല്ലം ജില്ലയിലെ തന്നെ കുന്നത്തൂർ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കൊല്ലാറ സെമിത്തേരി പ്രവർത്തനരഹിതമായത് സെമിത്തേരിക്ക് സമീപമുള്ള കുന്നത്തൂർ കുടിവെള്ള പദ്ധതിയ്ക്ക് ജലം ശേഖരിക്കുന്ന ചേലൂർകായൽ മലീനമാകുന്നു എന്ന വ്യാജ പ്രചരണത്തെ തുടർന്നാണ്. പലപ്പോഴും ഇത്തരം വിഷയങ്ങളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെടുന്നത് വിഷയവുമായി നേരിട്ട് ബന്ധമില്ലാത്ത തഹസിൽദാർമാരാണ്. ഈയടുത്ത സമയത്ത് പെരുമ്പാവൂരിനടുത്ത് മണ്ണകരിൽ കുന്നത്തുനാട് തഹസിൽദാർ സെമിത്തേരി കാരണം കുടിവെള്ളം മലിനമാകുന്നുവെന്ന് റിപ്പോർട്ട് നൽകിയത് വിവാദങ്ങൾക്കിടയാക്കിയിരുന്നു.

**4. ശരിയായ സംരക്ഷണമില്ലായ്മ**

പലപ്പോഴും പെന്തെക്കോസ്ത് സെമിത്തേരികൾ സംരക്ഷണമില്ലാതെ നശിക്കുന്ന അവസ്ഥയുണ്ട്. ചുറ്റുമതിലുകളില്ലാത്തതു കാരണവും കാടുപിടിച്ചു കിടക്കുന്നതു കാരണവും സെമിത്തേരികൾക്ക് പ്രദേശവാസികളുടെ എതിർപ്പുകൾ ഉയരാറുണ്ട്. കാടുപിടിച്ചുകിടക്കുന്നതു കാരണം സാമൂഹിക വിരുദ്ധരുടെ വിഹാരകേന്ദ്രങ്ങളായും സെമിത്തേരികൾ മാറാറുണ്ട്. ശരിയായ സംരക്ഷണം ഒന്നുകൊണ്ടു മാത്രം നിരവധി സെമിത്തേരികൾ തർക്ക പ്രദേശങ്ങളായി മാറിയത് നമുക്ക് തടയാമായിരുന്നു. ചെങ്ങന്നൂർ മുളക്കുഴയിൽ സെല്ലുകൾ ശരിയായി സംരക്ഷിക്കാത്തതുകാരണം ദുർഗന്ധമുണ്ടായതായി ആരോപണമുയരുകയും പ്രദേശവാസികളുടെ പ്രതിഷേധമുണ്ടായതും പത്രവാർത്തയായിരുന്നു. ശവസംസ്കാരത്തിനുശേഷം നടത്തുന്ന ലഘുഭക്ഷണ വിതരണത്തിന്റെ അവശിഷ്ടം സെമിത്തേരി പരിസരത്ത് ഉപേക്ഷിച്ചു പോകുന്നതും എതിർപ്പുകൾക്ക് കാരണമാകാറുണ്ട്.

**5. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സെമിത്തേരികൾ**

പുതിയ സെമിത്തേരികൾ കണ്ടെത്തുന്നതിനുള്ള പരിമിതിയാണ് ഇത്തരം സെമിത്തേരികൾക്ക് സാധ്യത തുറന്നിട്ടത്. സ്വകാര്യ വ്യക്തികൾ സെല്ലറകൾ നിർമ്മിക്കുകയും സഭയ്ക്കായി അറകൾ വിലയ്ക്കു വില്ക്കുന്നതും വ്യാപകമായിട്ടുണ്ട്. ലാഭം മാത്രം ലക്ഷ്യമിടുന്നതുകൊണ്ട് തന്നെ ശരിയായ രീതിയിലോ, അധികാര കേന്ദ്രങ്ങളിൽ നിന്ന് കൃത്യമായ അനുമതി നേടിയോ ആയിരിക്കയില്ല ഇത്തരം സ്വകാര്യ സെമിത്തേരികൾ രൂപം കൊള്ളുന്നത്. സെമിത്തേരികൾക്കായുള്ള ഭൂമി കണ്ടെത്തുന്നതിന് നേരിടുന്ന പ്രതിസന്ധി തന്നെയാണ് ലാഭം മാത്രം ലക്ഷ്യമിടുന്ന സ്വകാര്യ വ്യക്തികൾക്ക് തുണയാകുന്നത്.

**6. നിയമപരമായ കാരണങ്ങൾ**

ആർക്കും പൊതുജനത്തിന് ശല്യമാകുന്നു എന്ന് കാണിച്ച് ഏത് സെമിത്തേരികൾക്കെതിരെയും സ്റ്റേ വാങ്ങുന്ന സ്ഥിതിയാണിന്നുള്ളത്. ആരാധനാലയങ്ങളോട് ചേർന്നല്ല സെമിത്തേരികളെന്നുള്ളതു കൊണ്ട് തന്നെ നിയമാനുസൃതം ലൈസൻസെടുത്ത് തുടങ്ങിയവയായിരിക്കയില്ല മിക്കവയും. പരമ്പരാഗതമായി ഉപയോഗിച്ചു വരുന്നവയായിരിക്കുമെന്നു മാത്രം. ലൈസൻസില്ലായ്മയും മതസ്പർദ്ദയുമൊക്കെ ചൂണ്ടിക്കാട്ടി ഏത് സമയത്തും സ്റ്റേ ചെയ്യപ്പെടാവുന്നവയാണ് ഇവയെല്ലാം. കോടതി വ്യവഹാരങ്ങളിൽപ്പെട്ടവയാകട്ടെ യഥാസമയം സ്റ്റേ ഒഴിപ്പിച്ചെടുക്കുന്നതിനും പലപ്പോഴും സഭകൾക്കു കഴിയാതെ പോകുന്നു. പത്തനംതിട്ട അന്തിച്ചിറയിൽ ഇത്തരമൊരു സെമിത്തേരി ഇന്നെവിടെയാണ് എന്നന്വേഷിച്ച് കണ്ടെത്താൻ കഴിയാത്ത നിലയിലായി.

7. പെന്തെക്കോസ്തർ സംഘടിതരല്ലാത്ത അവസ്ഥ

ഒരു പ്രതിസന്ധി നേരിട്ടാൽ അതിൽ ഒന്നിച്ചു നേരിടാൻ നാം കാണിക്കുന്ന വിമുഖത തന്നെയാണ് ഏറ്റവും വലിയ പ്രശ്നം. ഒരു പെന്തെക്കോസ്ത് സെമിത്തേരിക്കെതിരെ ഏത് വ്യാജ

05

ലേഖനം

# മറ്റൊരു യേശു വേറൊരു ആത്മാവ്



സ്കറിയ സി. വർഗ്ഗീസ്,
വാഴൂർ

തിരുവചന ഉപദേശം സത്യങ്ങൾക്ക് നല്ല വേരോട്ടം ലഭിച്ച കേരള മണ്ണിൽ ഇന്ന് ക്രിസ്തുവോ അപ്പോസ്തലന്മാരോ പരിചയപ്പെടുത്താത്ത വേറൊരു സുവിശേഷം. മറ്റൊരു ആത്മാവിന്റെ പിന്തുണയോടെ ഭയാനകമായ വേഗത്തിൽ പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സഭായുഗത്തിന്റെ തുടക്കത്തിൽ തന്നെ സാത്താൻ ഈ വ്യാജ സുവിശേഷത്തിന്റെ വിത്തും വിതച്ചു തുടങ്ങിയിരിക്കുന്നു.

പൗലോസ് ശ്ലീഹ എഴുതി "ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം"(2കൊരി:11:4,5). പൗലോസിന്റെ വാക്കുകളുടെ കൂർമ്മത ശ്രദ്ധിക്കുക 'പൊറുക്കുന്നത് ആശ്ചര്യം'. "ഭൗതീക കാര്യങ്ങളിൽ നാം അങ്ങേയറ്റം ക്ഷമിക്കുവാനും പൊറുക്കുവാനും തയ്യാറാകണം. എന്നാൽ ജീവിത വിശുദ്ധിയുടെയും ഉപദേശ വിശുദ്ധിയുടെയും കാര്യത്തിൽ അല്പം പോലും സഹിക്കുവാനോ പൊറുക്കുവാനോ കണ്ടില്ലെന്നു നടിക്കുവാനോ നമുക്ക് പ്രമാണം ഇല്ല". ജ്ഞാനിയായ സോളമൻ ഇപ്രകാരം എഴുതി "ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു"(സഭാപ്രസംഗി.10:1). നമ്മുടെ നാട്ടിൽ ഒരു മാരകമായ പകർച്ചവ്യാധി പടർന്നാൽ സംവിധാനങ്ങൾ വേഗത്തിൽ ഉണർന്ന് രോഗികളെ പൊതു സമൂഹത്തിൽ നിന്നും മാറ്റി പാർപ്പിച്ച് രോഗം പടരുന്ന സാഹചര്യവും ഒഴിവാക്കുകയും രോഗിക്ക് ആന്റിബയോട്ടിക്ക് നൽകി രക്ഷിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതുപോലെ, വ്യാജ സുവിശേഷം പ്രചരിപ്പിക്കുന്നവരെ ദൈവസഭയുടെ ചട്ടവട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾക്ക് വിധേയരാക്കി മടങ്ങി വരവിനുള്ള അവസരം നൽകുകയും അതിനു വഴങ്ങാൻ തയ്യാറല്ലാത്തവരെ ദൈവസഭയിൽ നിന്നും പുറത്താക്കുകയും ചെയ്യണം എന്ന് തിരുവചനം പഠിപ്പിക്കുന്നു. "കെട്ടുവാനും അഴിക്കുവാനും"(മത്താ:18:18) കർത്താവു നൽകിയ അധികാരത്തിന്റെ അന്തസത്തയും അതുതന്നെ. ദൈവസഭയുടെ ഭൂമിയിലെ ഭരണചക്രം വിശുദ്ധിക്കായി എടുക്കുന്ന തീരുമാനങ്ങൾക്ക് സ്വർഗ്ഗത്തിലും നിയമസാധുത ഉണ്ട്.

വ്യാജന്മാർ എപ്പോഴും ഒറിജിനലിനെ പരമാവധി അനുകരിക്കുവാൻ ശ്രമിക്കും (നല്ല നാണയം ഉള്ളതു കൊണ്ടാണല്ലോ കള്ളനാണയം ഇറക്കുന്നത്) എന്നതിനാൽ നാം അതീവ ജാഗ്രത പുലർത്തണം. "സത്യ സുവിശേഷം പാപത്തെക്കുറിച്ചും നീതിയെ കുറിച്ചും ന്യായവിധിയെ പറ്റിയും ജനത്തെ ബോധ്യം വരുത്തുമ്പോൾ, വ്യാജ ആത്മാവിന്റെ അഭിഷക്തർ പാപത്തെ നിസാരവൽക്കരിച്ച് 'ബലഹീനത' എന്ന ഓമന പേരിട്ടു വിളിക്കുകയും ഒടുവിൽ ജനത്തെ തികഞ്ഞ അത്യാഗ്രഹികളും എത്ര വലിയ പാപവും ചെയ്യുവാൻ അറപ്പില്ലാത്തവരുമാക്കി മാറ്റുകയും ചെയ്യുന്നു".

തിരുവചനം പഠിപ്പിക്കുന്ന മാനസാന്തരം പാപവഴികളെ എന്നേക്കുമായി ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് മാത്രം ഉള്ള തിരിയലാണ് (പ്രവ:20:21, 17:30, മർക്കോ:1:15). എന്നാൽ വ്യാജ സുവിശേഷകർ പറയുന്നത് മനുഷ്യൻ ബലഹീനനാണ്. അതുകൊണ്ട് "അല്പം കുടിച്ചാലും വലിച്ചാലും ഒന്നും കുഴപ്പമില്ല ഒന്നും ഓവറാക്കരുത് എന്നു മാത്രം. പിന്നെ ഇടയ്ക്ക് യേശുവേ എന്നു കൂടി ഒന്നു വിളിച്ചേക്കണം". ദൈവസഭയിലെ എക്കാലത്തെയും മുഖ്യശത്രു സഭയ്ക്കുള്ളിൽ തന്നെ ഇരിക്കുന്ന കപടവേലക്കാർ(ചോറ് ഇവിടെയും കൂറ് ഇരുട്ടിന്റെ ശക്തികളോടും) ആണ് എന്നതിനാൽ നമുക്കിടയിൽ പോലും ആരെങ്കിലും ഇത്തരം ഉപദേശം പറഞ്ഞാൽ അറിവില്ലായ്മ എന്നോ, ബലഹീനത എന്നോ പറഞ്ഞ് നാം അവഗണിക്കരുത്. ആ വിത്ത് മുളയിലെ നുള്ളികളഞ്ഞിരിക്കണം.

പൗലോസ് ശ്ലീഹ ഇപ്രകാരം മുന്നറിയിപ്പു നൽകുന്നു "നായ്ക്കളെ സൂക്ഷിപ്പീൻ, ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ വിച്ഛേദനക്കാരെ സൂക്ഷിപ്പീൻ..."(ഫിലി:3:1-3). ഇന്നത്തെ തട്ടിപ്പുക്കാരായ വള്ളിനിക്കറിട്ട ഉപദേശിമാർ പറയുന്നതു പോലെ തിരുവചനം പഠിപ്പിക്കുന്ന വിശ്വാസം ആഗ്രഹിക്കുന്നതെന്തു നേടി ദൈവതുല്ല്യരാകാനുള്ള കുറുക്കുവഴി ഒന്നും അല്ല. ഈ തരികിട മിനിസ്ട്രിക്കാർ പറയുന്നതു ശരിയായിരുന്നെങ്കിൽ എപ്പിസോസിന്റെ അവസാനം അകൗണ്ടിലേക്ക് പണമയക്കുവാൻ പറയുന്ന 'ന്യൂജനറേഷൻ തെണ്ടൽ' നടത്തേണ്ട ഗതി അവർക്കു വരികയില്ലായിരുന്നു. ബൈബിൾ പഠിപ്പിക്കുന്ന വിശ്വാസം കേവലം വസ്തുവിൽ (കാറ്, വീട്, പണം) അടിസ്ഥാനപ്പെടുത്തിയല്ല നമുക്ക് എല്ലാം ആത്യന്തികമായി നന്മ(റോമ:8:28)യ്ക്കായി മാത്രം ചെയ്യുന്ന വിശ്വസിക്കുന്ന വ്യക്തിയുടെ(മഹാദൈവത്തിന്റെ) ആധികാരികതയിൽ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. മർക്കോസ് 10:52-ഭാഗത്ത് ബർത്തിമായി എന്ന കുരുടന് തന്റെ മുൻപിലൂടെ പോകുന്നത് തങ്ങൾ തലമുറകളായി കാത്തുകാത്തിരുന്ന ദാവീദു പുത്രനാണ് എന്ന ബോധ്യം ഉണ്ടായിരുന്നു. ബർത്തിമായിയും സൗഖ്യത്തിലല്ല, സൗഖ്യദായകനിലാണ് വിശ്വസിച്ചത് എന്നു നാം മനസിലാക്കണം. ക്രിസ്തു ഇന്നും രോഗികളെ സൗഖ്യമാക്കും, സാമ്പത്തിക പ്രശ്നപരിഹാരവും നൽകുകയും ചെയ്യും. അത് അത്യന്തികമായിട്ട് ദൈവഹിതാനുസൃതം മാത്രമായിരിക്കും. ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ ഉളവാകുന്ന വേദനകൾക്കു പോലും അത്യന്തികമായി ഒരു നന്മ ദൈവം കരുതി വെച്ചിരിക്കും. പൗലോസ് എഴുതുന്നു "കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാകുന്നു എന്നറിഞ്ഞു ഞാൻ കഷ്ടങ്ങളിലും പ്രശംസിക്കുന്നു"(റോമ:5:3-5).

ഇന്ന് പെന്തെക്കോസ്തിന്റെ പുറംതൊലിയുള്ള (ആട്ടിൻ തോലിട്ട ചെന്നായെപോലെ) ആകാത്ത വേലക്കാർ ടെലിവിഷൻ വേലക്കാർ ടെലിവിഷൻ (ഫലത്തിൽ ടെലിവിഷം) ചാനലുകളിൽ കയറി വിഷം ചീറ്റുമ്പോൾ നാം ഏറെ ദുഃഖിക്കുകയും ജനത്തെ ബോധം വരുത്തുകയും ചെയ്യണം. എങ്കിലും നമുക്ക് ആശ്വസിക്കാൻ വകയുണ്ട്. ഏറിവരുന്ന വിശ്വാസത്യാഗം നമ്മുടെ കാന്തന്റെ വരവിനു തൊട്ടുമുൻപു നടക്കുന്ന പ്രവചന സംഭവം കൂടിയാണ്. പൗലോസ് എഴുതുന്നു "ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത്. ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാസയോഗ്യനും അധർമ്മ മൂർത്തിയുമായവൻ വെളിപ്പെടുകയും വേണം" (2തെസ്സ: 2:3,4). നമ്മുടെ നാട്ടിലെ സ്വർഗ്ഗത്തിൽ വിരുന്നുകാരനും, ജീസസ് വോയിസുകാരനും പിന്നെ കൃപയിൽ നിന്നും എന്നോ വീണുപോയ സകല ദുരുപദേശകരും ലോകത്തിനു പരിചയപ്പെടുത്തുന്നത് ബൈബിൾ വെളിപ്പെടുത്തുന്ന നസ്രായനായ യേശുവിനെയല്ല എന്നും, അവരിൽ പ്രവർത്തിക്കുന്നത് മനുഷ്യനെ ഒടുവിൽ നിത്യനാശത്തിലേക്കാനയിക്കുന്ന (രോഗ സൗഖ്യമായില്ലെങ്കിലും സ്വർഗ്ഗത്തിൽ എത്തുന്നതല്ലേ നല്ലത്) ദുരാത്മാവാണ് എന്നും നമ്മുടെ സഹജീവികളെ ബോധ്യപ്പെടുത്താൻ ദൈവസ്നേഹം ഉള്ളിൽ നിറയുന്ന ദൈവപൈതലിന് കടപ്പാടുണ്ട് എന്ന വസ്തുത നാം മറക്കരുത്.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ
9567759748



MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 09

BELIEVERS JOURNAL

PUBLISHED ON 10/05/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ലേഖനം

# ജനസംഖ്യ ഇങ്ങനെ വർദ്ധിച്ചാൽ






ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

*യെശയ്യാവ് 9: 20 ഒരുത്തൻ വലത്തുഭാഗം കടിച്ചുപറിച്ചിട്ടും വിശന്നിരിക്കും; ഇടത്തുഭാഗവും തിന്നും; തൃപ്തിവരികയുമില്ല; ഓരോരുത്തൻ താന്താന്റെ ഭുജത്തിന്റെ മാംസം തിന്നുകളയുന്നു.*

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് ലോകജനസംഖ്യ വർദ്ധിക്കുന്നത്. ഒരോ വർഷവും കുതിച്ചുയരുന്ന ജനസംഖ്യ വർദ്ധനവ് അമ്പരപ്പോടെയാണ് ഭരണാധിപന്മാർ വീക്ഷിക്കുന്നത്. മനുഷ്യന്റെ സൃഷ്ടി മുതൽ ക്രിസ്തുവിനെ ശേഷം 1800 വർഷങ്ങൾ കഴിഞ്ഞാണ് ലോകജനസംഖ്യ നൂറ് കോടിയിലെത്തിയത്. അതായത് വേദപുസ്തക കണക്കുപ്രകാരം 5800 വർഷങ്ങൾ വേണ്ടിവന്നു ജനസംഖ്യ നൂറു കോടിയിലെത്താൻ. എന്നാൽ പിന്നീട് ജനസംഖ്യാ വിസ്ഫോടനമാണ് ലോകത്തിൽ നടന്നത്. 1930-ൽ കേവലം 130 വർഷത്തിനുള്ളിൽ ലോകജനസംഖ്യ 200 കോടിയിലെത്തി. 1960-ൽ വെറും 30 വർഷം കൊണ്ട് ജനസംഖ്യ 300 കോടിയിലെത്തി. അത് 1975-ൽ 15 വർഷം കൊണ്ട് 400 കോടിയിലെത്തി. എന്നാൽ 1988-ൽ 13 വർഷം കൊണ്ട് 500 കോടിയും, പിന്നെ 12 വർഷം കൊണ്ട് 2000-ത്തിൽ 600 കോടിയും, കേവലം 10 വർഷം കൊണ്ട് 700 കോടിയുമായി. നിലവിലുത്തെ ലോക ജനസംഖ്യജനസംഖ്യ വർദ്ധനവ് വളർച്ചാ നിരക്കനുസരിച്ച് 7,419,950, 873 (എഴുന്നൂറ്റി നാല്പത്തിയൊന്ന് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റിഎഴുപത്തി മൂന്ന്) പേരാണ് ലോകത്ത് ജീവിക്കുന്നത്. ലോകജനസംഖ്യ വർദ്ധിക്കുന്നതിന് കാരണമായത് യൂറോപ്പിനെ 1348-നും 1350-നും ഇടയിൽ പടർന്നു പിടിച്ച് ബാധിച്ച ഒന്നായിരുന്നു ബ്ലാക്ക് ഡെത്ത് എന്ന പേരിൽ അറിയപ്പെട്ട പ്ലേഗ്. ഏഴരക്കോടിക്കും 20 കോടിക്കും ഇടയിൽ മരണങ്ങൾ ഇതുമൂലമുണ്ടായിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഇങ്ങനെയുള്ള സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധ മരുന്നുകൾ കണ്ടു പിടിച്ചതാണ്.

ഒരോ വർഷം കുടുംബാസൂത്രണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സർക്കാർ മുടക്കുന്നത് കോടിക്കണക്കിന് പണമാണ്. ഇത്രയധികം പണം മുടക്കി ബോധവത്ക്കരിച്ചിട്ടുംലോകത്തിലെ ജനസംഖ്യ കുറയുന്നില്ല. ഓരോ സെൻസസിലും വൻ വർദ്ധനവാണ് കാണിക്കുന്നത്. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് മനുഷ്യന്റെ ആവശ്യങ്ങൾ വർദ്ധിക്കുന്നു. എന്നാൽ ഭൂമിയുടെ അളവ് വർദ്ധിക്കുന്നില്ല. കൃഷിസ്ഥലങ്ങൾ വർദ്ധിക്കാതെ ചുരുങ്ങുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് വിലക്കയറ്റം വർദ്ധിക്കും, പ്രകൃതിയെ കൂടുതൽ കൂടുതൽ ചൂഷണം ചെയ്യേണ്ടിവരും. പരിസര മലിനീകരണം, വായു മലിനീകരണം തുടങ്ങിയ മലിനീകരണ പ്രശ്നങ്ങൾ ഒരു കാലത്തും പരിഹരിക്കാൻ പറ്റില്ല. തൊഴിലില്ലായ്മ വർദ്ധിക്കും. അക്രമവും കൊള്ളയും വർദ്ധിക്കും, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ പ്രത്യേകിച്ചും, പ്രകൃതിയെ കൂടുതൽ ചൂഷണം ചെയ്യേണ്ടതിനാൽ കാലാവസ്ഥയിൽ വൻ മാറ്റമുണ്ടാകും. ഇപ്പോൾത്തന്നെ ഇത് പ്രകടമാണ്. ഭക്ഷോത്പാദനം കുറയുന്നതിനാൽ ഭക്ഷ്യവസ്തുക്കൾ മറ്റു രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ പറ്റാതെ വരും. പെട്രോളിയം ഉൽപ്പന്നങ്ങൾ വൻ വിലകൊടുത്ത് വാങ്ങേണ്ടി വരും. ലോകത്ത് ഭക്ഷണത്തിന് ദൗർലഭ്യം അനുഭവപ്പെടുന്ന സമയത്ത് ഇത് കയറ്റുമതി ചെയ്യാൻ ജനങ്ങൾ സമ്മതിക്കുകയില്ല. അതു നിമിത്തം ഒരോ രാജ്യവും അവരുല്പാദിപ്പിക്കുന്ന ഭക്ഷണ സാധനങ്ങൾ കൊണ്ട് ജീവിക്കേണ്ടി വരും. അതു വളരെ വലിയ പ്രത്യാഘാതങ്ങൾ ലോകത്ത് സൃഷ്ടിക്കും. പല രാജ്യങ്ങളും ഭക്ഷമ സാധനങ്ങൾ അവിടുത്തെ ജനങ്ങളുടെ ആവശ്യത്തിന് ഉത്പാദിപ്പിക്കുന്നില്ല ആവശ്യമുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്. അവർക്ക് മിച്ചം വരുന്നത് കയറ്റുമതി ചെയ്യുക

08

അമേരിക്കൻ വീക്ഷണം

# ഇനി കോൺഫറൻസുകളുടെ കാലം; സന്ദർശകരുടെയും!



ജോൺസ് പി. മാത്യൂസ്
ടെന്നസ്സി

**കേ**രളക്കരയിൽ നിന്നും അമേരിക്കയിൽ കുടിയേറിയ പെന്തെക്കോസ്തു വിശ്വാസികൾക്ക് പരസ്പരം കാണാനും ക്ഷേമങ്ങൾ പങ്കുവെയ്ക്കാനുമുള്ള സുവർണ്ണ വേദികളാണ് എല്ലാവർഷവും നടത്തപ്പെടുന്ന കോൺഫറൻസുകൾ. അതിൽ പ്രധാനപ്പെട്ടതാണ് പിസിനാക്ക് എന്ന ലോക പ്രസിദ്ധിയാർജ്ജിച്ച കോൺഫറൻസ്. ഇത് വിശ്വാസികളുടെ ഐക്യ സമ്മേളനം ആണ്. എല്ലാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളും ഒന്നിച്ച് അണിചേരുന്ന ഐക്യസംഗമം. എന്നാൽ മുഖ്യധാരാ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളായ ഐ. പി. സി, ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ്, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് എന്നിവയുടെ നേതൃത്വത്തിൽ ഫാമിലി കോൺഫറൻസുകളും നടത്തപ്പെടുന്നു. അപ്പോൾ സ്വതന്ത്ര സഭകൾക്ക് എന്തു ചെയ്യും? ന്യായമായ ഈ ചോദ്യത്തിന് പരിഹാരമായി ഇൻഡിപെൻഡൻസ് ചർച്ചുകൾക്ക് മാത്രമായി കോൺഫറൻസുകളും തുടങ്ങിയിട്ടുണ്ട്. കോൺഫറൻസ് എന്ന് കേൾക്കുമ്പോൾ പിസിനാക്ക് ആണ് ആദ്യം മനസ്സിൽ എത്തുക.

എഴുതപ്പെട്ട നിയമാവലിയോ മറ്റ് ഗൈഡ്ലൈനുകളോ ഇല്ലാതെ 1983-ൽ ഒക്കലഹോമയിൽ തുടക്കം കുറിച്ച ഈ മഹാ കൂടിവരവ് കഴിഞ്ഞ വർഷത്തെ തളർച്ച ഒഴിച്ചാൽ ഇന്നും മുടക്കം തട്ടാതെ നടന്നു വരുന്നത് അത്ഭുതം തന്നെയാണ്. എന്നാൽ ഈ വർഷം ഡാളസിൽ നടക്കുന്ന പിസിനാക്കിനെ ഒരു മെഗാ സമ്മേളനം എന്ന് വിശേഷിപ്പിക്കുന്നതാവും ഉചിതം. ഹിൽസോഗ് ഗ്രൂപ്പും റവ. റെയ്നാർഡ് ബോങ്കെയും ഡാനിയേൽ കൊളേണ്ട, ഫ്രാൻസിസ് ചാൻ എന്നിവർ പ്രസംഗിക്കുന്ന ഈ സമ്മേളനത്തിൽ ഏകദേശം 8000ത്തിൽ അധികം വിശ്വാസികളെയാണ് പ്രതീക്ഷിക്കുന്നത്. അനുഗ്രഹീതരായ നേതൃത്വവും നാഷണൽ - ലോക്കൽ കമ്മിറ്റികളുടെ ഐക്യതയാർന്ന പ്രവർത്തനവും ഈ സമ്മേളനത്തിനെ വിജയത്തിലെത്തിക്കുമെന്നതിൽ സംശയമില്ല.

സന്ദർശകർ ഈ വർഷം ക്രമാതീതമായി വർദ്ധിക്കുമെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സന്ദർശന വിസ ലഭ്യമാക്കാനുള്ള തത്രപ്പാടിലാണ്. കഴിഞ്ഞ കാലങ്ങളിൽ ആയിരകണക്കിന് സന്ദർശകരെ ഉൾക്കൊണ്ട വിശ്വാസികൾക്ക് ക്രമാതീതമായി വരുന്ന ഈ വർഷത്തെ സന്ദർശകരെ കൂടി ഉൾക്കൊള്ളാനാവുമോ? ജൂൺ മാസം മുതൽ ഓഗസ്റ്റ് വരെ വീടുകളിലും സഭകളിലുമായി സന്ദർശകരുടെ തിരക്കായിരിക്കും.

ശുശ്രൂഷാ മികവുള്ളവർ, പ്രസംഗകലയിൽ പ്രാവണ്യം നേടിയവർ, പ്രവാചകന്മാർ, ദൂത് വാഹകർ, മാധ്യമപ്രവർത്തകർ, ഗായകർ എന്നിങ്ങനെ ഉള്ളവരുടെ ഒരു വൻനിരയാണ് ഈ കാലയളവിൽ കടന്നു വരുന്നത്. ഏതാണ്ട് അടുത്തകാലം വരെ ഒരു മടിയും കൂടാതെ അത്യുത്സാഹത്തോടെ എല്ലാവരെയും ഉൾക്കൊള്ളാൻ ഉള്ള മനസ് ഇവിടെയുള്ള വിശ്വാസികൾക്കുണ്ടായിരുന്നു. എന്നാൽ ക്രമേണ കുറഞ്ഞുവരുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. പണ്ട് പ്രവാചകന്മാർക്ക് വലിയ ഡിമാന്റായിരുന്നു. ഇപ്പോൾ പ്രവചനകലയെ നിശേഷം അകറ്റി നിർത്തിയിരിക്കുകയാണ്. പ്രവചന ചുഴിയിൽ വീണു പോയി ബിസിനസും കിടപ്പാടവും നഷ്ടപ്പെട്ടവർ ഇവിടെയുണ്ട്. കേരളത്തിൽ ദൈവദാസന്മാരുടെ ഇടയിൽ നടക്കുന്ന ക്രിമിനൽ - സിവിൽ കേസുകൾ, രാഷ്ട്രീയ നേതാക്കളുമായി ആത്മീയം പങ്കുവെയ്ക്കൽ തുടങ്ങിയവയെല്ലാം ഇവിടെയുള്ള വിശ്വാസികൾ കൃത്യമായി അറിയുന്നതിനാൽ വരുന്ന സന്ദർശകരെ അവരുടെ പശ്ചാത്തലം ശരിക്കും മനസ്സിലാക്കിയതിന് ശേഷം മാത്രമേ ഉൾക്കൊള്ളാൻ വിശ്വാസികൾ തയ്യാറാവുകയുള്ളൂ. 5 ലക്ഷം ഗ്രാമങ്ങളുടെ കഥയും പറഞ്ഞ് നോർത്ത് ഇൻഡ്യയിൽ നിന്നും വരുന്ന ചിലർ ഉണ്ട്. “ഇനി ഇൻഡ്യയിൽ അഞ്ചു ലക്ഷം ഗ്രാമങ്ങളിൽ കൂടി സുവിശേഷീകരിക്കാനുണ്ട്” ഈ വാചകം ഉൾക്കൊണ്ട ബ്രോഷറുമായി എല്ലാ വർഷവും കടന്നു വരുന്ന ഒരു പാസ്റ്ററെ എനിക്കറിയാം. ഒരു പക്ഷെ ഇന്ത്യയുടെ വിസ്തൃതി വളരുന്നത് കൊണ്ടാവുമോ ഗ്രാമങ്ങൾ കുറയാത്തത്? എന്റെ ചോദ്യത്തിന് മുൻപിൽ പകച്ചു പോയ അദ്ദേഹം ടെന്നസ്സി സ്റ്റേറ്റിലേക്ക് പിന്നീട് വന്നിട്ടില്ല. സന്ദർശന വിസയിൽ വന്നിട്ട് സഭ രണ്ടാക്കിയവർ നിരവധിയുണ്ട്. അപവാദ വിഷയത്തിൽ അകപ്പെട്ട് പെട്ടെന്നുതന്നെ തിരിച്ച് പോയവരെ കൂടാതെ വിസാ നിയമങ്ങൾ ലംഘിച്ചതിനാൽ ആജീവനാന്ത വിലക്ക് കിട്ടിയവരും ഉണ്ട്. അതുകൊണ്ട് തന്നെ പല ശുശ്രൂഷകരെയും ഉൾക്കൊള്ളാൻ വിശ്വാസികൾക്കുള്ള വിമുഖതയെ ചോദ്യം ചെയ്യാനാവില്ല. എന്നാൽ കൃപയും വിശുദ്ധിയും ഉള്ളവർക്ക് ഇവിടെ വന്ന് ലജ്ജിച്ചു പോകേണ്ടതായി വന്നിട്ടില്ല.

സന്ദർശകർ സഭയിൽ വരുമ്പോൾ അവർ പാലിക്കേണ്ട ചില മര്യാദകൾ ലംഘിക്കുകയോ അതിർകടക്കുകയോ ചെയ്യാറുണ്ട്. സഭയിൽ പിടിപാടുള്ള പ്രമാണിയുടെയോ അല്ലെങ്കിൽ ഗ്രൂപ്പിസത്തിൽ ആടിയുലഞ്ഞു നില്ക്കുന്ന ഏതെങ്കിലും പാസ്റ്ററുടെയോ പരിചയക്കാരനാകാം അതിഥിയായി കടന്ന് വന്ന പാസ്റ്റർ. അതുകൊണ്ട് തന്നെ എതിർകക്ഷികളെ ഒന്ന് കുത്തിനോവിക്കുക എന്നുള്ളത് അവരുടെ കടമയായി കാണുന്നു. വിശ്വാസികളെ പ്രസംഗത്തിൽ കൂടി പരിഹസിച്ച് വന്ന ഒരു അതിഥി പാസ്റ്റർക്ക് കിട്ടിയ അനുഭവം മറക്കാനാവുന്നില്ല....

(തുടരും)

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.